# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

ആഗസ്റ്റ് 2025 | വാല്യം 52 ലക്കം 4 — പേജ് 12 | വില ₹10.00

**UNITY** Monthly | August 2025 | Volume 52 Issue 4 | Chief Editor: JAISON JOSEPH | Page 12 | Price ₹10.00


## ബീഹാർ വോട്ടർപട്ടിക പുതുക്കൽ

# ബിജെപി വിരുദ്ധ വോട്ടർമാരെ പുറത്താക്കാനുള്ള ഗൂഢതന്ത്രം

**നവംബറിൽ നടക്കാനിരിക്കുന്ന ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിനു മുന്നോടിയായി വോട്ടർ പട്ടിക പുതുക്കുന്നതുമായിബന്ധപ്പെട്ട് ദേശീയ തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തിയ പ്രഖ്യാപനം വലിയ വിവാദങ്ങൾക്ക് തിരികൊളുത്തിയിരിക്കുകയാണ്. ജൂൺ 24ന് ബിഹാറിലെ എട്ടുകോടിയോളം വോട്ടർമാരുൾപ്പെടുന്ന വോട്ടർ പട്ടിക തിരഞ്ഞെടുപ്പ് കമ്മീഷൻ റദ്ദാക്കുകയും അതേദിവസം തന്നെ പ്രത്യേക തീവ്ര പുനരവലോകനത്തിന് (എസ്ഐആർ) നോട്ടീസ് നൽകുകയും ചെയ്തു. ഇതിനായി അനുവദിച്ചിട്ടുള്ള സമയം ജൂൺ 25 മുതൽ ജൂലൈ 25 വരെയായിരുന്നു. 30 ദിവസത്തിനുള്ളിൽ പഴുതില്ലാതെ പൂർത്തീകരിക്കാനാവുന്ന ഒരു പ്രക്രിയയാണോ ഇത്?**

ഇപ്രകാരമൊരു പ്രക്രിയ പൂർത്തിയാക്കാൻ 2003ൽ രണ്ട് വർഷമെടുത്തു. സമയക്കുറവുകാരണം അപൂർണ്ണമാകാൻ സാധ്യതയുള്ള ഈ അവസാനനിമിഷ നീക്കത്തിന് കാരണമായി ഇലക്ഷൻ കമ്മീഷൻ ചൂണ്ടിക്കാണിക്കുന്നത് അതിവേഗ നഗരവൽക്കരണം, തുടർച്ചയായ കുടിയേറ്റം, പുതുതായി വോട്ടവകാശം നേടിയ യുവാക്കൾ, മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാത്തത്, വിദേശ അനധികൃത കുടിയേറ്റക്കാരുടെ പേരുകൾ ഉൾപ്പെട്ടത് എന്നിവയാണ്. ഈ പ്രശ്നങ്ങൾ പരിഹരിച്ച് കൃത്യതയുള്ള വോട്ടർ പട്ടിക ഉറപ്പാക്കാനാണ് തീവ്രമായ പുനരവലോകനം നടത്തുന്നതെന്നാണ് ഇലക്ഷൻ കമ്മീഷന്റെ വാദം.

ഈ തീവ്രമായ പുനരവലോകന പ്രക്രിയയിൽ ബൂത്ത് ലെവൽ ഓഫീസർമാർ വീട്ടുതോറും സർവേ നടത്തും. 2003ലെ വോട്ടർ പട്ടിക ശരിയാണെന്നാണ് ഇലക്ഷൻ കമ്മീഷൻ പറയുന്നത്. എന്നാൽ 2003നു ശേഷം വോട്ടർ പട്ടികയിൽ ഉൾപ്പെട്ടവർ തങ്ങളുടെ ജനന തീയതിയും/സ്ഥലവും സ്ഥാപിക്കുന്നതിന് രേഖാപരമായ തെളിവ് ഹാജരാക്കണം, ഇത് പൗരത്വം നിർണ്ണയിക്കാൻ ഉപയോഗിക്കും. എല്ലാവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട്, ആധാർ കാർഡ് (യഥാർത്ഥ താമസക്കാരന്റെ ബയോമെട്രിക് തെളിവ്), പാൻ കാർഡ്, റേഷൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് അഥവാ കമ്മീഷൻ തന്നെ നൽകിയ വോട്ടർ കാർഡ് എന്നിവ രേഖകളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. 1987 ജൂലൈ 1ന് മുമ്പ് ജനിച്ചവരുടെ ജനന തീയതിയുടെയും സ്ഥലത്തിന്റെയും തെളിവുകളും കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. 1987 ജൂലൈ 1നും 2004 ഡിസംബർ 2നും ഇടയിൽ ജനിച്ചവർക്ക് തങ്ങളുടെയും മാതാപിതാക്കളിൽ ഒരാളുടെയും ജനന സർട്ടിഫിക്കറ്റുകൾ കൂടാതെ പതിനൊന്ന് രേഖകളിൽ ഒന്നുകൂടി നൽകണം. 2004 ഡിസംബർ 2നുശേഷം ജനിച്ചവർ തങ്ങളുടെയും മാതാപിതാക്കളുടെയും ജനന സർട്ടിഫിക്കറ്റ് നൽകണം. ആശയക്കുഴപ്പം നിറഞ്ഞ ഈ ഉത്തരവ് ദശലക്ഷക്കണക്കിന് വോട്ടർമാരെ ആശങ്കയിലാഴ്ത്തിയിരിക്കുകയാണ്.

ലക്ഷക്കണക്കിനു വരുന്ന കുടിയേറ്റ തൊഴിലാളികൾ ഉൾപ്പെടെയുള്ള സാധാരണക്കാർക്ക് ഇത് ഏതാണ്ട് അസാധ്യമായ കാര്യ

(ശേഷം 4–ാം പേജിൽ)

# സഖാവ് വി.എസ്.അച്യുതാനന്ദന് ലാൽസലാം



അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും സിപിഐ(എം)ന്റെയും സമുന്നത നേതാവും കേരളത്തിലെ കർഷക, തൊഴിലാളി പ്രക്ഷോഭങ്ങളുടെ പ്രാരംഭകാലം മുതൽ മുൻനിരയിലുണ്ടായിരുന്നവരിൽ പ്രമുഖനുമായിരുന്ന സഖാവ് വി. എസ്. അച്യുതാനന്ദന്റെ നിര്യാണത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാനക്കമ്മിറ്റി ആദരവാർന്ന അനുശോചനം രേഖപ്പെടുത്തി. സംസ്ഥാനത്ത് ഇടതുപക്ഷപ്രസ്ഥാനം വളർത്തിയെടുക്കുന്നതിനായി പോലീസ് മർദ്ദനവും ജയിൽവാസവും യാതനകളും അനുഭവിച്ച സമുന്നതനേതാക്കളിൽ ഒരാളാണ് വിഎസ്. സിപിഐ(എം) പൊളിറ്റ്ബ്യൂറോ മെമ്പർ, സംസ്ഥാനസെക്രട്ടറി, ദേശാഭിമാനി ചീഫ് എഡിറ്റർ, മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ് എന്നീ നിലകളിലെല്ലാം സവിശേഷമായ വ്യക്തിമുദ്ര പതിപ്പിച്ച സഖാവ് അച്യുതാനന്ദൻ അരനൂറ്റാണ്ടിലേറെ കാലം കേരള രാഷ്ട്രീയമ

(ശേഷം 2–ാം പേജിൽ)



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് ആലപ്പുഴയിൽ വി.എസ്.അച്യുതാനന്ദന് അന്തിമോപചാരമർപ്പിക്കുന്നു.

## ഛത്തീസ്ഗഢിൽ അറസ്റ്റിലായ കന്യാസ്ത്രീകളെ ഉടൻ വിട്ടയയ്ക്കുക

മതപരിവർത്തനം, മനുഷ്യക്കടത്ത് എന്നീ ഗുരുതര വകുപ്പുകൾ ചുമത്തി മലയാളികളായ രണ്ടു കന്യാസ്ത്രീകളെ അറസ്റ്റുചെയ്ത് റിമാന്റിൽ വച്ച ഛത്തീസ്ഗഡിലെ ബിജെപി സർക്കാരിന്റെ അത്യന്തം ജനാധിപത്യവിരുദ്ധമായ നടപടിയെ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ശക്തമായി അപലപിക്കുന്നു. അവരെ നിരുപാധികം ഉടനടി വിട്ടയക്കണമെന്ന് പാർട്ടി ആവശ്യപ്പെടുന്നു.

ഏതൊരു വിശ്വാസപ്രമാണത്തിലും മതസംഹിതയിലും വിശ്വസിക്കാനും പ്രവർത്തിക്കാനുമുള്ള അവകാശം ഭരണഘടനാദത്തമാണെന്നിരിക്കെ ഏതാനും ബജ്രംഗ്ദൾ പ്രവർത്തകരുടെ സമ്മർദ്ദത്തെത്തുടർന്ന് പോലീസ് കന്യാസ്ത്രീകളെ അറസ്റ്റ് ചെയ്തത് ന്യൂനപക്ഷങ്ങളുടെ നില ബിജെപി ഭരിക്കുന്ന ഇന്ത്യയിൽ എത്ര ഭയാനകമാണെന്നാണ് കാണിക്കുന്നത്. തങ്ങൾക്കഹിതമായ വിശ്വാസങ്ങൾ ദേശദ്രോഹപരവും വെറുക്കപ്പെടേണ്ടതുമാണെന്ന മുദ്രകുത്തി നിരോധിക്കണമെന്ന സവർക്കറുടെയും ഗോൾവാൾക്കറുടെയും ഹിന്ദുത്വ പ്രമാണങ്ങളാണ് ആർഎസ്എസ്സിന്റെ ആശീർവാദത്തോടെ ബിജെപി നടപ്പിലാക്കുന്നത്. ചിലനേരങ്ങളിലും ചിലയിടങ്ങളിലും പ്രീണനവും മറ്റിടങ്ങളിലും മറ്റു വേളകളിലും മർദ്ദനവും എന്ന ദ്വിമുഖ ഫാസിസ്റ്റ്തന്ത്രം വഴി ന്യൂനപക്ഷങ്ങളെ വരുതിയിലാക്കാനുള്ള സംഘപരിവാറിന്റെ കുത്സിത നീക്കങ്ങളെ ജാതി, മത, വിശ്വാസങ്ങൾക്കതീതമായി ജനങ്ങൾ ഒറ്റക്കെട്ടായി ചെറുക്കണമെന്ന് പാർട്ടി ആഹ്വാനം ചെയ്യുന്നു. ജനങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കാൻ ശ്രമിച്ച ബജ്രംഗ്ദൾ പ്രവർത്തകരെ അറസ്റ്റു ചെയ്യണമെന്നും പാർട്ടി ആവശ്യപ്പെടുന്നു. ■

# പൊതുജനാരോഗ്യരംഗം: തകരാൻ ഇനിയെന്ത് ?

**കേരളത്തിന്റെ ആരോഗ്യ പരിപാലന മേഖലയിലെ നേട്ടങ്ങൾ കൊട്ടിഘോഷിക്കുന്ന ഭരണാധികാരികൾ ബോധപൂർവ്വം മറയ്ക്കാൻ ശ്രമിക്കുന്ന പ്രശ്നങ്ങളാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ യൂറോളജി വിഭാഗം മേധാവി ഡോ.ഹാരീസ് ചിറയ്ക്കൽ പുറത്തുകൊണ്ടുവന്നത്. പൊതുജനാരോഗ്യരംഗം നേരിടുന്ന ഗുരുതരമായ പ്രതിസന്ധികളെക്കുറിച്ചുള്ള ചർച്ച സജീവമായി നിൽക്കുമ്പോഴാണ് കോട്ടയം മെഡിക്കൽകോളജിൽ കെട്ടിടം തകർന്ന് വീട്ടമ്മ മരിക്കാനിടയായത്.**

മൂത്രാശയക്കല്ല് പൊടിക്കുന്ന ലിത്തോക്ലസ്റ്റ് പ്രോബ് എന്ന ഉപകരണമില്ലാത്തതുകൊണ്ട് ശസ്ത്രക്രിയകൾ മുടങ്ങുന്നതാണ് ഡോ. ഹാരിസിന്റെ പ്രതികരണത്തിന് നിദാനമായത്. 41,000 രൂപ വില വരുന്ന ഉപകരണമാണിത്. ഉപകരണങ്ങൾ വാങ്ങുവാനുള്ള തുക സർക്കാർ അനുവദിക്കാത്തതിനാൽ ശസ്ത്രക്രിയകൾ നടക്കാതെ വരുന്നത് നടാടെയല്ലെന്നും അദ്ദേഹം പറയുന്നു. പല വഴിയിലൂടെ പലവട്ടം ശ്രമിച്ചിട്ടും ഒരു ഫലവുമുണ്ടാവാതെ വന്നപ്പോഴാണ് സാമൂഹ്യ മാദ്ധ്യമത്തിലൂടെ പ്രതികരിച്ചത്. അതോടെ കേരളത്തിന്റെ പൊതുജനാരോഗ്യ മേഖലയിലെ ശൈഥില്യത്തിലേക്ക് വിരൽചൂണ്ടുന്ന ചർച്ചകൾക്ക് എളിയ തോതിലെങ്കിലും തുടക്കം കുറിക്കപ്പെടുകയുണ്ടായി.

എന്നാൽ, ചർച്ചകളെ പോസിറ്റീവായി കണ്ടുകൊണ്ട് പ്രശ്നപരിഹാരത്തിനുള്ള നടപടികൾ സ്വീകരിക്കുകയല്ല സർക്കാർ ചെയ്തത്. "ഹാരിസിന്റെ പ്രവൃത്തി ഇന്ത്യയിലെ ഏറ്റവും നല്ല ആരോഗ്യ മേഖലയെ തെറ്റായി ചിത്രീകരിക്കുന്നതിന് കാരണമായെന്നാണ്" മുഖ്യമന്ത്രി പിണറായി വിജയൻ വാർത്ത സമ്മേളനത്തിൽ പറഞ്ഞത്. മുഖ്യമന്ത്രി ഡോ.ഹാരിസിനെതിരെ തിരിഞ്ഞതോടെ സിപിഐ(എം) സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദനും മന്ത്രി സജി ചെറിയാനുമൊക്കെ ഡോക്ടർക്കെതിരെ രംഗത്തുവന്നു. എന്നാൽ കേരളീയ പൊതുസമൂഹം ഡോ.ഹാരീസ് ചിറയ്ക്കലിന്റെ വെളിപ്പെടുത്തലുകളെ ശരിവയ്ക്കുകയും പലരും ധൈര്യപൂർവ്വം സർക്കാർ ആശുപത്രികളിലെ ദുരനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുകയും ചെയ്തു. പൊതുസമൂഹത്തിന്റെ വർദ്ധിച്ച പിന്തുണയുള്ളതിനാൽ ഡോ.ഹാരിസ് ചിറയ്ക്കലിനെതിരെ അച്ചടക്കത്തിന്റെ പേരിലുള്ള നടപടിയൊന്നും സർക്കാരിന് സ്വീകരിക്കാനായില്ലെങ്കിലും ഇപ്പോൾ

(ശേഷം 2–ാം പേജിൽ)

# സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ച് സർക്കാർ ആശുപത്രികളിൽ ആവശ്യാനുസരണം ഡോക്ടർമാരെയും മറ്റ് സ്റ്റാഫിനെയും നിയമിക്കുക

*(1–ാം പേജിൽ നിന്ന്)*

അദ്ദേഹത്തിന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരിക്കുകയാണ്.

ഡോ.ഹാരിസ് ചിറയ്ക്കലിന്റെ വെളിപ്പെടുത്തലുകൾ പൊതുസമൂഹം ചർച്ച ചെയ്തു കൊണ്ടിരിക്കവേയാണ് ജൂലൈ 3–ാം തീയതി കോട്ടയം മെഡിക്കൽ കോളേജിലെ മൂന്നു നിലകളുള്ള ശൗചാലയ സമുച്ചയം ഇടിഞ്ഞു വീഴുന്നത്. ആ സംഭവത്തിൽ തലയോലപ്പറമ്പ് സ്വദേശിയായ ബിന്ദു എന്ന വീട്ടമ്മ ദാരുണമായി മരണപ്പെടുകയുണ്ടായി. സംഭവസ്ഥലത്ത് എത്തിയ ആരോഗ്യമന്ത്രി വീണ ജോർജ്ജും മന്ത്രി വി.എൻ.വാസവനും തുടക്കത്തിൽ നടത്തിയ പ്രസ്താവനകളാണ് രക്ഷാപ്രവർത്തനം വൈകിപ്പിച്ചത് എന്നത് തർക്കമറ്റ വസ്തുതയാണ്. ഉപയോഗശൂന്യമായി അടച്ചിട്ട കെട്ടിടമാണെന്നും അപകടത്തിൽ പെട്ട രണ്ടുപേരെ പരിക്കുകളോടെ രക്ഷപ്പെടുത്തിയെന്നും മന്ത്രിമാർ മാധ്യമങ്ങളോട് വിശദീകരിക്കുന്നുണ്ട്. സർക്കാരിനെ ന്യായീകരിക്കുവാനുള്ള വ്യഗ്രതയിൽ മന്ത്രിമാർ കർത്തവ്യബോധം നഷ്ടപ്പെട്ടവരായി മാറിയതാണ് രക്ഷാദൗത്യം വൈകുവാൻ ഇടവരുത്തിയത്. ഈ സംഭവങ്ങളെല്ലാം ജനങ്ങളുടെ പ്രതിഷേധം ആളിക്കത്തിച്ചു. അപ്പോഴും ന്യായീകരണ വാദങ്ങൾ ചമച്ച് മുഖം രക്ഷിക്കുവാനുള്ള തത്രപ്പാടിലായിരുന്നു ഭരണാധികാരികൾ.

## പൊതുജനാരോഗ്യം

കേരളത്തിന്റെ പൊതുജനാരോഗ്യ സംവിധാനം തകർച്ചയിലേയ്ക്ക് കൂപ്പുകുത്തുന്നതിന്റെ ചില പ്രത്യക്ഷ ഉദാഹരണങ്ങൾ മാത്രമാണ് മേൽപ്പറഞ്ഞ സംഭവങ്ങൾ. കഴിഞ്ഞ രണ്ടു പതിറ്റാണ്ടിലേറെയായി പൊതുജനാരോഗ്യ മേഖലയിൽ നടത്തിവരുന്ന അനാരോഗ്യകരമായ പരിഷ്കാരങ്ങളുടെ പരിണതഫലങ്ങളാണ് ഇപ്പോൾ കണ്ടുവരുന്നത്. അതുതന്നെ മഞ്ഞുമലയുടെ അഗ്രഭാഗം മാത്രമാണ്. കേരളത്തിലെ പൊതുജനാരോഗ്യ മേഖലയുടെ ചരിത്രം ആഴത്തിൽ പരിശോധിച്ചാൽ അത് മനസ്സിലാകും.

"രോഗശമനത്തിനും ശാരീരിക വേദനകളുടെ ലഘൂകരണത്തിനും വേണ്ട മാർഗ്ഗങ്ങൾ ഉണ്ടാക്കുന്നതിനേക്കാൾ പ്രയോജനകരവും സാരവത്തുമായ ഗുണകർമ്മം എന്തുണ്ട്? ഈ ആതുരാലയം ആരുടെ ക്ഷേമത്തെ പുരസ്കരിച്ച് സ്ഥാപിക്കപ്പെട്ടിരിക്കുന്നുവോ അവർ നിർബാധം ഇതിൽ പ്രവേശിക്കുമെന്നും ഈ സ്ഥാപനം ആതുര ശമനമെന്ന പ്രധാന ഉദ്ദേശ്യത്തെ വേണ്ടപോലെ നിർവ്വഹിച്ച് വിശ്രുതമായിത്തീരുമെന്നും ഞാൻ വിശ്വസിക്കുന്നു. എന്റെ നാനാജാതി മതസ്ഥരായ പ്രജകൾക്കെല്ലാം ഔഷധസഹായവും ചികിത്സയും സുലഭമായി ലഭിച്ചു കാണാൻ ഞാൻ അഭിലഷിക്കുന്നു. 1865ൽ തിരുവിതാംകൂറിലെ സിവിൽ ആശുപത്രിയുടെ (ഇപ്പോൾ ജനറൽ ഹോസ്പിറ്റൽ) ശിലാസ്ഥാപനം നടത്തിക്കൊണ്ട് ആയില്യം തിരുനാൾ മഹാരാജാവ് നടത്തിയ പ്രസംഗത്തിലെ പ്രസക്ത ഭാഗമാണിത്. ഐക്യകേരളം രൂപീകൃതമാകുന്നതിനും എത്രയോ കാലങ്ങൾക്ക് മുൻപുതന്നെ ധർമ്മാശുപത്രി സംവിധാനങ്ങൾ കേരളത്തിൽ നിലവിൽ വന്നിരുന്നു. ആയില്യം തിരുനാളിന്റെ കാലത്ത് തിരുവിതാംകൂർ മെഡിക്കൽ ഡിപ്പാർട്ട്മെന്റിന് രൂപം കൊടുക്കുകയുണ്ടായി. നാടിന്റെ നാനാഭാഗങ്ങളിൽ ധർമ്മാശുപത്രികൾ സ്ഥാപിച്ച് സാധാരണ ജനങ്ങൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുവാനുള്ള ശ്രമം ആരംഭിക്കുകയുണ്ടായി. പ്രജകളുടെ അവകാശം എന്ന നിലയ്ക്കായിരുന്നില്ല രാജാക്കന്മാർ ആശുപത്രികൾ ആരംഭിച്ചത്, മറിച്ച് തങ്ങളുടെ ദയാവായ്പിന്റെ അടിസ്ഥാനത്തിലുള്ള ഔദാര്യമായിട്ടാണ് സൗജന്യ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിച്ചത്. ജനാധിപത്യ ബോധം ഇന്നുകാണുന്ന അർത്ഥത്തിൽ വികസിച്ചിട്ടില്ലാത്ത സമൂഹത്തിൽ രാജാവിന്റെ ഇച്ഛകൾക്കപ്പുറത്തേയ്ക്ക് ഒന്നും നടക്കുമായിരുന്നില്ല. പൗരാവകാശത്തിനുവേണ്ടി സംസാരിച്ചവർക്ക് ജീവൻ നഷ്ടമാകുകയോ, തടവറയിൽ അടയ്ക്കപ്പെടുകയോ ചെയ്തതാണ് ചരിത്രം. പ്രജകളെ രോഗപീഡകളിൽ നിന്നും രക്ഷിക്കുക എന്നത് തന്റെ ഉത്തരവാദിത്തമാണ് എന്ന കാഴ്ചപ്പാടിലാണ് തിരുവിതാംകൂറിലെ രാജാക്കന്മാർ ധർമ്മാശുപത്രികൾ ആരംഭിച്ചത്. 1813ൽ വസൂരി പടർന്നുപിടിച്ചപ്പോൾ റെസിഡന്റും ദിവാൻ പദവിയും ഒരുമിച്ചു വഹിച്ച മൺട്രോയുടെ നിർദ്ദേശപ്രകാരം റാണി ഗൗരി ലക്ഷ്മി ബായി ഒരു വാക്സിനേഷൻ ഗ്രൂപ്പിന് രൂപം നൽകി. ആ കാലഘട്ടത്തിൽ തന്നെ, ജാതിഭേദമില്ലാതെ ലണ്ടൻ മിഷൻ സൊസൈറ്റി, പ്രൊട്ടസ്റ്റന്റ് മിഷൻ എന്നീ സംഘടനകൾ ആധുനിക ആശുപത്രികൾ ആരംഭിച്ചു. 1838ൽ നെയ്യൂർ മെഡിക്കൽ മിഷൻ ആശുപത്രി തുടങ്ങി. 1923ൽ ഡോ.സോമർവെൽ ആദ്യ എക്സ്റേ സ്ഥാപിച്ച്, ശസ്ത്രക്രിയയും തുടങ്ങിയിരുന്നു. 1951ൽ തിരുവനന്തപുരത്ത് മെഡിക്കൽ കോളേജിനു തുടക്കമിടുമ്പോൾ ഡോ. സോമർവെൽ ഉപദേശക സമിതിയിൽ അംഗമായിരുന്നു.

നവോത്ഥാന പ്രസ്ഥാനത്തിന്റെ മുന്നേറ്റത്തോടൊപ്പം ആരോഗ്യരംഗവും വളർന്നു. ഔദാര്യത്തിനപ്പുറം പൗരന്മാരുടെ അവകാശമാണ് ആരോഗ്യപരിരക്ഷ എന്ന നിലയിലേയ്ക്ക് ഉൽപ്പതിഷ്ണുക്കൾ ചിന്തിച്ചു തുടങ്ങി. നികുതിദായകരായ ജനങ്ങൾക്ക് വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ നിവർത്തിച്ചു കൊടുക്കേണ്ടത് ഭരണകൂടത്തിന്റെ ഉത്തരവാദിത്തമാണ് എന്നകാഴ്ചപ്പാട് പ്രബലമായിത്തുടങ്ങി.

ഐക്യകേരളപ്പിറവിയ്ക്കു ശേഷം അധികാരത്തിൽ വന്ന ഗവൺമെന്റുകൾ സർക്കാർ ആശുപത്രികളും മെഡിക്കൽ കോളേജുകളും സ്ഥാപിച്ച്, പൊതുജനാരോഗ്യ സംവിധാനത്തെ ശക്തിപ്പെടുത്തി. ജനങ്ങളുടെ വർദ്ധിച്ചു വരുന്ന ആരോഗ്യാവശ്യങ്ങളോട് മുഖംതിരിച്ച് ഒരു ഗവൺമെന്റിനും മുന്നോട്ട് പോകാൻ സാധിക്കുമായിരുന്നില്ല. ലോക രാഷ്ട്രീയത്തിൽ, സോവിയറ്റ് യൂണിയനും സോഷ്യലിസ്റ്റ് ചേരിയും ക്ഷേമരാഷ്ട്ര സങ്കൽപ്പത്തിലൂന്നി പ്രവർത്തിക്കുന്ന കാലഘട്ടവുമായിരുന്നു. സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ അടിസ്ഥാന ജീവിതാവശ്യങ്ങൾ ഭരണകൂടം സൗജന്യമായി നിവർത്തിച്ചു വന്നിരുന്നു. നവോത്ഥാന മുന്നേറ്റങ്ങൾ ശക്തമായിരുന്ന കേരളത്തിലും അതിന്റെ സ്വാധീനമുണ്ടായി. എന്നാൽ സോവിയറ്റ് യൂണിയന്റെയും സോഷ്യലിസ്റ്റ് ചേരിയുടെയും തകർച്ച, മുതലാളിത്ത – സാമ്രാജ്യത്ത രാജ്യങ്ങൾക്ക് ഏകലോകധ്രുവം സൃഷ്ടിക്കുവാനുള്ള അവസരം തുറന്നു നൽകി. ആഗോളവത്കരണ നയങ്ങളിലൂടെ ലോകമെമ്പാടും സ്വതന്ത്ര വിപണയുടെ നിയമങ്ങൾ അവർ അടിച്ചേൽപ്പിച്ചു. 1991ൽ ഇന്ത്യയിൽ ആരംഭിച്ച ആഗോളവത്കരണ നയങ്ങൾ എല്ലാ മേഖലയിലെന്നപോലെ ആരോഗ്യമേഖലയിലും വലിയ പൊളിച്ചെഴുത്തുകൾ കൊണ്ടുവന്നു.

2005ൽ യുപിഎ സർക്കാരിന്റെ ഭരണനാളുകളിലാണ് ലോകബാങ്ക് ഫണ്ടോടുകൂടി നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (എൻആർഎച്ച്എം) ആരംഭിക്കുന്നത്. കേരളത്തിൽ 2007ൽ പ്രസ്തുത ദൗത്യം 'ആരോഗ്യകേരളം, ഐശ്വര്യകേരളം' എന്ന പേരിലാണ് ആരംഭിച്ചത്. അന്ന് വി.എസ്.അച്യുതാനന്ദൻ മുഖ്യമന്ത്രിയും പി.കെ.ശ്രീമതി ടീച്ചർ ആരോഗ്യ മന്ത്രിയുമായിരുന്നു. പിന്നീട് അധികാരത്തിൽ വന്ന യുഡിഎഫ് ഗവൺമെന്റും അതേ നയങ്ങളാണ് പിൻതുടർന്നത്. പൊതുജനാരോഗ്യ മേഖലയ്ക്ക് സമാന്തരമായി എൻആർഎച്ച്എം പുതിയൊരു സംവിധാനം കൊണ്ടുവന്നു. വേൾഡ് ബാങ്ക് വായ്പയിലൂടെ ഡോക്ടർമാരെയും നഴ്സുമാരെയും മറ്റ് ജീവനക്കാരെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചു. മറുവശത്ത്, സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന പൊതുജനാരോഗ്യ സംവിധാനത്തിൽ സ്ഥിര നിയമനങ്ങൾ വൻതോതിൽ വെട്ടിക്കുറയ്ക്കുകയും ചെയ്തു. 1965ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ഡോക്ടർമാരും നഴ്സുമാരും ജീവനക്കാരും മാത്രമാണ് ഇപ്പോഴും സർക്കാർ ആശുപത്രികളിൽ ഉള്ളത്. സർക്കാർ ആശുപത്രികളുടെ നടത്തിപ്പ് ചുമതല തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കൊണ്ട്, സർക്കാർ പൊതുജനാരോഗ്യരംഗത്തു നിന്നും നിഷ്ക്രമിക്കുവാൻ ആരംഭിച്ചു. ഹെൽത്ത് ഇൻഷ്വറൻസ് സമ്പ്രദായം നടപ്പിലാക്കിക്കൊണ്ട് പണം നൽകാതെ ഒരു ചികിത്സയും ലഭിക്കില്ല എന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടു. അമേരിക്കപോലുള്ള രാജ്യങ്ങളിൽ ഭീമമായ തുകയാണ് ഇൻഷ്വറൻസ് പ്രീമിയമായി ജനങ്ങൾ അടയ്ക്കേണ്ടി വരുന്നത്. ഇൻഷ്വറൻസ് ഇല്ലാത്തവർക്ക് അവിടെ ചികിത്സ ലഭിക്കില്ല. അമേരിക്കൻ മോഡൽ ഹെൽത്ത് ഇൻഷ്വറൻസ് സമ്പ്രദായത്തിലേക്കാണ് കേരളത്തിന്റെ പൊതുജനാരോഗ്യ സമ്പ്രദായത്തെയും സർക്കാർ കൊണ്ടു പോകുന്നത്. പണമില്ലാത്തവർക്ക് ചികിത്സ ലഭിക്കാത്ത സാഹചര്യത്തിലേയ്ക്ക് കേരളം മാറിക്കൊണ്ടിരിക്കുന്നു എന്നത് നടുക്കുന്ന യാഥാർത്ഥ്യമാണ്. കഴിഞ്ഞ മൂന്നു പതിറ്റാണ്ടിനിടയിൽ സംസ്ഥാനത്തിന്റെ പൊതുജനാരോഗ്യ രംഗത്തുവന്ന ഏറ്റവും ആപത്ക്കരമായ ഈ നയവ്യതിയാനമാണ് കേരളത്തിന്റെ ആരോ

*(ശേഷം 3–ാം പേജിൽ)*

## വിഎസിന് ലാൽസലാം

*(1–ാം പേജിൽ നിന്ന്)*

ണ്ഡലത്തിൽ നിറഞ്ഞുനിന്നു.

അതിദയനീയമായ ജീവിതവും അപമാനകരമായ സാമൂഹ്യസ്ഥിതിയും നേരിട്ട് തൊഴിലാളികൾ നരകിക്കുന്ന നാളുകളിലാണ് രാജ്യത്ത് ഇടതുപക്ഷ പ്രസ്ഥാനം പ്രവർത്തിച്ചുതുടങ്ങുന്നത്. എന്തെങ്കിലും അവകാശങ്ങൾക്ക് തൊഴിലാളികൾ അർഹരാണെന്ന കാഴ്ചപ്പാട് സമൂഹം അംഗീകരിച്ചിരുന്നില്ല എന്നതിനേക്കാൾ വേദനാകരമായിരുന്നത് തൊഴിലാളികൾക്ക് അത് സ്വയം ബോധ്യപ്പെട്ടിരുന്നില്ല എന്നതാണ്. ഇരുളേറിയ അത്തരമൊരു കാലഘട്ടത്തെ പരിവർത്തനപ്പെടുത്തുന്നതിൽ സഖാവ് അച്യുതാനന്ദൻ നിർവ്വഹിച്ച പങ്കാണ് അദ്ദേഹത്തെ എക്കാലവും സ്മരണീയനാക്കുക. അദ്ദേഹവും അദ്ദേഹത്തിനു മുമ്പും പിമ്പുമായി എണ്ണമറ്റ സഹപ്രവർത്തകരും നടത്തിയ ത്യാഗനിർഭരമായ പോരാട്ടം ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട ഒരേടായി മാറിക്കഴിഞ്ഞു. വർത്തമാനകാലത്ത് കേരളത്തിൽ നാം കാണുന്ന അഭിമാനബോധമുള്ള തൊഴിലാളികൾ ഈ പോരാട്ടത്തിന്റെ സൃഷ്ടിയാണ്.

പരമ്പരാഗത മേഖലകളിലെയും കാർഷിക രംഗത്തെയും തൊഴിലാളികൾക്കിടയിൽ അവകാശബോധം വളർത്തുകയും പോരാട്ടവീര്യം ഉണർത്തുകയുംചെയ്ത സൈനികനായിരുന്നു അദ്ദേഹം. രാജ്യത്തെ ഏതൊരു സംസ്ഥാനത്തേക്കാളും ഉയർന്ന കൂലിയും മെച്ചപ്പെട്ട തൊഴിൽ സാഹചര്യവും കേരളത്തിൽ സ്ഥാപിക്കാനിട വരുത്തിയത് വി.എസ്.അച്യുതാനന്ദനൽപ്പടെയുള്ള നേതാക്കളുടെയും തൊഴിലാളി പ്രവർത്തകരുടെയും സമർപ്പിതമായ പ്രയത്നങ്ങളാണ്.

കമ്മ്യൂണിസ്റ്റ് ദർശനത്തോടുള്ള മുതലാളിത്ത-സാമ്രാജ്യത്വ ശക്തികളുടെ സഹജാവബോധത്തിൽനിന്നും ഉടലെടുത്ത ശത്രുത അന്ന് നിർദ്ദയമായ അടിച്ചമർത്തലിന്റെ മാർഗ്ഗം സ്വീകരിച്ചു. എണ്ണമറ്റ പ്രവർത്തകർ രക്തസാക്ഷികളായി. ജന്മിമാരുടെയും മർദ്ദക ഭരണകൂടങ്ങളുടെയും ഇപ്രകാരമുള്ള അടിച്ചമർത്തലുകളെ നേരിട്ടു കൊണ്ട് പൊരുതുവാൻ സഖാവ് വി.എസ്.അച്യുതാനന്ദനടക്കമുള്ള നേതാക്കൾ അന്ന് സ്വയം മാതൃകകളായി. പാർട്ടിനയങ്ങളുടെ കർക്കശക്കാരനായ നടത്തിപ്പുകാരനായും കടുത്ത വിമർശകനായും വി.എസ്. വ്യതിരിക്തമായ ജീവിതം കാഴ്ചവച്ചു. കൂടംകുളം ആണവനിലയത്തിനെതിരായ പ്രക്ഷോഭത്തോടും എൻഡോസൾഫാൻ ദുരിതബാധിതരോടും പെമ്പിളെ ഒരുമൈ സമരത്തോടുമൊക്കെ പ്രകടിപ്പിച്ച ഐക്യദാർഢ്യവും, മൂന്നാറിലെ ഭൂമി കൈയേറ്റക്കാർക്കെതിരെ കൈക്കൊണ്ട നടപടികളുമൊക്കെ വാർദ്ധക്യത്തിലും തളരാത്ത പോരാളിയുടെ ചിത്രമാണ് കാഴ്ചവച്ചത്.

പണിയെടുത്തുജീവിക്കുന്നവരുടെ താല്പര്യങ്ങളോട് സിപിഐ(എം) നേതൃത്വം വിമുഖത പുലർത്തുമ്പോൾ ജനപക്ഷത്തു നിലയുറപ്പിക്കുന്ന നേതാവ് എന്ന നിലയിലാണ് ആയിരക്കണക്കിനു സാധാരണക്കാർ അദ്ദേഹത്തെ കണ്ടത്. എന്നാൽ, പാർലമെന്ററി രാഷ്ട്രീയത്തിന്റെ പരിമിതികളെ മറികടക്കാൻ കഴിയാതെ പോയതിനാൽ ജനങ്ങളുടെ പ്രതീക്ഷകൾ സാക്ഷാത്കരിക്കാൻ വിഎസ്സിന്റെ നിലപാടുകൾക്കായില്ല. ഇടതുപക്ഷരാഷ്ട്രീയം വലിയ വെല്ലുവിളികൾ നേരിടുന്ന വർത്തമാന കാലത്ത് വർഗ-ബഹുജന സമരങ്ങൾ വളർത്തിയെടുക്കണമെന്നും യഥാർത്ഥ ഇടതുപക്ഷരാഷ്ട്രീയത്തിന്റെ കൊടിക്കൂറ ഉയർത്തിപ്പിടിക്കണമെന്നുമാണ് സഖാവ് വിഎസ്സിന്റെ വേർപാട് മുഴുവൻ ഇടതുപക്ഷ ചിന്താഗതിക്കാരെയും ഓർമ്മപ്പെടുത്തുന്നത്.

എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് ആലപ്പുഴയിൽ വി.എസ്.അച്യുതാനന്ദന് അന്തിമോപചാരം അർപ്പിച്ചു. സംസ്ഥാന സെക്രട്ടേറിയറ്റംഗം എസ്.രാജീവൻ, ആലപ്പുഴ ജില്ലാ സെക്രട്ടറി എസ്.സീതിലാൽ, ജില്ലാ സെക്രട്ടേറിയംഗവും ആശാ സമര നേതാവുമായ എം.എ.ബിന്ദു, ജില്ലാ സെക്രട്ടേറിറ്റംഗം റ്റി.മുരളി, കെ.ആർ.ശശി, ആർ.അർജ്ജുനൻ എന്നിവരുൾപ്പടെയുള്ള നേതാക്കളും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. ■

# ആശാസമരം ഗ്രാമങ്ങളിലേക്ക്

**ന്യാ**യമായ ഡിമാന്റുകളുന്നയിച്ചു കൊണ്ട് 5 മാസം പിന്നിട്ട ആശ സമരം പുതിയ ഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. കാസർഗോഡു മുതൽ തിരുവനന്തപുരംവരെ നടത്തിയ രാപകൽ സമരയാത്രയുടെ അടുത്ത ഘട്ടമായി സമരം ഗ്രാമങ്ങളിലേക്ക് വ്യാപിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം 1000 പ്രതിഷേധ സദസ്സുകൾ സംഘടിപ്പിക്കും.





ആശാസമരത്തിന്റെ അഞ്ചാംഘട്ടം ആയിരം പ്രതിഷേധ സദസ്സുകളുടെ ഉദ്ഘാടനം കരുങ്കുളം പഞ്ചായത്തിലെ പുതിയതുറയിൽ മുൻപ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല നിർവഹിക്കുന്നു.

ആശ സമരത്തിന്റെ അഞ്ചാം ഘട്ടമെന്ന നിലയിൽ പഞ്ചായത്തുകൾ കേന്ദ്രീകരിച്ചുള്ള ആയിരം പ്രതിഷേധ സദസുകളുടെ സംസ്ഥാനതല ഉദ്ഘാടനം മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല എംഎൽഎ ജൂലൈ 14ന് തിരുവനന്തപുരത്തിന്റെ തീരദേശ ഗ്രാമമായ കരുങ്കുളം പഞ്ചായത്തിലെ പുതിയതുറയിൽ നിർവഹിച്ചു.

ആശ സമരം കേരളത്തിലെ പോരാട്ടത്തിന്റെ ചരിത്രമാണ് അടയാളപ്പെടുത്തുന്നതെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. യുഡിഎഫ് അധികാരത്തിലെത്തിയാൽ ആദ്യ തീരുമാനം ആശമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതായിരിക്കുമെന്ന് അദ്ദേഹം ഉറപ്പു നൽകി.

ആശ സമര സഹായ സംഘാടക സമിതി ചെയർമാൻ കരുങ്കുളം ജയകുമാർ അദ്ധ്യക്ഷനായിരുന്നു. ആയിരം പ്രതിഷേധ സദസ്സ് സംബന്ധിച്ചവിശദീകരണം കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി എം.എ.ബിന്ദു നടത്തി. എം.വിൻസന്റ് എംഎൽഎ, കെപിസിസി ജനറൽ സെക്രട്ടറി അഡ്വ. ജി.സുബോധനൻ, കെഎഎച്ച്ഡബ്ല്യുഎ സംസ്ഥാനവൈസ്പ്രസിഡന്റുമാരായ എസ്.മിനി, കെ.പി.റോസമ്മ, കരുങ്കുളം ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ഫ്രീഡ സൈമൺ, സമര സഹായ സംഘാടക സമിതി ഭാരവാഹികളായ വിൻസന്റ് ഡി പോൾ, ഉച്ചക്കട സുരേഷ്, വെങ്ങാനൂർ ശ്രീകുമാർ, സി.എസ്.ലെനിൻ, പുഷ്പം സൈമൺ, സുനിത ബിനു, ഫ്രാങ്ക്ളിൻ കുമാർ, പരണിയം ഫ്രാൻസിസ്, കാഞ്ഞിരംകുളം ശിവകുമാർ, ബാലരാമപുരം സുധീർ, വട്ടവിള വിജയകുമാർ, കാഞ്ഞിരംകുളം ശരത്കുമാർ, ഷാബു ഗോപിനാഥ്, പെരിങ്ങമ്മല ജയൻ, വെള്ളാർ മധു, ജിനുലാൽ, അശോക്കുമാർ, പി. വൈ.അനിൽകുമാർ, ആർ. ബിജു എന്നിവർ സംസാരിച്ചു.

സംസ്ഥാനമെമ്പാടുമായി 1000 പ്രതിഷേധ സദസ്സുകൾ നടത്തുന്നതിനുള്ള കർമ്മപദ്ധതിക്ക് ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ രൂപം നൽകിയിട്ടുണ്ട്.

## സമര പന്തലിൽ ആശമാർക്ക് തയ്യൽ പരിശീലനം ആരംഭിച്ചു

5 മാസം പിന്നിട്ട സെക്രട്ടേറിയറ്റിനു മുന്നിലെ സമര പന്തലിൽ ആശമാർക്കായി തയ്യൽ പരിശീലനം ആരംഭിച്ചു. കെഎഎച്ച്ഡബ്ല്യുഎ സംസ്ഥാന കമ്മിറ്റിയംഗം എസ്.ബി.രാജിയുടെ നേതൃത്വത്തിലാണ് ജൂലൈ 16ന് പരിശീലനം തുടങ്ങിയത്. സമര പന്തലിൽ എത്തുന്നതിന് ചെലവാകുന്ന വണ്ടിക്കൂലി പോലും എടുക്കാൻ ഇല്ലാത്തവരാണ് ആശമാർ. ഈ അസ്ഥയിൽ കഴിഞ്ഞ 160 ലേറെ ദിവസങ്ങളായി സമരം ചെയ്യുന്ന ആശമാർക്ക് ഒരു കൈത്താങ്ങാകുംഎന്നപ്രതീക്ഷയിലാണ് സമര വേദിയിൽ തയ്യൽപരിശീലനം നൽകുന്നത്. ഡിമാന്റുകൾ നേടുന്നതുവരെ സമരവേദി ക്രിയാത്മകവും സജീവവുമായിരിക്കുകയുംസമരംസംസ്ഥാനതലത്തിൽ ശക്തമായി മുന്നോട്ട് പോകുകയും ചെയ്യുമെന്ന് കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് എസ്.മിനി പറഞ്ഞു. ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾക്കുശേഷം ആശമാർ സമര പന്തലിലെത്തുകയും പരിശീലനത്തിൽ പങ്കെടുക്കുകയും ചെയ്യും. ■



## കേന്ദ്രസർക്കാർ ഇൻസെന്റീവ് വർധിപ്പിച്ചാൽ സംസ്ഥാന സർക്കാർ ഓണറേറിയം വർധിപ്പിക്കുമെന്ന വാഗ്ദാനം മുഖ്യമന്ത്രി പാലിക്കണം – കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ

**ആ**ശാവർക്കർമാർക്ക് നൽകുന്ന ഇൻസന്റീവുകളും വിരമിക്കൽ ആനുകൂല്യവും പരിമിതമായ തോതിലെങ്കിലും വർദ്ധിപ്പിക്കാനായി ദേശീയ ആരോഗ്യ മിഷൻ കൈക്കൊണ്ട തീരുമാനത്തെ, കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ(കെഎഎച്ച്ഡബ്ല്യുഎ) സംസ്ഥാന പ്രസിഡണ്ട് വി.കെ.സദാനന്ദനും ജനറൽ സെക്രട്ടറി എം.എ.ബിന്ദുവും സ്വാഗതം ചെയ്തു. ആശമാർ നേരിടുന്ന ഞെട്ടിപ്പിക്കുന്ന ചൂഷണം രാജ്യത്തിന്റെ തൊഴിൽമേഖല അഭിമുഖീകരിക്കുന്ന ഗൗരവതരമായ വിഷയമായി ഉയർത്തിക്കൊണ്ടുവന്നത് കേരളത്തിൽ പടുത്തുയർത്തപ്പെട്ട ആശാ സമരമായിരുന്നു. ഓണറേറിയം വർദ്ധിപ്പിക്കണമെന്നും വിരമിക്കൽ ആനുകൂല്യവും പെൻഷനും പ്രഖ്യാപിക്ക ണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടേറിയേറ്റിനു മുമ്പിൽ 2025 ഫെബ്രുവരി 10 മുതൽ നടന്നുവരുന്ന ആശാസമരത്തിന്റെ ആവശ്യങ്ങൾ കേരളത്തിൽ നിന്നുള്ള ഒമ്പത് എംപിമാർ പാർലമെന്റിന്റെ ഇരുസഭകളിലുമായി അവതരിപ്പിച്ചു. ദേശീയ മാധ്യമങ്ങളിലും സാമൂഹ്യമണ്ഡലത്തിലൊന്നാകെയും ഉയർന്നുവന്ന ചർച്ചകൾ ആശമാരുടെ പ്രശ്നങ്ങൾ അവഗണിച്ച് ആർക്കും മുന്നോട്ടുപോകാനാവാത്ത സ്ഥിതി സൃഷ്ടിച്ചു. ഇപ്രകാരം കേരളത്തിലെ ആശാസമരം ഉയർത്തിയ അതിശക്തമായ സാമൂഹ്യസമ്മർദ്ദത്തോടുള്ള പ്രതികരണമെന്ന നിലയിലാണ് കേന്ദ്ര ആരോഗ്യമന്ത്രിക്ക് ആശമാരുടെ ഇൻസന്റീവ് വർദ്ധിപ്പിക്കുമെന്ന് രാജ്യസഭയിൽ പ്രഖ്യാപിക്കേണ്ടിവന്നത്. രാജ്യത്തെ പത്തുലക്ഷത്തോളം ആശമാർക്ക് പരിമിതമായ തോതിലെങ്കിലും ആശ്വാസമാകുന്ന, ദേശീയ ആരോഗ്യ മിഷൻ ഇപ്പോൾ കൈക്കൊണ്ടിട്ടുള്ള തീരുമാനം സംസ്ഥാനത്തെ ആശമാർ നടത്തിക്കൊണ്ടിരിക്കുന്ന ഐതിഹാസികമായ സമരത്തിന്റെ നേട്ടമാണെന്നതിൽ ഒരു സന്ദേഹവുമില്ല.

ഓണറേറിയം വർദ്ധിപ്പിക്കേണ്ടത് സംസ്ഥാനസർക്കാരാണെന്നും ഇൻസന്റീവ് ഉയർത്തേണ്ടത് കേന്ദ്രസർക്കാരാണെന്നും സമരവേദിയിലെത്തിയ കേന്ദ്ര സർക്കാർ പ്രതിനിധികളോടും സംസ്ഥാനത്ത് നിന്നുള്ള എം.പിമാരോടും അസോസിയേഷൻ വ്യക്തമാക്കിയിരുന്നു. കേന്ദ്ര സർക്കാർ ഒന്നര പതിറ്റാണ്ടോളമായി വർദ്ധിപ്പിക്കാതെ നിലനിർത്തിയിരിക്കുന്ന തുച്ഛമായ ഇൻസെന്റീവുകൾ വർധിപ്പിക്കാനായി സമ്മർദ്ദം ചെലുത്തണമെന്ന് അവരോട് അസോസിയേഷൻ ശക്തമായി ആവശ്യപ്പെടുകയും ചെയ്തിരുന്നു. കൂടാതെ, സംഘടന നേരിട്ടും, സംഘടനയെ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആൾ ഇന്ത്യ സ്കീം വർക്കേഴ്സ് ഫെഡറേഷൻ വഴിയും, പല തവണ നിവേദനങ്ങൾ സമർപ്പിക്കുകയും പാർലമെന്റിനു മുമ്പാകെ സമരങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. അസോസിയേഷന്റെ ഈ ദിശയിലുള്ള പരിശ്രമങ്ങളുടെ കൂടി ഫലമാണ് ഇപ്പോഴത്തെ ഇൻസന്റീവ് വർദ്ധന.

കേന്ദ്രസർക്കാർ ഇൻസെന്റീവ് വർധിപ്പിച്ചാൽ തങ്ങൾ ഓണറേറിയം വർധിപ്പിക്കുമെന്ന് മുഖ്യമന്ത്രി ഉൾപ്പെടെയുള്ള സംസ്ഥാന ഭരണാധികാരികൾ പലവട്ടം പറഞ്ഞിരുന്നു. ഇപ്പോൾ കേന്ദ്രസർക്കാർ ഇൻസെന്റീവ് വർധിപ്പിച്ച സാഹചര്യത്തിൽ സംസ്ഥാന സർക്കാർ വാക്കുപാലിക്കണം. കേന്ദ്രസർക്കാർ നേരത്തെ പ്രഖ്യാപിച്ച 20,000 രൂപ വിരമിക്കൽ ആനുകൂല്യം 50,000 രൂപയാക്കി വർധിപ്പിച്ച സാഹചര്യത്തിൽ സംസ്ഥാന സർക്കാർ, ബംഗാൾ സർക്കാരിനെപ്പോലെ 5 ലക്ഷം രൂപ വിരമിക്കൽ ആനുകൂല്യമായി നൽകാൻ തയ്യാറാകണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു. കേന്ദ്ര സർക്കാർ നൽകുന്ന നിലവിലുള്ള ഫിക്സഡ് ഇൻസന്റീവിൽ മാനദണ്ഡങ്ങൾ അടിച്ചേൽപ്പിച്ച് ഓണറേറിയം പകുതിയാക്കി വെട്ടിക്കുറയ്ക്കുന്ന സംസ്ഥാന സർക്കാരിന്റെ ദ്രോഹനടപടി ഉടൻ അവസാനിപ്പിക്കണം. സമരം ചെയ്യുന്നവരുമായി ചർച്ച നടത്തി ആവശ്യങ്ങൾ അംഗീകരിച്ച് ഇനിയെങ്കിലും സമരം ഒത്തുതീർപ്പാക്കാനുള്ള വിവേകം സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ഇൻസെന്റീവ് വർദ്ധനയുടെ കാര്യം എൻ.കെ.പ്രേമചന്ദ്രൻ എംപിയുടെ ചോദ്യത്തിനുള്ള മറുപടിയായിട്ടാണ് കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന്റേതായി പാർലമെന്റിൽ ഉണ്ടായത്. കഴിഞ്ഞ മാർച്ച് നാലിന് നടന്ന എൻഎച്ച്എം ഉന്നതാധികാര സമിതിയായ മിഷൻ സ്റ്റീയറിംങ്ങ് ഗ്രൂപ്പിന്റെ ഒമ്പതാമത് മീറ്റിംഗിൽ ഈ തീരുമാനം കൈക്കൊണ്ടതായി മറുപടിയിൽ ചൂണ്ടിക്കാട്ടുന്നു. ദേശീയ ആരോഗ്യ മിഷന്റെ വെബ് സൈറ്റിലും പാർലമെന്റിന്റെ രേഖകളിലും വന്നുകഴിഞ്ഞിട്ടുള്ള ഇൻസന്റീവ് വർദ്ധനയുടെ തീരുമാനം നടപ്പാക്കാനുള്ള നടപടികൾ ഉടൻ കൈക്കൊള്ളണം എന്ന് അസോസിയേഷൻ ആവശ്യപ്പെടുന്നു. ■

## പൊതുജനാരോഗ്യം

(2–ാം പേജിൽ നിന്ന്)

ഗ്യരംഗം നേരിടുന്ന എല്ലാ പ്രശ്നങ്ങളുടെയും മൂലകാരണം.

എൻആർഎച്ച്എം, എൻയുഎച്ച്എം, എൻഎച്ച്എം എന്നീ ലോകബാങ്ക് പദ്ധതികൾ രാജ്യത്തെ പൊതുജനാരോഗ്യ മേഖലയെ സർവ്വാർത്ഥത്തിലും തകർക്കുന്നതാണ്. രാജഭരണകാലത്ത് സ്ഥാപിക്കപ്പെട്ട്, ഐക്യ കേരളപ്പിറവിയ്ക്കു ശേഷം ശക്തിപ്പെട്ട കേരളത്തിലെ പൊതുജനാരോഗ്യ രംഗത്തെ അസ്ഥിപഞ്ജരമാക്കും വിധം മാരകപ്രഹരമാണ് ഏൽപ്പിച്ചു കൊണ്ടിരിക്കുന്നത്. മെഡിക്കൽ കോളേജുകൾക്കും സർക്കാർ ആശുപത്രികൾക്കും ഫണ്ടനുവദിക്കുന്നില്ല. സർക്കാർ ആശുപത്രികളിൽ നടത്തപ്പെടുന്ന വലിയ നിർമ്മാണ പ്രവർത്തനങ്ങളിൽ പലതും വായ്പ ഉപയോഗിച്ച് നടത്തപ്പെടുന്നതാണ്. സർക്കാർ ആശുപത്രികളുടെ നടത്തിപ്പിന്റെ സാമ്പത്തിക ഉത്തരവാദിത്തം സമ്പൂർണമായും ആശുപത്രി വികസന സമിതികൾ വഴി ജനങ്ങളുടെ ശിരസ്സിൽ അടിച്ചേൽപ്പിക്കുകയാണ്. സൗജന്യ ചികിത്സ എന്ന സങ്കൽപ്പം ഇല്ലാതാക്കപ്പെട്ടിരിക്കുന്നു. ജനങ്ങളുടെ നികുതിപ്പണം ഉപയോഗിച്ച് പടുത്തുയർത്തിയ പൊതുജനാരോഗ്യ സംവിധാനം നിലനിൽക്കേണ്ടത് തൊഴിലാളികൾ അടക്കമുള്ള സാധാരണ ജനങ്ങളുടെ ആവശ്യമാണ്. കേരളത്തിലെ ചെറുപട്ടണങ്ങളിൽ പോലും പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളിൽ കഴുത്തറപ്പൻ ചാർജ്ജാണ് ഈടാക്കുന്നത്. സർക്കാർ ആശുപത്രികളും മെഡിക്കൽ കോളേജുകളും ദുർബലമാകുമ്പോൾ സ്വകാര്യ ആശുപത്രികൾ അവയുടെ ദയാരഹിതമായ ആരോഗ്യ കച്ചവടം കൂടുതൽ ശക്തമായി തുടരും. പൊതുജനാരോഗ്യ സംവിധാനത്തെ ശക്തിപ്പെടുത്തുവാനുള്ള വീറുറ്റ പ്രക്ഷോഭങ്ങൾ വളർന്നു വരേണ്ടത് അതുകൊണ്ടുതന്നെ അനിവാര്യമാണ്. ■

# കേന്ദ്രസർക്കാരിന്റെ ചട്ടുകമായി മാറുന്ന ഇലക്ഷൻ കമ്മീഷൻ ജനാധിപത്യത്തെ അട്ടിമറിക്കുന്നു

(1–ാം പേജിൽ നിന്ന്)

മാണ്. ഇവർക്ക് ഇത്രയധികം ദിവസം അവധിയെടുത്ത് ജോലിസ്ഥലത്തുനിന്ന് സ്വന്തം നാട്ടിലേക്ക് പോയിവരാനുള്ള യാത്രാച്ചെലവ് വഹിക്കാൻ കഴിയുമോ? അസംഘടിത മേഖലയിൽ സാധാരണ തൊഴിലാളികളായി ഇവർക്ക് ജോലി നൽകുന്ന കരാറുകാർ അവരെ വിട്ടയക്കുകയും തിരികെ വരുമ്പോൾ വീണ്ടും ജോലിക്ക് എടുക്കുകയും ചെയ്യുമോ? ഇതെല്ലാം അസംബന്ധമാണ്. കുടിയേറ്റക്കാർക്ക് വ്യവസ്ഥകൾ പാലിക്കുന്നതിനായി ഡിജിറ്റൽ പ്രക്രിയ വഴി ഒരു ബദൽ സംവിധാനം നൽകിയിട്ടുണ്ടെന്ന് ഇലക്ഷൻ കമ്മീഷൻ പറഞ്ഞേക്കാം. ഇത് വെറും പരിഹാസമല്ലാതെ മറ്റെന്താണ്?

ഈ നീക്കം അസമിൽ എൻആർസി തയ്യാറാക്കിയ സമയത്ത് പ്രഖ്യാപിച്ചതിനു തുല്യമാണ്. യഥാർത്ഥ ഇന്ത്യൻ പൗരരെ, പ്രത്യേകിച്ച് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരെ, വിദേശികളും അനധികൃത കുടിയേറ്റക്കാരുമായി അവതരിപ്പിക്കാനുള്ള ഒരു ഗൂഢനീക്കമായിരുന്നു അത്. കൂടാതെ, വെള്ളപ്പൊക്കം, നിർബന്ധിത കുടിയിറക്കൽ എന്നിവ കാരണം ദുർബല ജനവിഭാഗങ്ങൾ പലപ്പോഴും സ്ഥലം മാറിപ്പോകാറുണ്ട്. അത്തരംസമയങ്ങളിൽ,അസമിൽ എൻആർസി പ്രക്രിയ നടന്നപ്പോൾ ശ്രദ്ധയിൽപ്പെട്ടതുപോലെ, അവർക്ക് അവരുടെ പ്രധാന രേഖകൾ പലതും നഷ്ടപ്പെടുകയോ മാറിപ്പോകുകയോ ചെയ്യാറുണ്ട്. അങ്ങനെയെങ്കിൽ,ഇത് വോട്ടർപട്ടിക ശുദ്ധീകരിക്കാനുള്ള ഒരു നീക്കമാണോ അതോ ഭരണകക്ഷിക്കെതിരെ വോട്ടുചെയ്യാൻ സാധ്യതയുള്ള വോട്ടർമാരെ പുറത്താക്കാനുള്ള ഒരു ഗൂഢശ്രമമാണോ?

രാജ്യവ്യാപകമായി നടക്കുന്ന തീവ്രമായ വോട്ടർ പട്ടിക പുതുക്കലിൽ, ഒരു സംസ്ഥാനത്തെ 'സാധാരണ താമസക്കാരല്ലാത്ത' എന്നാൽ ആ സംസ്ഥാനത്തെ വോട്ടർ പട്ടികയിൽ പേരുള്ളവരുടെ പേരുകൾ നീക്കം ചെയ്യുമെന്ന് ഇലക്ഷൻ കമ്മീഷൻ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനർത്ഥം, രാജസ്ഥാനിലേക്ക് കുടിയേറുകയും അവിടെ താമസിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്ന ഒരു ബീഹാറുകാരന് ബിഹാറിൽ വോട്ടറായി തുടരാൻ അർഹതയുണ്ടായിരിക്കില്ല. ഇലക്ഷൻ കമ്മീഷൻ പറയുന്നതനുസരിച്ച്, അയാളുടെ പേര് ബിഹാറിലെ വോട്ടർ പട്ടികയിൽനിന്ന് നീക്കം ചെയ്യുകയും രാജസ്ഥാനിലെ പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്യും. 2003നു ശേഷമുള്ള വോട്ടർ പട്ടിക അസാധുവാക്കപ്പെട്ടാൽ, 2003നു ശേഷം നടന്ന തിരഞ്ഞെടുപ്പുകൾ എങ്ങനെ സാധുവായി കണക്കാക്കും എന്നതാണ് അടുത്ത ചോദ്യം. ഇതിന് ഇലക്ഷൻ കമ്മീഷന് മറുപടിയുണ്ടോ?

ജനങ്ങളുടെ വലിയൊരു ആശങ്ക, ഈ പ്രക്രിയയിൽ വലിയൊരു ശതമാനം ആളുകൾക്കും ഏകപക്ഷീയമായി വോട്ടവകാശം നിഷേധിക്കപ്പെട്ടേക്കാം എന്നതാണ്. വോട്ടർമാർക്ക് സുഗമമായി വോട്ട് രേഖപ്പെടുത്താൻ സഹായിക്കേണ്ടത് തിരഞ്ഞെടുപ്പു കമ്മീഷന്റെ കടമയാണ്. എന്നാൽ ഇലക്ഷൻ കമ്മീഷൻ ചെയ്യുന്നത് ഇതിന് വിപരീതമാണ്. വോട്ടർമാരെ ബുദ്ധിമുട്ടിക്കുകയും നൂറുകണക്കിന് കോടികൾ പൊതുഖജനാവിൽനിന്ന് ദുർവ്യയം ചെയ്ത് ഭരണപരമായ ജോലികൾ വർദ്ധിപ്പിക്കുകയും

## ബീഹാർ വോട്ടർ പട്ടിക

ചെയ്യുന്നു. കൂടാതെ, വോട്ടർ പട്ടികയിൽ പേരുകൾ നിലനിർത്തുന്നതിനോ ഉൾപ്പെടുത്തുന്നതിനോ ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിന് ഇത്തരം വോട്ടർമാരെ പണം നൽകി പ്രലോഭിപ്പിക്കാനും, ഭരണകക്ഷിക്ക് അനുകൂലമായി വോട്ടുചെയ്യാൻ സമ്മതിപ്പിക്കാനും സാധ്യതയുണ്ട്.

ഈ വിഷയം സുപ്രീംകോടതി ഡിവിഷൻ ബെഞ്ച് മുമ്പാകെ വന്നു. മൂന്ന് മണിക്കൂർ നീണ്ട വാദത്തിനിടെ, ഭരണഘടനാപരമായ ഒരു സ്ഥാപനമെന്ന നിലയിൽ ഇലക്ഷൻ കമ്മീഷന് 1951ലെ ജനപ്രാതിനിധ്യ നിയമത്തെ(ആർപിഎ) അതിലംഘിക്കുന്ന അധികാരങ്ങളുണ്ടെന്ന് ബെഞ്ച് അംഗീകരിക്കുകയും, വോട്ടർ പട്ടികയുടെ നിർദ്ദിഷ്ട പുനരവലോകനം നടത്തുന്നതിൽ നിന്ന് ഇലക്ഷൻ കമ്മീഷനെ തടയില്ലെന്ന് കോടതി അറിയിക്കുകയും ചെയ്തു. എന്നിരുന്നാലും, ഈ പ്രക്രിയ നീതിന്യായപരമായ ഇടപെടലിന് വിധേയമായിരിക്കുമെന്ന് സുപ്രീം കോടതി വ്യക്തമാക്കുകയും ചെയ്തു. പൗരത്വ വിഷയത്തിൽ, ഒരു വ്യക്തി പൗരനാണോ എന്ന് നിർണ്ണയിക്കേണ്ടത് ആഭ്യന്തര മന്ത്രാലയത്തിന്റെ അധികാര പരിധിയിലാണെന്ന് ബെഞ്ച് നിരീക്ഷിച്ചു. "പ്രായപൂർത്തിയായവർക്ക് വോട്ടവകാശത്തിനുള്ള മുൻകൂർ വ്യവസ്ഥ പൗരത്വമാണ്" എന്ന് പറയുന്ന ഭരണഘടനയുടെ 326–ാം വകുപ്പ് ഇസിയുടെ അഭിഭാഷകർ ഉദ്ധരിച്ചു.

തിരഞ്ഞെടുപ്പ് കമ്മീഷന് വോട്ടർ പട്ടികയിൽ പൗരന്മാർ മാത്രമാണെന്ന് ഉറപ്പാക്കണമെങ്കിൽ, "പ്രക്രിയ വളരെ നേരത്തെ ആരംഭിക്കണമായിരുന്നു" എന്ന് സുപ്രീം കോടതി ബെഞ്ച് നിരീക്ഷിച്ചു."2025ലെ വോട്ടർ പട്ടികയിൽ ഇതിനകം ഉൾപ്പെട്ടിട്ടുള്ള ഒരു വ്യക്തിക്ക് വോട്ടവകാശം നിഷേധിക്കാനുള്ള നിങ്ങളുടെ തീരുമാനം ആ വ്യക്തിയെ ഈ മുഴുവൻ നൂലാമാലയിലൂടെയും കടന്നുപോയി അപ്പീൽ നൽകാൻ നിർബന്ധിതനാക്കുകയും അതുവഴി വരാനിരിക്കുന്ന തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനുള്ള അവകാശം നിഷേധിക്കപ്പെടുകയും ചെയ്യും. വോട്ടർ പട്ടികയിൽനിന്ന് പൗരന്മാരല്ലാത്തവരെ ഒഴിവാക്കാൻ തീവ്രമായ ഒരു പ്രക്രിയയിലൂടെ വോട്ടർ പട്ടിക ശുദ്ധീകരിക്കുന്നതിൽ തെറ്റില്ല. എന്നാൽ നിങ്ങൾ ഒരു നിർദ്ദിഷ്ട തിരഞ്ഞെടുപ്പിന് ഏതാനും മാസങ്ങൾ മാത്രം മുമ്പാണ് ഇത് തീരുമാനിക്കുന്നത്..." എന്നാണ് ബെഞ്ചിലെ ബഹുമാനപ്പെട്ട ഒരു ജഡ്ജി പറഞ്ഞത്. മറ്റൊരു ജഡ്ജി കൂട്ടിച്ചേർത്തു: "ഈ രേഖകൾ ഉടനടി ആവശ്യപ്പെട്ടാൽ, എനിക്കു പോലും ഇപ്പോൾ അത് ഹാജരാക്കാൻ കഴിയില്ല, പ്രായോഗികത നോക്കൂ, സമയപരിധി നോക്കൂ."

ഒരു വോട്ടർക്ക് വോട്ടവകാശം നിഷേധിക്കപ്പെടുന്ന സാഹചര്യത്തിൽ, എന്ത് പ്രക്രിയയാണ് പിന്തുടരുകയെന്നും ജഡ്ജിമാർ ഇലക്ഷൻ കമ്മീഷനോട് ചോദിച്ചു. "ജനപ്രാതിനിധ്യ നിയമം (ആർപിഎ) അനുസരിച്ച് , വോട്ടർ പട്ടികയിൽനിന്ന് ഒരു വോട്ടറെ നീക്കം ചെയ്യുന്നതിനുമുമ്പ് വാക്കാൽ ഹിയറിംഗ് ആവശ്യപ്പെടുന്നുണ്ടെങ്കിൽ, 'തീവ്രമായ പുനരവലോകനത്തിൽ' ആ പ്രക്രിയ ഉണ്ടാകില്ലെന്ന് പറയാൻ കഴിയുമോ?" എന്നും ബെഞ്ച് ചോദിച്ചു. ആർപിഎയിലെ നിയമങ്ങൾ അനുസരിച്ച്, സ്ഥിരീകരിച്ച മരണങ്ങൾ ഒഴികെ, വോട്ടർമാരെ നീക്കം ചെയ്യാനുള്ള എല്ലാ കേസുകളിലും വോട്ടർക്ക് നോട്ടീസ് നൽകുകയും അവരുടെ വാദം കേൾക്കാൻ ന്യായമായ അവസരം നൽകുകയും വേണം.

അതോടൊപ്പം, ഈ പ്രക്രിയയിൽ ആധാർ, ഇലക്ടറൽ ഫോട്ടോ ഐഡന്റിറ്റി കാർഡ് (ഇലക്ഷൻ കമ്മീഷൻ നൽകിയ വോട്ടർ കാർഡ്), റേഷൻ കാർഡ് എന്നിവയെല്ലാം എന്തുകൊണ്ട് സാധുവായ രേഖകളായി സ്വീകരിക്കാൻ കഴിയില്ലെന്ന് വിശദീകരിക്കാനും സുപ്രീം കോടതി ആവശ്യപ്പെട്ടു. പരിശോധനയ്ക്കായി ഇലക്ഷൻ കമ്മീഷൻ പരാമർശിച്ച 11 രേഖകളുടെ പട്ടിക "സമഗ്രമല്ല" എന്നും സുപ്രീം കോടതി പറഞ്ഞു. അതിനാൽ, "ഞങ്ങളുടെ അഭിപ്രായത്തിൽ, ആധാർ കാർഡ്, വോട്ടർ കാർഡ്, റേഷൻ കാർഡ് എന്നിവ ഉൾപ്പെടുത്തുന്നത് നീതിക്ക് നിരക്കുന്നതായിരിക്കും. ഈ രേഖകൾ സ്വീകരിക്കണോ വേണ്ടയോ എന്ന് ഇപ്പോഴും തീരുമാനിക്കേണ്ടത് ഇലക്ഷൻ കമ്മീഷനാണ്, സ്വീകരിക്കുന്നില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ നൽകണം," കോടതി പറഞ്ഞു. ബഹുമാനപ്പെട്ട ഒരു ജഡ്ജി, ഇലക്ഷൻ കമ്മീഷൻ ആവശ്യപ്പെട്ട രേഖകൾ തനിക്കുപോലും ഹാജരാക്കാൻ കഴിയില്ലെന്ന് പറഞ്ഞു. വൻതോതിലുള്ള കൃത്രിമങ്ങളും തിരിമറികളും തടയാൻ ഇതുവരെ കഴിഞ്ഞിട്ടില്ലാത്ത ഒരു സ്ഥാപനം, പെട്ടെന്ന് ഇങ്ങനെയൊരു നീക്കം നടത്താൻ എന്തുകൊണ്ടാണ് തീരുമാനിച്ചത്? ഇത് തിരഞ്ഞെടുപ്പ്പ്രക്രിയയെശുദ്ധീകരിക്കാനുള്ള ഒരു നീക്കമാണോ, അതോ അതിനു പിന്നിൽ ഒരു ഒളി അജണ്ടയുണ്ടോ? ഒരു പരിധിവരെ സ്വയംഭരണം ആസ്വദിച്ചിരുന്ന മറ്റെല്ലാ സ്ഥാപനങ്ങളും ക്രമേണ ഭരണകക്ഷിയുടെ വാലായി മാറിക്കൊണ്ടിരിക്കുന്നതിനാലാണ് ഈ ചോദ്യം ഉയർന്നു വരുന്നത്. ഇലക്ഷൻ കമ്മീഷനും ഇതിൽ നിന്ന് വ്യത്യസ്തമല്ല എന്നത് വ്യക്തമാണ്.

അധികാരത്തിൽ വന്നതിനുശേഷം ബിജെപി സർക്കാർ, തങ്ങൾക്ക് വഴങ്ങുന്ന വ്യക്തികളെ ഉൾപ്പെടുത്തുന്നതിനായി ഇലക്ഷൻ കമ്മീഷനിലെ ഉദ്യോഗസ്ഥരെ നിയമിക്കുന്ന രീതി പരിഷ്കരിച്ചു. നേരത്തെ, പ്രധാനമന്ത്രി, പ്രതിപക്ഷ നേതാവ്, സുപ്രീം കോടതി ചീഫ് ജസ്റ്റിസ് എന്നിവരടങ്ങുന്ന ഒരു സെലക്ഷൻ പാനലായിരുന്നു തിരഞ്ഞെടുപ്പ് നടത്തിയിരുന്നത്. ഇപ്പോൾ, 2023ലെ ഒരു നിയമനിർമ്മാണത്തിലൂടെ, ചീഫ് ഇലക്ഷൻ കമ്മീഷണറെയും മറ്റ് തിരഞ്ഞെടുപ്പ് കമ്മീഷണർമാരെയും പ്രധാനമന്ത്രി, ലോക്സഭയിലെ പ്രതിപക്ഷ നേതാവ്, പ്രധാനമന്ത്രി നാമനിർദ്ദേശം ചെയ്യുന്ന ഒരു കേന്ദ്ര കാബിനറ്റ് മന്ത്രി എന്നിവരടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ് നിയമിക്കുന്നത്.

ചീഫ് ജസ്റ്റിസിനെ തന്ത്രപരമായി ഒഴിവാക്കിയതുവഴി, പ്രധാനമന്ത്രിക്കുമാത്രം തീരുമാനമെടുക്കാൻ കഴിയുന്ന സ്ഥിതിയായി. ജ്ഞാനേഷ് കുമാർ 2025 ഫെബ്രുവരി 19ന് ഇന്ത്യയുടെ 26–ാമത് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറായി ചുമതലയേറ്റു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിലെ അദ്ദേഹത്തിന്റെ സേവനകാലത്ത്, ജമ്മു കശ്മീരുമായി ബന്ധപ്പെട്ട, ഭരണഘടനയുടെ ആർട്ടിക്കിൾ 370 റദ്ദാക്കിയതിനെത്തുടർന്നുള്ള തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചയാളാണ്. അതിനാൽ, ഭരണകക്ഷിയായ ബിജെപിക്ക് അദ്ദേഹം പ്രിയങ്കരനായി. സമാനമായി, ബിജെപി ഭരണകാലത്ത് ഹരിയാന ചീഫ് സെക്രട്ടറിയായിരുന്ന വിവേക് ജോഷിയെ മറ്റ് രണ്ട് തിരഞ്ഞെടുപ്പ് കമ്മീഷണർമാരിൽ ഒരാളായി നിയമിച്ചു. ബിജെപി നേതാവ് പുഷ്കർസിംഗ് ധാമി 2021 ജൂലൈയിൽ ഉത്തരാഖണ്ഡ് മുഖ്യമന്ത്രിയായപ്പോൾ ചീഫ് സെക്രട്ടറിയായിരുന്ന സുഖ്ബീന്ദർ സിംഗ് സന്ധുവിനെ മറ്റൊരു കമ്മീഷണറായും നിയമിച്ചു, അദ്ദേഹം 2024 ജനവരി 31 വരെ അവിടെ സേവനമനുഷ്ഠിച്ചു. അതുകൊണ്ട്, ഇങ്ങനെയൊരു തിരഞ്ഞെടുപ്പ് കമ്മീഷൻ, ഭരണകക്ഷിയായ ബിജെപിയുടെ കൂട്ടിലടച്ച തത്തയാണോ എന്ന ആശങ്ക സ്വാഭാവികം മാത്രം.

'ദി ഹിന്ദു' ദിനപത്രം (08-07-25) റിപ്പോർട്ട് ചെയ്യതനുസരിച്ച്, "ബിഹാറിലെ ഈ വോട്ടർ പട്ടിക പുതുക്കൽ സുഗമമായ ഒരു പ്രക്രിയയാണെന്നും ഗണ്യമാംവിധം അപേക്ഷ സമർപ്പിക്കലുകൾ നടക്കുന്നുണ്ടെന്നും അവകാശപ്പെടുമ്പോഴും, ഇത് വൈരുദ്ധ്യങ്ങൾ നിറഞ്ഞതും വോട്ടർമാരുടെ വോട്ടവകാശം ഉറപ്പാക്കുന്നതിൽ ഗുരുതരമായ ഭീഷണി ഉയർത്തുന്നതുമാണ്. പ്രക്രിയ നന്നായി പുരോഗമിക്കുന്നുണ്ടെന്ന അവകാശവാദങ്ങൾക്കിടയിലും, ബന്ധപ്പെട്ട വോട്ടർമാരിൽ വെറും 11% പേർ മാത്രമാണ് ഫോമുകൾ സമർപ്പിച്ചിരിക്കുന്നത്. ഇലക്ഷൻ കമ്മീഷന്റെ പരസ്പരവിരുദ്ധമായ പ്രസ്താവനകൾ ഗുരുതരമായ പ്രശ്നങ്ങളാണ് വെളിവാക്കുന്നത്.

തുടക്കത്തിൽ, ബിഹാർ സിഇഒ (ചീഫ് ഇലക്ടറൽ ഓഫീസർ) പരസ്യങ്ങളിലൂടെ, നിർബന്ധിത 11 രേഖകൾ ഇല്ലാത്ത വോട്ടർമാരോട് മൃദുസമീപനം സ്വീകരിക്കുമെന്ന് പറഞ്ഞിരുന്നു. ബൂത്ത് ലെവൽ ഓഫീസർമാർക്ക് എൻറോൾമെന്റ് ഫോമുകൾ സമർപ്പിക്കാമെന്നും രേഖകൾ പിന്നീട് നൽകിയാൽ മതിയെന്നും, അല്ലെങ്കിൽ നിർബന്ധിത രേഖകളില്ലാതെതന്നെ പ്രാദേശിക തലത്തിൽ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ നടത്തുന്ന അന്വേഷണങ്ങളിലൂടെ പരിശോധന നടത്താമെന്നും പറഞ്ഞിരുന്നു. എന്നാൽ ഇദ്ദേഹം പിന്നീട് വ്യക്തമാക്കിയത്, രേഖകൾ സമർപ്പിക്കുന്നത് 2025 ജൂലൈ 25നകം പൂർത്തിയാക്കണമെന്നുള്ള മുൻ ഉത്തരവുകൾ നിലനിൽക്കുന്നുണ്ടെന്നും, അല്ലാത്തവർക്ക് 2025 ആഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 1 വരെ അവകാശവാദങ്ങളും ആക്ഷേപങ്ങളും ഉന്നയിക്കാൻ സമയം നൽകുമെന്നുമാണ്. നിലപാടിലെ ഈ മാറ്റവും പരിശോധനയ്ക്കായി പ്രാദേശിക തലത്തിലുള്ള അന്വേഷണങ്ങളെ ആശ്രയിക്കുന്നതും ചില പ്രശ്നങ്ങൾ ഉണ്ടാക്കുമെന്നുറപ്പാണ്.

പരിശോധന പ്രാദേശിക ഇലക്ടറൽ ഓഫീസർമാരുടെ വിവേചനാധികാരത്തിന് വിട്ടുകൊടുക്കുന്നത് ദുരുപയോഗത്തിനും പക്ഷപാതത്തിനും സാധ്യത വർദ്ധിപ്പിക്കുന്നു. ഇങ്ങനെയുള്ള താൽക്കാലിക നിലപാടുകൾ തെറ്റായ ഉൾപ്പെടുത്തലുകൾക്കോ ഒഴിവാക്കലുകൾക്കോ കാരണമാവുകയും, വോട്ടർ പട്ടികയുടെ വിശ്വാസ്യത തകർക്കുകയും ചെയ്യും."

ഇലക്ഷൻ കമ്മീഷന്റെ കണക്കനുസ

(ശേഷം 5–ാം പേജിൽ)

# ഗവർണ്ണറുടെ സംഘപരിവാർ അജണ്ടകളിൽനിന്ന് സർവകലാശാലകളെ രക്ഷിക്കാൻ ഒന്നിക്കുക

**സർവകലാശാലകളെ കാൽക്കീഴിലാക്കാൻ സംഘപരിവാറിനുവേണ്ടി ഗവർണർ കളത്തിലിറങ്ങി തുറന്നുവിട്ട ദുർഭൂതം കേരള സർവകലാശാലയുടെ യശസ്സിന് തീരാകളങ്കം ചാർത്തുകയും ഭാവി അനിശ്ചിതത്വത്തിൽ ആക്കുകയും ചെയ്തിരിക്കുന്നു. എല്ലാ ജനാധിപത്യ മര്യാദകളും കാറ്റിൽ പറത്തിയാണ് ചാൻസലർ എന്ന സ്ഥാനം ഉപയോഗിച്ച് കേന്ദ്ര ബിജെപി സർക്കാരിന്റെ രാഷ്ട്രീയ അജണ്ട നടപ്പാക്കാൻ ഗവർണർ രാജേന്ദ്ര ആർലേക്കർ കേരള സർവകലാശാലയെ കരുവാക്കുന്നത്.**



**മു**മ്പ് കേട്ടിട്ടില്ലാത്ത ഒരു വർഗീയ സംഘടനയുടെ പേരിൽ ജൂൺ 25ന് സർവകലശാല സെനറ്റ് ഹാളിൽ സ്വകാര്യ പരിപാടി സംഘടിപ്പിച്ചതും അതിൽ ഭാരതാംബ എന്ന പേരിൽ കാവിക്കൊടിയേന്തിയ ഒരു സ്ത്രീ രൂപം വെച്ച് പുഷ്പാർച്ചന നടത്തിയതും ഗവർണറെ മുഖ്യാതിഥിയാക്കിക്കൊണ്ടാണ്. അത്തരമൊരു പരിപാടി തന്നെ സംശയാസ്പദമാണ്. അതിന് പിന്നിലെ ദുഷ്ടലാക്ക് എന്തെന്ന് പിന്നീട് നടന്ന ഗവർണർ-സിപിഐ(എം) സിൻഡിക്കേറ്റ് പോര് നഗ്നമായി തുറന്നുകാട്ടുകയുണ്ടായി. ഗവർണറുടെ നികൃഷ്ടമായ സംഘപരിവാർ അജണ്ട എന്തെന്ന് ജനാധിപത്യപരമായി വ്യക്തമാക്കുന്നതിനുപകരം രജിസ്ട്രാറും സിപിഐ(എം) സിൻഡിക്കേറ്റ് അംഗങ്ങളും സംഘബലത്തിന്റെ അകമ്പടിയോടെ അതിനെ നേരിടാൻ ഇറങ്ങിയത് പ്രശ്നം കൂടുതൽ വഷളാക്കുകയാണ് ചെയ്തത്.

മത ചിഹ്നങ്ങൾ ഉപയോഗിക്കുന്ന, മേല്പറഞ്ഞ സംഘടനയ്ക്ക്, സ്വകാര്യ പരിപാടി നടത്താൻ സെനറ്റ് ഹാൾ ഉപയോഗിക്കാൻ രജിസ്ട്രാർ അനുമതി നൽകാൻ പാടില്ലായിരുന്നു. ആർഎസ്എസ് ഉപയോഗിക്കുന്ന ചിത്രം വേദിയിൽ വെച്ചതിനുശേഷം ആണ് രജിസ്ട്രാർ ആ പരിപാടിക്ക് ആദ്യം നൽകിയ അനുമതി റദ്ദാക്കുന്നത്. എന്നാൽ, അതിന്റെ പേരിൽ വ്യക്തിവൈരാഗ്യത്തോടെ രജിസ്ട്രാറെ സസ്പെൻഡ് ചെയ്യാൻ ഗവർണർ, വൈസ് ചാൻസലർ മോഹനൻ കുന്നുമ്മലിനോട് ആവശ്യപ്പെടുകയായിരുന്നു. യജമാന ഭക്തിയോടെ, വിനീത വിധേയനായി വൈസ് ചാൻസലർ, ചട്ടങ്ങളും വ്യവസ്ഥകളും പാലിക്കാതെ, രജിസ്ട്രാറെ സസ്പെൻഡ് ചെയ്തു. പിന്നീട് കാണുന്നത് ചേരിതിരിഞ്ഞുള്ള പോർവിളികളുടെയും പരസ്യമായ ചട്ടലംഘനങ്ങളുടെയും പരമ്പരയാണ്. വൈസ് ചാൻസലർ അവധിയെടുത്തു പോകുന്നു. പകരം മറ്റൊരു താൽക്കാലിക വിസിയെ -ഡോ. സിസാ തോമസിനെ- ഗവർണർ നിയോഗിക്കുന്നു. അവരും ഗവർണറുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് തുള്ളുകയാണ് ചെയ്തത്.

കേരള സർവകലാശാല നിയമമനുസരിച്ച് രജിസ്ട്രാറെ നിയമിക്കുന്നത് സിൻഡിക്കേറ്റ് തീരുമാനപ്രകാരമാണ്. അതുകൊണ്ടുതന്നെ തൊട്ടടുത്ത സിൻഡിക്കേറ്റ് മീറ്റിംഗിൽ രജിസ്ട്രാറെ സസ്പെന്റുചെയ്ത വിസിയുടെ നടപടി അജണ്ടയാകണം. അത് അംഗീകരിക്കുകയോ തള്ളിക്കളയുകയോ ചെയ്യേണ്ടതുണ്ട്. എന്നാൽ, തൊട്ടടുത്ത സിൻഡിക്കേറ്റ് യോഗത്തിൽ അങ്ങനെയൊരു അജണ്ട തന്നെ ചർച്ച ചെയ്യാൻ താൽക്കാലിക വിസി സിസാ തോമസ് അനുവദിച്ചില്ല. സിൻഡിക്കേറ്റിന്റെ അധ്യക്ഷസ്ഥാനം വഹിക്കേണ്ട വൈസ് ചാൻസർ തന്നെ യോഗം ബഹിഷ്കരിച്ച് ഇറങ്ങിപ്പോകുന്ന അസാധാരണമായ നടപടിക്കാണ് പിന്നീട് സർവകലാശാല സാക്ഷ്യം വഹിച്ചത്. അതിനെ നേരിടാനായി സിൻഡിക്കേറ്റ് യോഗം തുടരുകയും കെ.എസ്. അനിൽകുമാറിനെ സസ്പെൻഡ് ചെയ്ത നടപടി റദ്ദാക്കിയതായി ഭൂരിപക്ഷം അംഗങ്ങൾ തീരുമാനിച്ചതായി മിനിട്സിൽ രേഖപ്പെടുത്തുകയാണ് ചെയ്തത്. ആ തീരുമാനം അവർ ഹൈക്കോടതിയെ അറിയിക്കുകയും ചെയ്തു. പക്ഷേ അതുകൊണ്ടും തീർന്നില്ല. ഗവർണറും സംഘപരിവാറും സിസാ തോമസിനെ ഉപയോഗിച്ച് അനിൽകുമാറിന് പകരം മറ്റൊരു രജിസ്ട്രാറെ -മിനി ഡിജോ കാപ്പനെ- നിയോഗിച്ചതായി പ്രഖ്യാപിച്ച് സിൻഡിക്കേറ്റിനെ വെല്ലുവിളിക്കുകയാണ് ചെയ്തത്. അങ്ങനെ ചരിത്രത്തിൽ ആദ്യമായി കേരള സർവകലാശാലയിൽ ഒരേസമയം രണ്ട് രജിസ്ട്രാർമാർ നിലവിലുള്ള അതി വിചിത്രമായ സാഹചര്യം സംജാതമായി. അങ്ങേയറ്റം അധിക്ഷേപാർഹവും ചട്ടവിരുദ്ധവുമായ നടപടികളാണ് അവ. അസാധാരണമായ ഭരണപ്രതിസന്ധിക്കും തമ്മിലടിക്കും മേൽപ്പറഞ്ഞ ദുഷ്ചെയ്തികൾ കാരണമായി. സർവ്വകലാശാല തരംതാണ രാഷ്ട്രീയ ബലപരീക്ഷണ വേദിയായി. രജിസ്ട്രാർ നൽകുന്ന ഫയലുകൾ ഒപ്പിടാൻ വിസമ്മതിച്ച വൈസ് ചാൻസലർ പകരം തങ്ങൾ നിയോഗിച്ച താൽക്കാലിക രജിസ്ട്രാർ നൽകുന്ന ഫയലുകൾ മാത്രം സ്വീകരിക്കുകയും ഒപ്പിടുകയും ചെയ്യുന്ന സ്ഥിതിവരെയെത്തി കാര്യങ്ങൾ.

അങ്ങനെ, ഒരു ഭാഗത്ത് സിപിഐ (എം) രജിസ്ട്രാറും ജോയിന്റ് രജിസ്ട്രാർമാരും മറുഭാഗത്ത് സംഘപരിവാറിന്റെ നോമിനികളായ രജിസ്ട്രാറും ജോയിന്റ് രജിസ്ട്രാർമാരും പരസ്പരം ഏറ്റുമുട്ടുന്ന ഒരു കലാപകേന്ദ്രമായി സർവകലാശാല ആസ്ഥാനം അധപ്പതിച്ചു. ചട്ടവിരുദ്ധമായി നിയമിക്കപ്പെട്ട സംഘപരിവാർ രജിസ്ട്രാറെ സർവകലാശാലയിൽ തടയാൻ എസ്എഫ്ഐയും ഡിവൈഎഫ്ഐയുംകൂടി രംഗത്തിറങ്ങി. അവയെല്ലാം ക്രമസമാധാന പ്രശ്നത്തോളം വളരുകയും ചെയ്തു. പിടിവിട്ടു പോകുന്ന സ്ഥിതി. ഒരു സർവകലാശാലയിൽ ഒരിക്കലും സംഭവിക്കരുതാത്ത കാര്യങ്ങളാണ് ഇപ്പോൾ അവിടെ നടന്നുകൊണ്ടിരിക്കുന്നത്. സർവകലാശാലയ്ക്ക് അകത്ത് സമ്പൂർണ്ണമായ അരാജകത്വം സൃഷ്ടിക്കുവാൻ ചാൻസലർ കൂടിയായ ഗവർണർ നേതൃത്വം നൽകിയെന്നത് യാദൃശ്ചികമല്ല. മേൽ നടപടികളിലൂടെ, സർവകലാശാലകളുടെ സ്വയം ഭരണവകാശത്തെയാണ് ഇക്കൂട്ടർ ചവിട്ടിമെതിക്കുന്നത്. സർവ്വകലാശാലകളുടെ സ്വാതന്ത്ര്യ ജനാധിപത്യ സ്വഭാവത്തെ തകർത്താലേ ഭരണകൂടം വിഭാവനം ചെയ്യുന്ന ഫാസിസ്റ്റ് അജണ്ടകൾ കൊണ്ടുവരാനാകൂയെന്ന് കേന്ദ്രസർക്കാരിന് നന്നായി അറിയാം.

രാഷ്ട്രീയ അധികാര ശക്തികളുടെ തട്ടകമല്ല സർവകലാശാല എന്ന ബാലപാഠം ഒന്നാമതായി ചാൻസലർ സ്ഥാനം അലങ്കരിക്കുന്ന ഗവർണർ തിരിച്ചറിയേണ്ടതുണ്ട്. ഗവർണർ സംസ്ഥാന ഭരണത്തിന്റെ തലവനും സർവകലാശാലയുടെ ചാൻസലറും കൂടിയാണ്. അദ്ദേഹം തന്റെ വ്യക്തിപരമായ രാഷ്ട്രീയ പ്രത്യയശാസ്ത്രം ഔദ്യോഗിക കൃത്യനിർവഹണത്തിന് ഒരായുധമായി ഉപയോഗിക്കാൻ പാടില്ല. രാജ്ഭവനിലെ പരിപാടികളിൽ ഒരു ചിത്രം -ഭാരതാംബയെന്ന പേരിൽ പ്രദർശിപ്പിക്കുന്നതും നമ്മുടേതുപോലെ ഒരു മതേതര സമൂഹത്തിന് സ്വീകരിക്കാൻ ആവില്ല എന്ന തിരിച്ചറിവ് ഗവർണർ സ്ഥാനം വഹിക്കുന്ന ആർലേക്കർക്ക് ഉണ്ടായേ മതിയാവൂ.

സർവ്വകലാശാലയെ സംബന്ധിച്ചിടത്തോളം ചാൻസലർ ഒരു ആലങ്കാരികമായ പദവി മാത്രമാണ് എന്ന കാര്യവും അദ്ദേഹം പഠിക്കേണ്ടതുണ്ട്. സർവകലാശാലകളുടെ അക്കാദമികമായ സമിതികളിലും ഭരണസമിതികളിലും ഉയർന്ന സാമൂഹിക സാംസ്കാരിക അക്കാദമിക വ്യക്തിത്വങ്ങളാണ് വരേണ്ടത്. രാഷ്ട്രീയ നേതൃത്വത്തിലുള്ളവരല്ല. രാഷ്ട്രീയ നേതൃത്വം സർവകലാശാലയുടെ ഭരണം പിടിക്കാൻ ഇറങ്ങിയാൽ എന്തായിരിക്കും സ്ഥിതി. നിർഭാഗ്യവശാൽ ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലെയും സർവ്വകലാശാലകളുടെ മേൽ രാഷ്ട്രീയ ആധിപത്യം ഉപയോഗിച്ച് തങ്ങളുടെ അജണ്ട നടപ്പാക്കാൻ സംഘപരിവാറും ബിജെപിയും കേന്ദ്രസർക്കാരും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പുതിയ ദേശീയ വിദ്യാഭ്യാസ നയവും അവർ അതിനായി ഉപയോഗപ്പെടുത്തുകയാണ്. ഇന്ത്യ നേരിടുന്ന ഗുരുതരമായ വെല്ലുവിളികളിൽ ഒന്നാണത്.

കാവിവൽക്കരണംമാത്രമല്ല, വിദ്യാഭ്യാസത്തിന്റെ അന്തസത്തയെത്തന്നെ കെടുത്തിക്കളയുന്ന അപകടകരമായ ഒളിയജണ്ടകൾ അടങ്ങിയ ദേശീയ വിദ്യാഭ്യാസ നയത്തിനെതിരെ വലിയ പ്രക്ഷോഭങ്ങൾ ഉയർന്നുവരേണ്ടുന്നസമയമാണിത്.എന്നാൽ, സംസ്ഥാനം ഭരിക്കുന്ന പാർട്ടിയായ സിപിഐ(എം) നേതൃത്വം നൽകുന്ന സിൻഡിക്കേറ്റും കക്ഷിരാഷ്ട്രീയ ബലാബലത്തിന്റെയും അധികാര ഹുങ്കിന്റെയും കളിയരങ്ങാക്കി സർവകലാശാലയെ മാറ്റുന്നതിൽ ഇതിനകം വഹിച്ചുകൊണ്ടിരിക്കുന്ന പങ്ക് മാപ്പർഹിക്കാത്താണ്. സർവകലാശാലകളുടെ സ്വയംഭരണാവകാശം എന്ന മഹത്തായ ജനാധിപത്യ സങ്കൽപ്പത്തെയും അതിന്റെ പ്രയോഗത്തെയും കാലങ്ങളായി കേരളത്തിൽ കരുതികഴിക്കുന്നതിൽ സിപിഐ(എം) നേതൃത്വം നൽകുന്ന സർക്കാർ മുൻപന്തിയിലാണ്. അവരെ സംബന്ധിച്ചിടത്തോളം ചാൻസലറും വൈസ്-ചാൻസലറും രജിസ്ട്രാറും ഉന്നത വിദ്യാഭ്യാസ സമിതികളിലെ അംഗങ്ങളും സിൻഡിക്കേറ്റും മറ്റുമൊക്കെ തങ്ങളുടെ കക്ഷി രാഷ്ട്രീയ നോമിനികളയിരിക്കണം എന്ന ഒറ്റ നിർബന്ധം മാത്രം. അല്ലാതെ സർവകലശാലകളുടെ സ്വാതന്ത്ര്യം അവരുടെ വിദൂര പരിഗണന പോലുമല്ല. അധികാര സ്ഥാനങ്ങൾ അരക്കിട്ടുറപ്പിക്കാൻവേണ്ടി മാത്ര

(ശേഷം 6-ാം പേജിൽ)

## ബീഹാർ വോട്ടർ പട്ടിക

(4-ാം പേജിൽ നിന്ന്)

രിച്ച്, 35.5 ലക്ഷം പേരുകൾ ഇതിനകം ലിസ്റ്റിൽ നിന്ന് നീക്കം ചെയ്തിട്ടുണ്ട്. അതുകൊണ്ട്, ബീഹാറിലെ വോട്ടർ പട്ടിക പുതുക്കിപ്പണിയാനുള്ള നിർദ്ദിഷ്ട നീക്കത്തിനു പിന്നിൽ ഒരു ഒളിഅജണ്ടയുണ്ടോ എന്ന ചോദ്യം ഉയരുന്നു. ബീഹാറിലെ വോട്ടർ പട്ടികയുടെ ഈ തീവ്രമായ പുനരവലോകനം സംബന്ധിച്ച് വലിയ വിവാദങ്ങൾ നിലനിൽക്കുമ്പോഴും, ഈ വർഷം ആഗസ്റ്റിൽ പശ്ചിമ ബംഗാളിലും ന്യൂഡൽഹിയിലും സമാനമായ ഒരു നടപടിക്രമം ആരംഭിക്കാൻ ഇലക്ഷൻ കമ്മീഷൻ ഇപ്പോൾ തയ്യാറെടുക്കുന്നു എന്ന അഭ്യൂഹങ്ങൾ പരക്കുകയാണ്. അതിനാൽ, ഈ നീക്കത്തിന്റെ ഉദ്ദേശ്യം വ്യക്തമാണ്. ഭരണകക്ഷിക്ക് എതിരായി വോട്ടുചെയ്യാൻ സാധ്യതയുള്ള വോട്ടർമാരുടെ പേരുകൾ ഒഴിവാക്കുകയും, അവർക്ക് അനുകൂലമായ പേരുകൾ ഉൾപ്പെടുത്തുകയും ചെയ്യുക. ബാലറ്റ് പേപ്പറുകളിൽ നിർബന്ധിച്ച് സീൽ ചെയ്യുന്നതിലൂടെയും, ബൂത്ത് പിടിച്ചെടുക്കൽ, യഥാർത്ഥ വോട്ടർമാരെ വോട്ടവകാശം വിനിയോഗിക്കുന്നതിൽ നിന്ന് തടയൽ, പണം നൽകി വോട്ടുവാങ്ങൽ, ഭരണകക്ഷിക്കും ഭരണവർഗത്തിനും പ്രിയങ്കരരായ സ്ഥാനാർത്ഥികളെ മാത്രം ഉയർത്തിക്കാട്ടുംവിധം മാധ്യമങ്ങളെ വിലക്കെടുത്ത് ഉപയോഗിക്കൽ, ഭരണസംവിധാനം വോട്ടെടുപ്പിലെ ക്രമക്കേടുകളിൽ ഇടപെടാതിരിക്കുയോ അല്ലെങ്കിൽ അവയെ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുക തുടങ്ങിയ തിരഞ്ഞെടുപ്പ് അട്ടിമറികളെക്കുറിച്ചാണ് ഇതുവരെ നമ്മൾ കേട്ടിരുന്നത്. എന്നാൽ ഇപ്പോൾ, ഈ നീക്കത്തിലൂടെ,വോട്ടർപട്ടികശുദ്ധീകരിക്കുന്നതിന്റെയും പ്രക്രിയയെ വ്യവസ്ഥാപിതമാക്കുന്നതിന്റെയും മറവിൽ, പുതിയൊരുതരം ഭരണപരമായ അട്ടിമറി നടപ്പിലാക്കപ്പെടുകയാണെന്ന് കരുതാം. ഇത് അപ്രതീക്ഷിതമല്ല.

കാലം മാറുന്നതിനനുസരിച്ച്, ഫാസിസ്റ്റ് സ്വേച്ഛാധിപത്യത്തിലെ തിരഞ്ഞെടുപ്പുകൾ, ബൂർഷ്വാ പാർലമെന്ററി ജനാധിപത്യത്തിന്റെ പ്രാഥമിക തത്വങ്ങളെ പാടെ അട്ടിമറിക്കുന്ന ഒരു പ്രഹസനമായി മാറിക്കൊണ്ടിരിക്കുകയാണ്. ബീഹാറിലെ നിലവിലെ വോട്ടർ പട്ടികയുടെ പുനരവലോകനം ഇതിന് ഒരു ഉത്തമ ഉദാഹരണമാണ്. ■

# ദക്ഷിണേന്ത്യൻ സ്കൂൾ ഓഫ് പൊളിറ്റിക്സ്

**മാ**ർക്സിയൻ ദർശനത്തിന്റെ അടിസ്ഥാന പ്രമാണങ്ങളെ അധികരിച്ച് നാലു ദിവസം നീണ്ടുനിന്ന ദക്ഷിണേന്ത്യൻ സ്കൂൾ ഓഫ് പൊളിറ്റിക്സ് കർണാടകയിലെ മൈസൂരിൽ ബസന്ത് കൺവൻഷൻ ഹാളിൽ ജൂലൈ 18 മുതൽ 21 വരെ നടന്നു. ആന്ധ്ര പ്രദേശ്, തെലങ്കാന, തമിഴ്നാട്, പോണ്ടിച്ചേരി, കർണാടക, കേരളം എന്നീ സംസ്ഥാനങ്ങളിൽ നിന്നായി 1020 പാർട്ടി പ്രവർത്തകർ പങ്കെടുത്തു. ഏഴ് സെഷനുകളിലായി നടന്ന സ്കൂളിൽ പാർട്ടിയുടെ അഖിലേന്ത്യാ ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് വിവിധ വിഷയങ്ങളിലായി നടന്ന ക്ലാസ്സുകൾ നയിച്ചു. പാർട്ടി പൊളിറ്റ് ബ്യൂറോ അംഗങ്ങൾ സഖാക്കൾ കെ.രാധാകൃഷ്ണ, അമിതാവ ചാറ്റർജി, കേന്ദ്ര കമ്മിറ്റി അംഗങ്ങളായ സഖാക്കൾ സുഭാഷ് ദാസ് ഗുപ്ത, കെ.ശ്രീധർ, കെ.ഉമ, ജയ്സൺ ജോസഫ്, അമർനാഥ്, എ.രംഗസാമി എന്നീ സഖാക്കളും വേദിയിൽ ഉപവിഷ്ടരായിരുന്നു.

സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അനുഭവങ്ങൾ നൽകുന്ന പാഠങ്ങൾ വിശദമാക്കി, പ്രത്യയശാസ്ത്ര പഠനത്തിന്റെ അളവറ്റ പ്രാധാന്യമെന്തെന്ന് ആവർത്തിച്ചുറപ്പിച്ചുകൊണ്ട് പ്രഥമസെഷനിൽ സഖാവ് ചർച്ചകൾ ആരംഭിച്ചു. തുടർന്ന് എന്തുകൊണ്ട് മാർക്സിസം ജീവിതദർശനമായി നമ്മൾ സ്വീകരിക്കുന്നുവെന്ന് അദ്ദേഹം വിശദമാക്കി. സത്യം കണ്ടെത്താനുള്ള ഉപാധിയെന്ന നിലയിൽ ആധുനികശാസ്ത്രത്തെ അംഗീകരിക്കുന്ന ഒരേയൊരു തത്വചിന്ത മാർക്സിസമാണെന്നതിനാലാണ് നാം അതിനെ വഴികാട്ടിയായി സ്വീകരിക്കുന്നത്. തുടർന്ന് വൈരുദ്ധ്യാത്മക ഭൗതികവാദത്തിന്റെ ലോകവീക്ഷണം വിശദമായി മൂന്ന് സെഷനുകളിലായി സഖാവ് പ്രതിപാദിച്ചു. പ്രകൃതിപ്രതിഭാസങ്ങളിലെന്നപോലെതന്നെ ചരിത്രത്തിലും ദ്വന്ദ്വാത്മകതയുടെ തത്വങ്ങൾ പ്രയോഗിച്ചുകൊണ്ട് തൊഴിലാളിവർഗ്ഗത്തിന്റെ അഗ്രിമാചാര്യനായ കാൾ മാർക്സ് കണ്ടെത്തിയ സാമൂഹ്യവികാസ നിയമങ്ങൾ വിശദമാക്കുന്ന ചരിത്രപരമായ ഭൗതികവാദത്തിന്റെ പാഠങ്ങൾ അദ്ദേഹം വിശദമാക്കി. പാർട്ടിസംഘടനാ തത്വങ്ങളും കമ്മ്യൂണിസ്റ്റ് പെരുമാറ്റച്ചട്ടവും ലളിതമായി അവതരിപ്പിച്ചുകൊണ്ട് കമ്മ്യൂണിസ്റ്റായി മാറാനുള്ള വിപ്ലവജീവിതസമരത്തിന്റെ സങ്കീർണ്ണമായ വശങ്ങൾ ആറാമത്തെ സെഷനിൽ ചൂണ്ടിക്കാട്ടി.



എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ്.

ഒടുവിൽ ഇന്നത്തെ സാർവ്വദേശീയ-ദേശീയ സാഹചര്യത്തിൽ ഒരേയൊരു തൊഴിലാളിവർഗ്ഗ വിപ്ലവ പാർട്ടിയായ എസ്‌യുസിഐ (സി)യെ ശക്തിപ്പെടുത്തുന്നതിനായി സഖാക്കൾ ചുമലിലേറ്റേണ്ടുന്ന കടമകൾ സഖാവ് പ്രൊവാഷ് ഘോഷ് വൈകാരികമായി അവതരിപ്പിച്ചു. സഖാവ് ശിബ്‌ദാസ് ഘോഷിന്റെ സ്മരണകളെ സാക്ഷിയാക്കി, ശ്രേഷ്ഠമായ വിപ്ലവജീവിതത്തിനായി സമർപ്പിക്കുമെന്ന ഒരേ മനസ്സോടെയുള്ള ഒന്നടങ്കം സഖാക്കളുടെയും തീരുമാനത്തിന്റെ അന്തരീക്ഷം അവിടെ തുളുമ്പിനിന്നു. എത്ര വലിയ പ്രതിസന്ധിയുടെ മുമ്പിലും പതറാതെ, സഖാവ് ശിബ്‌ദാസ് ഘോഷിന്റെ ഉദ്ബോധനങ്ങൾ നിറവേറ്റിക്കൊണ്ട് ഇന്ത്യൻ വിപ്ലവത്തെ അതിന്റെ ചരിത്രപരിണതിയിലേക്ക് നയിക്കുമെന്ന് ദൃഢപ്രതിജ്ഞ ചെയ്തുകൊണ്ടാണ് സഖാക്കൾ സ്കൂളിൽ നിന്നും പിരിഞ്ഞത്. ■




സ്കൂൾ ഓഫ് പൊളിറ്റിക്സിൽ പങ്കെടുക്കുന്ന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള സഖാക്കൾ.

## വേടന്റെ പാട്ട് ഒഴിവാക്കണം എന്ന് എസ്‌യുസിഐ(സി) ആവശ്യപ്പെട്ടിട്ടില്ല

**വേ**ടൻ എന്ന് അറിയപ്പെടുന്ന ഹിരൺദാസ് മുരളിയുടെ പാട്ട് കോഴിക്കോട് സർവ്വകലാശാല സിലബസ്സിൽനിന്ന് ഒഴിവാക്കണമെന്ന് എസ്‌യുസിഐ(കമ്യൂണിസ്റ്റ്) പാർട്ടി ആവശ്യപ്പെട്ടിട്ടില്ലെന്ന് സംസ്ഥാന സെക്രട്ടറി ജയ്സൺ ജോസഫ് പ്രസ്താവിച്ചു. സേവ് യൂണിവേഴ്സിറ്റി ഫോറം എസ്‌യുസിഐ സംഘടനയാണ് എന്ന് പ്രചരിപ്പിക്കുന്നത് ദുഷ്ടലാക്കോടെയാണ്. തീർത്തും വസ്തുതാ വിരുദ്ധമായ കാര്യമാണിത്. എം. ഷാജർഖാൻ സ്വന്തം നിലപാട് ഇതിനകം വ്യക്തമാക്കിയിട്ടുമുണ്ട്. ആരോഗ്യകരമായ സംവാദങ്ങൾക്ക് വ്യാജപ്രചാരണ തന്ത്രങ്ങൾ വിലങ്ങുതടിയാകുമെന്ന് വിനയപൂർവ്വം ഓർമ്മിപ്പിക്കട്ടെ. സ്വന്തം നിലപാട് സുതാര്യമായും നിർഭയമായും പ്രകടിപ്പിക്കുന്ന സംഘടനയാണ് എസ്‌യുസിഐ(സി). വിശാലമായ ജനതാല്പര്യത്തിന്റെയും സാമൂഹ്യ പുരോഗതിയുടെയും പക്ഷത്തു നിന്നുകൊണ്ടുമാത്രമാണ് ഏതൊരു വിഷയത്തെ സംബന്ധിച്ചുമുള്ള നിലപാട് പാർട്ടി സ്വീകരിക്കുന്നത്.

റാപ് സംഗീതം പ്രതിനിധാനം ചെയ്യുന്ന മർദ്ദിതന്റെ രാഷ്ട്രീയത്തോടും വേടന്റെ പാട്ടിനോടും ഞങ്ങൾ യോജിക്കുന്നു. യൂണിവേഴ്സിറ്റി സിലബസ് രൂപീകരണം ഉൾപ്പെടെയുള്ള അക്കാദമിക് വിഷയങ്ങളിൽ തീരുമാനമെടുക്കാനുള്ള അവകാശം സ്വയംഭരണാവകാശമുള്ള യൂണിവേഴ്സിറ്റി സമിതികൾക്ക് ആയിരിക്കണം. രാഷ്ട്രീയ പരിഗണനകൾ ഉൾപ്പെടെ ഒരു സങ്കുചിത താല്പര്യവും അതിൽ കൈകടത്തിക്കൂടാ. യൂണിവേഴ്സിറ്റികളുടെ സ്വയംഭരണാവകാശം തകർക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മത്സര ബുദ്ധിയോടെ ശ്രമിക്കുമ്പോൾ നമ്മുടെ യൂണിവേഴ്സിറ്റികളെ സംരക്ഷിക്കാൻ ജനാധിപത്യ വിശ്വാസികൾ ഒത്തൊരുമിച്ച് രംഗത്തിറങ്ങണമെന്നും അനാവശ്യ വിവാദങ്ങളിൽ നിന്ന് ബന്ധപ്പെട്ടവർ പിന്മാറണമെന്നും ജയ്സൺ ജോസഫ് അഭ്യർത്ഥിച്ച. ■

## ഗവർണ്ണർ സർവ്വകലാശാല

(5-ാം പേജിൽ നിന്ന്)

മുള്ള ജനാധിപത്യവിരുദ്ധ നീക്കങ്ങളിലാണ് അവരുടെ പൂർണ ശ്രദ്ധ.

കേന്ദ്രസർക്കാരിന്റെ ദേശീയ വിദ്യാഭ്യാസ നയം അപ്പടി നടപ്പാക്കുന്ന സംസ്ഥാന സർക്കാറിനും ഇടത് സിൻഡിക്കേറ്റിനും സംഘപരിവാറുമായി പ്രത്യയശാസ്ത്രപരമായ വിയോജിപ്പുകൾ എന്താണ് ഉള്ളത്? ഉന്നത വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും വിദ്വേഷത്തിന്റെ പ്രത്യയശാസ്ത്രം അടങ്ങിയ നയം നടപ്പാക്കാൻ തട്ടകം ഒരുക്കിക്കൊടുത്തിരിക്കുകയാണ് സിപിഐ(എം)ന്റെ നിയന്ത്രണത്തിലുള്ള സർവകലാശാല സമിതികൾ. സംസ്ഥാനത്തെ കോളജുകളിലെ അസംഖ്യം അദ്ധ്യാപക തസ്തികകളിൽ സ്ഥിരം നിയമനം നടത്തുന്നില്ല. ഭൂരിപക്ഷം കോളേജുകളിലും പ്രിൻസിപ്പൽ കസേരകൾ ഒഴിഞ്ഞുകിടക്കുന്നു. 13ൽ 12 സർവ്വകലാശാലകളിലും സ്ഥിരം വൈസ്-ചാൻസലർമാരില്ല.

പുതിയ ദേശീയ വിദ്യാഭ്യാസ നയമെന്ന ഫാസിസ്റ്റ് വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായ നാലുവർഷ ബിരുദ പരിപാടി കഴിഞ്ഞ വർഷം മുഖ്യമന്ത്രിയാണ് ഉദ്ഘാടനം ചെയ്തുകൊടുത്തത്. യുജിസി നിഷ്കർഷിക്കുന്നവിധത്തിൽ സിലബസ് പരിഷ്കരണം അപ്പടി നടപ്പാക്കി കൊടുക്കുകയാണ്. സ്വയംഭരണ കോളേജുകൾ വ്യാപമാക്കണമെന്ന ദേശീയ നയം കേരളത്തിൽ വളരെ ഊർജിതമായി നടപ്പാക്കുകയാണ്. എന്തിനേറെ, ഗോൾവാൾക്കറുടെയും സവർക്കറുടെയും പുസ്തകങ്ങൾ കണ്ണൂർ സർവകലാശാലയിൽ പഠിപ്പിക്കാൻ അനുമതി നൽകിയത് സിപിഐ(എം) നിയന്ത്രത്തിലുള്ള സിൻഡിക്കേറ്റ് ആയിരുന്നല്ലോ. അതിനെതിരെ ഉയർന്നു വന്ന പ്രതിഷേധങ്ങളെ തുടർന്നാണ് അവ പിൻവലിച്ചത്. ദേശീയ വിദ്യാഭ്യാസനയ പ്രകാരമാണ് കേരളത്തിൽ സ്വകാര്യ സർവകലാശാല ബില്ല് നിയമസഭയിൽ കൊണ്ടുവന്നത്. സ്വകാര്യ സർവ കലാശാലകളെ മാത്രല്ല വിദേശ സർവകലാശാലകളെയും അവർ സ്വാഗതം ചെയ്യുന്നു! ദേശീയ വിദ്യാഭ്യാസനയ പ്രകാരം പിഎം ശ്രീ പദ്ധതിയ്ക്കായി കേരളത്തിലെ സർക്കാർ സ്കൂളുകൾ കേന്ദ്ര സർക്കാരിന് വിട്ടുകൊടുക്കാൻ കേരള സർക്കാർ ആലോചിക്കുകയും അനുകൂലമായി ആദ്യം പ്രതികരിക്കുകയും ചെയ്തു. ശക്തമായ എതിർപ്പുകൾമൂലമാണ് തല്ക്കാലം അതിൽനിന്ന് പിന്മാറിയത്. സ്ഥിരം അദ്ധ്യാപക നിയമന സങ്കൽപ്പം ക്രമേണ മാറ്റി കരാർ നിയമനങ്ങളിലേക്ക് തിരിച്ചുവിടുന്ന നയവും ദേശീയ വിദ്യാഭ്യാസ നയത്തിന്റേതാണ്. സ്വതന്ത്ര ഗവേഷണത്തെ തളർത്തുന്നതാണ് ദേശീയ വിദ്യാഭ്യാസനയം. കേരളത്തിലോ? ഗവേഷകർക്ക് സ്കോളർഷിപ് തുക നൽകുന്നതിൽ സംസ്ഥാന സർക്കാർ കാട്ടുന്ന കുറ്റകരമായ കാലതാമസം മൂലം അനേകം ഗവേഷകർ റിസർച്ച് അവസാനിപ്പിച്ചുപോകുന്നു.

സ്കൂൾ വിദ്യാഭ്യാസത്തെ തകർത്ത ഡിപിഇപി വിദ്യാഭ്യാസ രീതികൾ സ്വീകരിക്കുന്നതിൽ കേരളത്തെ മാതൃകയാക്കിയാണ് ദേശീയ വിദ്യാഭ്യാസ നയം നീങ്ങുന്നത്. പഠിപ്പിക്കാതെ പാസ്സാക്കിവിടുന്ന ആൾ പ്രൊമോഷൻ സമ്പ്രദാത്തിനുവേണ്ടി ഡിപിഇപിയുടെ കാലം മുതൽ ഇക്കാലമാത്രയും കേരള സർക്കാർ നിലകൊണ്ടു. ക്ലസ്റ്റർ സ്കൂൾ, ക്ലസ്റ്റർ കോളജ് സംവിധാനം നടപ്പാക്കാനുള്ള നയത്തിന്റെ കാര്യത്തിലും കേന്ദ്രവും കേരളവും ഒരേ വഴിയിൽത്തന്നെ. നാക് അക്രഡിറ്റേഷൻ ഉൾപ്പടെയുള്ള എല്ലാ വാണിജ്യമാനദണ്ഡങ്ങളും സ്വീകരിച്ചാണ് ഇടത് ലേബൽവച്ച കേരള സർക്കാർ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ കേന്ദ്രത്തിന്റെ വിദ്യാഭ്യാസ വിരുദ്ധ സമീപനത്തിന് അടിയറവെച്ച് കൊടുത്തിട്ടുള്ളത്.

അപ്പോൾ, നയപരമായി കേന്ദ്ര ബിജെപി സർക്കാരുമായി ഒരു വിയോജിപ്പും ഇല്ലാത്ത ഇടതുമുന്നണി സർക്കാരും അവരുടെ സർവകലാശാല യൂണിയനുകളും സർവകലാശാല ഭരണ നിയന്ത്രണാധികാരം കൈക്കലാക്കാൻവേണ്ടി മാത്രമാണ് ഗവർണറുമായി ഏറ്റുമുട്ടൽ നാടകങ്ങൾ നടത്തുന്നത്. നിയമനങ്ങളുടെ കാര്യത്തിൽ ഏത് പിൻവാതിൽ നിയമനം നടത്താനും എത്ര അധാർമികമായ തന്ത്രങ്ങൾ പയറ്റാനും സിപിഐ(എം) നേതാക്കൾക്ക് യാതൊരു മടിയുമില്ല എന്ന് ഇതിനകം പലവട്ടം തെളിയിച്ചതുമാണ്. അപ്പോൾ, എണ്ണമറ്റ പ്രതിസന്ധികളുടെ നടുവിലേക്ക് സർവകലാശാലകളെ തള്ളിവിട്ടതിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകളും അവരുടെ സങ്കുചിത രാഷ്ട്രീയ താൽപര്യ പ്രകാരം ചലിക്കുന്ന സർവകലാശാല സമിതികളും ഉത്തരവാദികളാണെന്ന് വ്യക്തമാണ്. ഇത്തരമൊരു ഗുരുതര സാഹചര്യത്തിൽ, സർവകാശലകളെയും അവയുടെ സ്വയം ഭരണാവകാശത്തെയും സംഘപരിവാറിന്റെ നികൃഷ്ട അജണ്ടയിൽനിന്നും സിപിഐ(എം)ന്റെ സങ്കുചിത രാഷ്ട്രീയ കരുനീക്കങ്ങളിൽ നിന്നും രക്ഷിക്കുവാൻ വിദ്യാഭ്യാസ സ്നേഹികളും പൊതുസമൂഹവും മുന്നോട്ടുവരാതെ തരമില്ല.

കേന്ദ്ര -സംസ്ഥാന ഭരണാധികാരികളോ ഗവർണ്ണറോ മറ്റു ബാഹ്യശക്തികളോ സർവകലാശാലകളുടെ നടത്തിപ്പിൽ ഒരു കാരണവശാലും ഇടപെടാൻ പാടില്ല എന്ന ജനാധിപത്യ തത്വത്തെ മുറുകെപ്പിടിക്കാതെ നമ്മുടെ സർവ്വകലാശാലകളെ രക്ഷിക്കാനാവില്ല. തടയേണ്ടത് ഗവർണർ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ പ്രത്യയശാസ്ത്ര അജണ്ടകളെയാണ്. അവ നടപ്പാക്കുന്ന ഇരട്ടത്താപ്പ് സിപിഐ(എം) സർക്കാർ അവസാനിപ്പിക്കണം. അദ്ധ്യാപക -വിദ്യാർത്ഥി സംഘടനകൾ കേന്ദ്ര സർക്കാരിന്റെ നയം നടപ്പാക്കുന്ന സംസ്ഥാന പിണറായി സർക്കാരിനെതിരെക്കൂടിയാവണം പ്രക്ഷോഭത്തിന്റെ കുന്തമുന തിരിക്കേണ്ടത്. ■



# അഹമ്മദാബാദ് വിമാനാപകടത്തിന്റെ ഉത്തരവാദിത്തത്തിൽ നിന്ന് വ്യോമയാന മന്ത്രാലയത്തിന് ഒഴിഞ്ഞുമാറാനാവുമോ?

**ജൂൺ 12ന് ഉച്ചയ്ക്ക് അഹമ്മദാബാദ് വിമാനത്താവളത്തിനു പുറത്ത് എയർ ഇന്ത്യയുടെ വിമാനം തകർന്നുവീണു. ക്രൂ അംഗങ്ങൾ ഉൾപ്പെടെ കുറഞ്ഞത് 276 വിലപ്പെട്ട ജീവനുകൾ നഷ്ടപ്പെട്ടു. അഹമ്മദാബാദിൽനിന്ന് ലണ്ടൻ ഗാറ്റ്വിക്ക് വിമാനത്താവളത്തിലേക്ക് പതിവായി ഷെഡ്യൂൾ ചെയ്തിരുന്ന അന്താരാഷ്ട്ര വിമാനമായിരുന്നു എയർ ഇന്ത്യ ഫ്ലൈറ്റ് 171. വിമാനം കഷണങ്ങളായി തകർന്ന് വലിയൊരു ഭൂവിഭാഗത്ത് പതിച്ചു. ഒരു ഭാഗം ബി.ജെ.മെഡിക്കൽ കോളേജ് & ഹോസ്പിറ്റലിന്റെ കാന്റീനിൽ വീണു, മറ്റൊരു ഭാഗം, തിരക്കേറിയ സ്ഥലമായ റോജ്ഗർ കച്ചാരിയിൽ ഇടിച്ചു. എന്നാൽ, ഇത്രയും വലിയ ഒരു ദുരന്തത്തിൽ ആത്മാർത്ഥമായ ഖേദം പ്രകടിപ്പിക്കാതെ, മോദി സർക്കാരിലെ രണ്ടാമനായ അമിത് ഷാ, ദാരുണമായ ഈ അപകടത്തിനുശേഷം പറഞ്ഞത്, "ഇതൊരു അപകടമാണ്, ആർക്കും അപകടങ്ങൾ തടയാൻ കഴിയില്ല" എന്നത്രെ!**

ഒരു ഗൗരവമുള്ള ചോദ്യം ഇവിടെ ചോദിക്കാനുണ്ട്. ഒരു കേന്ദ്രമന്ത്രിക്ക്, ഒരു പൂർണ്ണ അന്വേഷണം നടത്തുന്നതിനുമുമ്പ് എങ്ങനെയാണ് ദാരുണമായ ഈ സംഭവത്തെ ഒരു അപകടമായി പ്രഖ്യാപിക്കാൻ കഴിയുക? കേന്ദ്ര ആഭ്യന്തരമന്ത്രി തന്റെ സർക്കാരിന്റെയും വ്യോമയാന വകുപ്പിന്റെയും ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞുമാറാനും വിധിയുടെമേൽ പഴി ചാരാനും ശ്രമിച്ചപ്പോൾ, രേഖകൾ പറയുന്നത് വ്യത്യസ്തമായ കാര്യമാണ്. അത് ഒരു സംശയമുണർത്തുന്നു. ഇത് ഒഴിവാക്കാനാവാത്ത ഒരു അപകടമായിരുന്നോ? എന്തെങ്കിലും മാനുഷികമായ പിശകുകൾ സംഭവിച്ചിട്ടുണ്ടോ?

## ബോയിംഗ് വിമാനങ്ങൾക്ക് നേരത്തെയും പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്

2011ൽ, ബോയിംഗ് 787 ഡ്രീംലൈനർ, വാണിജ്യ വ്യോമയാന വിപണിയിൽ ഒരു "മുന്നോട്ടുള്ള കുതിപ്പ്" എന്ന നിലയിലാണ് അവതരിപ്പിച്ചത്. ഭാരംകുറഞ്ഞ സംയോജിത വസ്തുക്കൾ, ദീർഘദൂര യാത്രാശേഷി, കൂടുതൽ ഇന്ധനക്ഷമത, യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ എന്നിവയൊക്കെ അവകാശപ്പെട്ടിരുന്നു. താമസിയാതെ, എയർ ഇന്ത്യ സൗത്ത് കരോലിന അസംബ്ലി ഫെസിലിറ്റിയിൽനിന്നുള്ള ജെറ്റ് തങ്ങളുടെ ഫ്ലീറ്റിൽ ഉൾപ്പെടുത്തി. എന്നാൽ വാണിജ്യാടിസ്ഥാനത്തിൽ അരങ്ങേറ്റം കുറിച്ചതുമുതൽ സാങ്കേതിക പ്രശ്നങ്ങളെച്ചൊല്ലി വിവാദങ്ങളുടെ കേന്ദ്രമായിരുന്നു ഡ്രീംലൈനർ.

കഴിഞ്ഞ ദശകത്തിൽ നിരവധി ആരോപണങ്ങൾ ഉയർന്നുവന്നിരുന്നു. "2013 ന്റെ തുടക്കത്തിൽ ജാപ്പനീസ് എയർലൈൻസിന്റെ ഉടമസ്ഥതയിലുള്ള രണ്ട് ഡ്രീംലൈനറുകളിൽ തീപിടുത്തമുണ്ടായതോടെയാണ് പ്രശ്നങ്ങൾ ആരംഭിച്ചത്. ഒരു വിമാനം ബോസ്റ്റണിലെ ലോഗൻ വിമാനത്താവളത്തിൽ ലാൻഡ് ചെയ്തിരുന്നതാണ്. മറ്റൊന്ന് ജപ്പാനിൽ നിന്ന് പുറപ്പെടാൻ തുടങ്ങിയപ്പോഴാണ് വീണ്ടും ലാൻഡ് ചെയ്യേണ്ടിവന്നത്. രണ്ട് വിമാനങ്ങൾക്കും തീപിടിച്ചത്, വിമാനങ്ങളുടെ വൈദ്യുത സംവിധാനത്തിന് ശക്തി പകരുന്ന ലിഥിയം-അയൺ ബാറ്ററികൾ അമിതമായി ചൂടായതാണ് എന്ന് കണ്ടെത്തി. കഴിഞ്ഞ കുറച്ചു മാസങ്ങളായി ലോകമെമ്പാടുമായി ബോയിംഗ് 787 വിമാനങ്ങളിലെ അപകടങ്ങൾ നിരവധി തവണ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്." (ടൈം മാഗസിൻ: 13-06-25)

2018 ഒക്ടോബറിൽ ഒരു ലയൺ എയർ 737 മാക്സ് വിമാനം സർവീസ് നടത്തിയപ്പോൾ, സ്റ്റാളുകൾ തടയാൻ രൂപകൽപ്പന ചെയ്ത ഒരു പ്രോഗ്രാമായ മനോവറിംഗ് ക്യാരക്ടറിസ്റ്റിക്സ് ഓ മെന്റേഷൻ സിസ്റ്റത്തിലെ (എംസിഎഎസ്) തകരാറുമൂലം അപകടമുണ്ടായി. ആ അപകടത്തിൽ വിമാനത്തിലുണ്ടായിരുന്ന 189 പേരും മരിച്ചു. മാസങ്ങൾക്കുശേഷം, 2019 മാർച്ചിൽ, ഇതേ വിമാന മോഡൽ ഉപയോഗിച്ചിരുന്ന ഒരു എത്യോപ്യൻ എയർലൈൻസ് വിമാനം ഇതേ കാരണത്താൽ തകർന്നു, വിമാനത്തിലുണ്ടായിരുന്ന 157 പേരും കൊല്ലപ്പെട്ടു. അങ്ങനെ, ബോയിംഗ് വിമാനത്തിന്റെ പുതിയ മോഡൽ പറത്തുന്നതിനിടയിൽ, 346 പേർക്ക് ജീവൻ നഷ്ടപ്പെട്ടു. ആ അപകടങ്ങൾക്ക് കാരണം തെറ്റായി രൂപകൽപ്പന ചെയ്ത ഫ്ലൈറ്റ് കൺട്രോൾ സോഫ്റ്റ്‌വെയറാണ്. രണ്ട് വിമാനങ്ങളിലെയും പൈലറ്റുമാർക്ക് ഇവിടെ ഒന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. യുഎസ് നിയമനിർമ്മാതാക്കളുടെ മുമ്പാകെ യുഎസിലെ ഫെഡറൽ ഏവിയേഷൻ അഡ്മിനിസ്ട്രേഷൻ (എഫ്എഎ) മേധാവി മൈക്ക് വിറ്റേക്കർ പറഞ്ഞത്, 737 മാക്സ് വിമാനങ്ങളുടെ പരിശോധനയിൽനിന്ന് വ്യക്തമായത്, "ബോയിംഗിലെ ഗുണനിലവാര സംവിധാനം അസ്വീകാര്യമാണെന്നും കൂടുതൽ പരിശോധന ആവശ്യമാണെന്നും" ആണ്. 2024 ജനവരിയിൽ ഒറിഗോണിലെ പോർട്ട്ലാൻഡിൽനിന്ന് പറന്നുയർന്നതിനു തൊട്ടുപിന്നാലെ അലാസ്ക എയർലൈൻസിന്റെ ബോയിംഗ് 737 മാക്സ് 9 വിമാനത്തിൽ നിന്ന് ഒരു വാതിൽ ഇളകിത്തെറിച്ചു. വാതിൽ ശരിയായി ഉറപ്പിച്ചിരുന്നില്ലെന്നാണ് ഒരു വാർത്താറിപ്പോർട്ട് പറഞ്ഞത്. ബോൾട്ടുകൾ ഡോർ പാനലിൽ കുടുങ്ങിയതാകാം പൊട്ടിത്തെറിക്കാൻ കാരണം. ഡോർ പ്ലഗ് ബോയിംഗിന്റെ വിതരണക്കാരായ സ്പിരിറ്റ് എയ്റോസിസ്റ്റംസ് നിർമ്മിച്ചതാണ്. എയ്റോസ്പേസ് ഭീമന് കൈമാറുന്നതിനുമുമ്പ് ഫ്യൂസ്‌ലേജിൽ ഇത് ഇൻസ്റ്റാൾ ചെയ്തിരുന്നു.

ബോയിംഗ് 787 വിമാനങ്ങളിൽ എഞ്ചിനുകൾ, ഗിയറുകൾ, ഫ്ലാപ്പുകൾ, ക്യാബിൻ മർദ്ദം നഷ്ടപ്പെടൽ, ഉയരം എന്നിവയുമായി ബന്ധപ്പെട്ട അഞ്ച് സംഭവങ്ങൾ ഈ വർഷം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് എയ്റോ ഇൻസൈഡിന്റെ കണക്കുകൾ പറയുന്നു. എയർ ഇന്ത്യ തന്നെ ഒരു ദശാബ്ദത്തിലേറെയായി ഈ വിമാനവുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഏറ്റവും പുതിയത് 2024 ഡിസംബർ 13 ന് ന്യൂഡൽഹിയിൽനിന്ന് ബർമിംഗ്ഹാമിലേക്കുള്ള യാത്രയിലായിരുന്നു. എഐ-113 വിമാനം ബർമിംഗ്ഹാമിന്റെ റൺവേയിലേക്കു പ്രവേശിക്കുമ്പോൾ നോസ് ഗിയറിൽ ഹൈഡ്രോളിക് ചോർച്ച റിപ്പോർട്ടുചെയ്തു. ഇതോടെ, 28 മണിക്കൂർ അവിടെ തങ്ങേണ്ടിവന്നു. ബോയിംഗിന്റെ സുരക്ഷാ മാനേജ്മെന്റ് സംവിധാനങ്ങളെക്കുറിച്ച് യുഎസ് സർക്കാരിന് നൽകിയ അവലോകന റിപ്പോർട്ട് ഗുരുതരമായ ആശങ്കകൾ ഉയർത്തിയിട്ടുണ്ട്. സീനിയർ മാനേജ്മെന്റും സാധാരണ ജീവനക്കാരും തമ്മിലുള്ള പൊരുത്തക്കേടും, സുരക്ഷയുമായി ബന്ധപ്പെട്ട സന്ദേശങ്ങളും നിർദ്ദേശങ്ങളും മറ്റും കമ്പനിയിലുടനീളം ഫലപ്രദമായി നടപ്പിലാക്കിയിട്ടില്ല എന്നതിന്റെ സൂചനകളും കണ്ടെത്തുകയുണ്ടായി.

യുഎസ് ആസ്ഥാനമായുള്ള വിമാന നിർമ്മാണ ഭീമനായ ബോയിംഗ്, നിർമ്മാണസംബന്ധമായ പിഴവുകളോട് ഉദാസീനതപുലർത്തുക, വിമാനത്തിനുള്ളിൽ നിന്ന് അവശിഷ്ട സാമഗ്രികൾ നീക്കം ചെയ്യാതിരിക്കുക, ടോളറൻസ് പരിശോധനയിൽ പരാജയപ്പെടുക തുടങ്ങിയ കാര്യങ്ങൾക്ക് മുമ്പും നിരീക്ഷണവിധേയമായിട്ടുണ്ട്. ആവർത്തിച്ചുള്ള പരാതികൾ, എഫ്എഎയുടെ സൂക്ഷ്മപരിശോധനയ്ക്കും ആന്തരിക ഓഡിറ്റുകൾക്കും ഇടയാക്കി. 2021 നും 2022 നും ഇടയിൽ ഏതാണ്ട് എല്ലാ 787 ഡെലിവറികളും നിർത്തിവയ്ക്കാൻ ബോയിംഗിനെ ഇത് നിർബ്ബന്ധിതമാക്കുകയും ചെയ്തു. ലോക വിപണിയിൽ ഫ്രാൻസ് ആസ്ഥാനമായുള്ള എയർബസ് കമ്പനിയുമായുള്ള കടുത്ത മത്സരവുമായും ഈ വിട്ടുവീഴ്ചകൾക്ക് ബന്ധമുണ്ട്.


## ബോയിംഗിന്റെ 787 ഡ്രീംലൈനറിലെ സുരക്ഷാ ആശങ്കകളെക്കുറിച്ച് വിസിൽബ്ലോവർമാർ പുറത്തുകൊണ്ടുവന്ന കാര്യങ്ങൾ

2017ൽ വിരമിച്ച മുൻ ഗുണനിലവാര നിയന്ത്രണ എഞ്ചിനീയറായ ജോൺ ബാർനെറ്റ് 2019 ൽ ചില പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. ഉൽപാദന സമ്മർദ്ദത്തിൽ, തൊഴിലാളികൾ അസംബ്ലി ലൈനിൽ നിലവാരമില്ലാത്ത പാർട്സുകൾ ഫിറ്റു ചെയ്യുന്നുണ്ടെന്നും വിമാനത്തിന്റെ ഓക്സിജൻ സംവിധാനങ്ങളിലെ തകരാറുകൾ തിരിച്ചറിഞ്ഞിട്ടുണ്ടെന്നും അദ്ദേഹം ആരോപിച്ചു. അടിയന്തര സാഹചര്യങ്ങളിൽ ഉപയോഗിക്കുന്ന അടിയന്തര ശ്വസന മാസ്കുകൾ പരാജയപ്പെടാനുള്ള സാധ്യത ഇത് നാലിന് ഒന്ന് എന്ന നിലയിൽ ഉയർത്തുന്നു. വിമാനങ്ങളുടെ ഫ്ലൈറ്റ് കൺട്രോൾ സിസ്റ്റങ്ങളെ ബന്ധിപ്പിക്കുന്ന വയറുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും അദ്ദേഹം ചൂണ്ടിക്കാണിച്ചു. വയറുകളുടെ ഇൻസുലേഷനിൽ ഷേവിംഗുകൾ തുളച്ചുകയറാനുള്ള സാധ്യത നിലവിലുണ്ടായിരുന്നു, ഇത് വലിയ "ദുരന്തം" ക്ഷണിച്ചുവരുത്തുമെന്നും ബാർനെറ്റ് മുന്നറിയിപ്പു നൽകി. 787 കളിൽ കേടായതോ നിലവാരമില്ലാത്തതോ ആയ പാർട്സുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ബാർനെറ്റ് ആരോപിച്ചു. അതിൽ, ഒരു സീനിയർ മാനേജർ സ്ക്രാപ്പ് അടങ്ങിയ ഒരു ബിന്നിൽ നിന്ന് കണ്ടെടുത്ത ഒരു പൊട്ടുന്ന ഹൈഡ്രോളിക് ട്യൂബും ഉൾപ്പെടുന്നുണ്ടത്രെ. ബോയിംഗ് ഈ ആരോപണങ്ങൾ നിഷേധിച്ചുവെങ്കിലും യുഎസ് റെഗുലേറ്ററായ എഫ്എഎയുടെ 2017 ലെ അവലോകനം മിസ്റ്റർ ബാർനെറ്റിന്റെ ചില ആശങ്കകളെ ശരിവയ്ക്കുന്നതായിരുന്നു. എന്നിരുന്നാലും, ഷോർട്ട് സർക്യൂട്ട് സാദ്ധ്യതയുള്ള ഫ്ലോർ ബോർഡ് ഫാസ്റ്റനറുകളുടെ ലോഹ സ്ക്രാപ്പുകൾ ചിതറിക്കിടക്കുന്ന വയർ ബണ്ടിലുകളും ഇലക്ട്രിക്കൽ ബോക്സുകളും ഡിസ്അസംബ്ലിംഗ് ചെയ്യാനും വൃത്തിയാക്കാനും തൊഴിലാളികളെ നിർബന്ധിച്ചതിന്റെ പേരിൽ ബാർനെറ്റിനെ തരംതാഴ്ത്തുകയും പുറത്താക്കുകയും ചെയ്തു. കമ്പനിക്കെതിരായ ഒരു വിസിൽബ്ലോവർ കേസിൽ തെളിവ് നൽകിയതിന്റെ പിറ്റേന്ന് അദ്ദേഹത്തെ സ്വന്തം കാറിൽ മരിച്ച നിലയിൽ കണ്ടെത്തി. മരണം "സ്വയം വെടിവെച്ചതുമൂല" മാണെന്ന് പറയപ്പെട്ടു.

അന്യവസ്തുക്കളുടെ അവശിഷ്ടങ്ങൾ (FOD) നിറഞ്ഞ, അനുചിതമായി ബന്ധിപ്പിച്ച വയർ ബണ്ടിലുകൾ കയറ്റിയയക്കാൻ അനുമതി നൽകാത്തതിന്റെ പേരിൽ മറ്റൊരു ഗുണനിലവാര മാനേജരെയും പിരിച്ചുവിട്ടു. 2010ൽ 787 പരീക്ഷണ പറക്കലിൽ ഉണ്ടായ വൻ എഞ്ചിൻ തീപിടുത്തത്തിലും 2016 ൽ ചാൾസ്റ്റണിൽ നടന്ന മറ്റൊരു പരീക്ഷണ പറക്കലിലും FOD കാരണമായിരുന്നു. എന്നാൽ ബോയിംഗ് അധികാരികൾ അത് മറച്ചുവച്ചു.

ബോയിംഗ് കമ്പനിക്ക് പാർട്ട്സ് നൽകുന്ന സ്പിരിറ്റ് എയ്റോസിസ്റ്റംസിലെ മുൻ ഗുണനിലവാര ഓഡിറ്ററായ ജോഷ്വ ഡീൻ, 'ഗുണനിലവാര മാനേജ്മെന്റിന്റെ ഗുരുതരമായ പെരുമാറ്റദൂഷ്യം' ചൂണ്ടിക്കാണിക്കുകയുണ്ടായി. 737 പ്രൊഡക്ഷൻ ലൈനിലെ സീനിയർ ഗുണനിലവാര മാനേജ്മെന്റിന്റെ ഗുരുതരമായ പെരുമാറ്റദൂഷ്യം ചൂണ്ടിക്കാണിച്ച് ഫെഡറൽ ഏവിയേഷൻ അഡ്മിനിസ്ട്രേഷനിൽ (എഫ്എഎ) അദ്ദേഹം പരാതി നൽകി. കഴിഞ്ഞ വർഷം ഡീനിനെ

(ശേഷം 8-ാം പേജിൽ)




# സുരക്ഷയെ മുൻനിർത്തി ചൂണ്ടിക്കാണിക്കപ്പെട്ട മുന്നറിയിപ്പുകൾ അവഗണിക്കപ്പെട്ടു

(7–ാം പേജിൽ നിന്ന്)

അവർ പുറത്താക്കി. സുരക്ഷാ ആശങ്കകൾ ഉന്നയിച്ചതിന് പ്രതികാരമായാണ് തന്റെ പിരിച്ചുവിടൽ എന്നാരോപിച്ച് തൊഴിൽ വകുപ്പിൽ അദ്ദേഹം പരാതി നൽകി. ശ്വാസതടസ്സം, ന്യൂമോണിയ, ഗുരുതരമായ അണുബാധ എന്നിവയെ തുടർന്ന് അദ്ദേഹം ദുരൂഹ മരണത്തിന് കീഴടങ്ങി.

സ്പിരിറ്റ് എയറോ സിസ്റ്റംസിന്റെ കരാറുകാരായ സ്റ്റോം ൽ ജോലി ചെയ്തിരുന്ന മെക്കാനിക്കായ റിച്ചാർഡ് ക്യൂവാസ്, 2023ൽ, 787 വിമാനങ്ങളുടെ ഫോർവേഡ് പ്രഷർ ബൾക്ക്ഹെഡുകളിൽ അനാവശ്യമായി ചില ദ്വാരങ്ങൾ തുരന്നതായി കണ്ട കാര്യം റിപ്പോർട്ട് ചെയ്തിരുന്നു. "നിലവാരമില്ലാത്ത നിർമ്മാണവും അറ്റകുറ്റപ്പണികളും " ചൂണ്ടിക്കാട്ടി 2023 ഒക്ടോബറിൽ അദ്ദേഹം ബോയിംഗിനും സ്പിരിറ്റിനും പരാതി നൽകി, കുറച്ച് മാസങ്ങൾക്കുള്ളിൽത്തന്നെ അദ്ദേഹത്തെ പിരിച്ചുവിട്ടു.

2024 ഏപ്രിലിൽ, ബോയിംഗ് എഞ്ചിനീയറായ സാം സാലെഹ്പൂർ യുഎസ് ഫെഡറൽ ഏവിയേഷൻ അഡ്മിനിസ്ട്രേഷന് നൽകിയ ഔപചാരിക പരാതിയിൽ 787 ഡ്രീംലൈനർ പ്രോഗ്രാമിൽ നിരവധി “വ്യവസ്ഥാപരവും നിർമ്മാണ രീതികളിലുമുള്ള" പല പിഴവുകളും ചൂണ്ടിക്കാണിക്കുകയുണ്ടായി. ബോയിംഗ് പ്രധാന പരിശോധനകൾ ഒഴിവാക്കിയതായും ഫ്യൂസ്ലേജ് വിഭാഗങ്ങൾ തെറ്റായി ക്രമീകരിച്ചതായും ആന്തരിക ആശങ്കകൾ അവഗണിച്ചതായും അദ്ദേഹം ആരോപിച്ചിരുന്നു. പോരായ്മകൾ പരിഹരിക്കപ്പെട്ടില്ലെങ്കിൽ, ഫ്ലീറ്റിന് കാലപ്പഴക്കം കൂടുന്നതോടെ അത് ഒരു "ടൈം ബോംബ്"ആകുമെന്ന് സാലെഹ്പൂർ മുന്നറിയിപ്പ് നൽകി. ബോയിംഗ് "ഉൽപാദനം വേഗത്തിലാക്കാൻ കോണുകൾ വെട്ടിക്കുറച്ചു" എന്നും ഇത് ജെറ്റിന്റെ ഘടനാപരമായ സമഗ്രതയെ ബാധിക്കുമെന്നും അദ്ദേഹം ആരോപിച്ചു. 1,000ത്തിലധികം ഡ്രീംലൈനറുകളെ ഈ പ്രശ്നങ്ങൾ ബാധിച്ചേക്കാമെന്ന് അദ്ദേഹം കണക്കാക്കി. എന്നാൽ, വിസിൽബ്ലോവർമാർ ഉന്നയിച്ച ആശങ്കകൾ ഗൗരവമായെടുക്കുകയുണ്ടായില്ല. ഉൽപാദന വൈകല്യങ്ങളൊന്നുമില്ലെന്ന് ഉറപ്പാക്കുന്ന പരിശോധനയോ സ്ഥിരീകരണമോ ഇല്ലാതെ വിമാനങ്ങൾ പുറത്തിറക്കിക്കൊണ്ടിരിക്കുകയാണുണ്ടായത്.

## എയർ ഇന്ത്യയുടെ പങ്കും ചോദ്യം ചെയ്യപ്പെടുന്നു

1953–ൽ ദേശസാൽക്കരിച്ച എയർ ഇന്ത്യയെ 2021ൽ ടാറ്റ ഗ്രൂപ്പിന് 1800 കോടി രൂപയ്ക്ക് കൈമാറി. അപ്പോൾ എയർ ഇന്ത്യയുടെ ആകെ കടം 61,562 കോടി രൂപയായിരുന്നു. എയർ ഇന്ത്യയുടെ കടത്തിൽ 15,300 കോടി രൂപ ടാറ്റ ഗ്രൂപ്പ് ഏറ്റെടുത്തു. ബാക്കി 46,262 കോടി രൂപ സർക്കാരിന്റെ എയർ ഇന്ത്യ അസറ്റ് ഹോൾഡിംഗ് ലിമിറ്റഡ് (AIAHL) ഏറ്റെടുത്തു. എയർലൈനിന്റെ പകുതി വായ്പകളും അതിന്റെ നാല് യൂണിറ്റുകളും നോൺ–കോർ ആസ്തികളും കൈവശം വയ്ക്കുന്നതിനായി രൂപീകരിച്ച ഒരു പ്രത്യേക കമ്പനിയാണിത്.

1990കളുടെ തുടക്കത്തിൽ മുതലാളിത്ത ആഗോളവൽക്കരണം നിലവിൽ വന്നതിനുശേഷം, മികച്ച മാനേജ്മെന്റും കാര്യക്ഷമമായ സേവനവും ഉറപ്പാക്കുമെന്ന വ്യാജേന എല്ലാ സാമ്രാജ്യത്വ–മുതലാളിത്ത രാജ്യങ്ങളിലെയും സേവന വ്യവസായങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വ്യവസായങ്ങളുടെയും സ്വകാര്യവൽക്കരണം ആരംഭിച്ചു. പൊതു പണം ഉപയോഗിച്ച് സർക്കാർ സൃഷ്ടിച്ചെടുത്ത യൂണിറ്റുകൾ സ്വകാര്യ മൂലധനശക്തികൾ ഏറ്റെടുത്തു. തുടർന്ന് റെയിൽവേ, റോഡ് ഗതാഗതം, വ്യോമയാനം തുടങ്ങിയ അവശ്യ പൊതു സേവനങ്ങൾപോലും ഏറ്റെടുക്കുകയും ലാഭം പരമാവധിയാക്കുക എന്ന ഏക ലക്ഷ്യത്തോടെ ഈ സേവനങ്ങൾ ചരക്കുകളായി വിൽക്കാൻ തുടങ്ങുകയും ചെയ്തു. മെച്ചപ്പെട്ട സേവനത്തിന്റെ പേരിലും ആധുനികവൽക്കരണത്തിന്റെ പേരിലുമായിരുന്നു പുന:സംഘാടനം. സർക്കാരിന്റെ ഉടമസ്ഥതയിൽ അഴിമതിയും കെടുകാര്യസ്ഥതയും മൂലം ഉണ്ടായ അധപതനം സ്വകാര്യവൽക്കരണത്തിന് ന്യായീകരണമായി. യാത്രാ നിരക്കുകൾ കുത്തനെ കൂട്ടിയും യാത്രക്കാരുടെ സുര ക്ഷ അവഗണിച്ചും സൗകര്യങ്ങൾ മെച്ചപ്പെടുത്താതെയും സമയനിഷ്ഠ പാലിക്കാതെയും സ്വന്തം കീശ വീർപ്പിക്കുന്നതിൽ മാത്രം തത്പരരായും അവർ യാത്രക്കാരെ ദ്രോഹിച്ചു. ഇപ്പോൾ സേവന മേഖലയിൽ, അടിസ്ഥാന നിരക്കിന് പുറമേ പലചാർജുകളും ഈടാക്കുന്നുണ്ട്. ഉദാഹരണത്തിന്, ആഭ്യന്തര വിമാന സർവീസുകളിൽ ഭക്ഷണ പാക്കറ്റുകൾ നൽകുന്നത് നിർത്തലാക്കി. അമിത വില നൽകി ഭക്ഷണം വാങ്ങണം. മുമ്പ്, ഏതെങ്കിലും വിമാനം ഒരു മണിക്കൂറിൽ കൂടുതൽ വൈകിയാൽ, യാത്രക്കാർക്ക് വിമാനത്താവള ലോഞ്ചിൽ ഭക്ഷണം നൽകിയിരുന്നു. അതും നിർത്തി. ബിസിനസ് ക്ലാസും ഇക്കണോമി ക്ലാസും തമ്മിലുള്ള നിരക്കിലെ വ്യത്യാസം എല്ലാ ദിവസവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

ട്രെയിൻ യാത്രയിലും, യാത്രാ നിരക്ക് ഗണ്യമായി വർദ്ധിപ്പിച്ചു കൊണ്ട് പാസഞ്ചർ ട്രെയിനുകളെ എക്സ്പ്രസ് ട്രെയിനുകളായി പുനർനാമകരണം ചെയ്തിട്ടുണ്ട്. ബോഗികൾ ജീർണാവസ്ഥയിലാണ്, ടോയ്ലറ്റുകൾ ഇല്ല അല്ലെങ്കിൽ പലപ്പോഴും ഉപയോഗിക്കാൻ കൊള്ളില്ല. ബോഗികളുടെ എണ്ണം ക്രമാനുഗതമായി കുറയുന്നു. സമ്പന്നർക്കായി വളരെ ഉയർന്ന ടിക്കറ്റ് നിരക്കിൽ വിഐപി ഡീലക്സ് ട്രെയിനുകൾ അവതരിപ്പിക്കുന്നു. ശരിയായ അറ്റകുറ്റപ്പണികൾ ഇല്ലാത്തതിനാൽ ട്രെയിൻ അപകടങ്ങൾ പതിവായിട്ടുണ്ട്. ജീവനക്കാരുടെ കുറവു കാരണം പൈലറ്റുമാരും ലോക്കോ പൈലറ്റുമാരും പലപ്പോഴും അധിക സമയം ജോലി ചെയ്യാൻ നിർബന്ധിതരാകുന്നു. അഴിമതി വ്യാപകമാണ്. എയർ ക്രൂ അംഗങ്ങളുടെ സേവന നിലവാരം കുറഞ്ഞു.

റോഡ് നികുതിയും യാത്രാ നിരക്കുകളും വർദ്ധിച്ചുകൊണ്ടിരിക്കുകയാണെങ്കിലും റോഡ് ഗതാഗതവും ഇതേ പാത പിന്തുടരുന്നു. വ്യോമയാന, റെയിൽവേ, റോഡ് ഗതാഗത മന്ത്രിമാർ വർഷം മുഴുവനും എന്താണ് ചെയ്യുന്നതെന്ന് ആർക്കും അറിയില്ല, അവർ പൊള്ളയായ വാഗ്ദാനങ്ങൾ നൽകുകയും പൊതു ഖജനാവിൽനിന്ന് വലിയ ശമ്പളം വാങ്ങുകയും ചെയ്യുന്നു. മുമ്പ്, ഒരു വലിയ ട്രെയിൻ അപകടമോ വിമാന അപകടമോ ഉണ്ടായാൽ, ഉത്തരവാദിത്തബോധമുള്ള മന്ത്രിമാർ രാജിവയ്ക്കാറുണ്ടായിരുന്നു. ഇപ്പോൾ, സ്വകാര്യ ഓപ്പറേറ്റർമാരുമായി അവിഹിതബന്ധം സ്ഥാപിക്കാൻ സാധ്യതയുള്ള ഒരു ലാഭകരമായ തൊഴിലായി മന്ത്രിപദം മാറിയിട്ടുണ്ട്. മന്ത്രിമാർക്കുമേൽ എന്തെങ്കിലും നിയന്ത്രണം കൊണ്ടുവരുന്നതിന്റെ ഒരു സൂചനയും കാണുന്നില്ല. 2018 ലും 2019 ലും ഉണ്ടായ രണ്ട് മാരകമായ അപകടങ്ങളുടെ പേരിൽ ബോയിംഗ് നിയമപ്രശ്നങ്ങൾ നേരിടുന്നതിനിടെയാണ് അടുത്തിടെയുണ്ടായ അഹമ്മദാബാദ് വിമാനാപകടം.

## അഹമ്മദാബാദ് അപകടത്തിനു പിന്നിൽ നിഗൂഢത

എല്ലാ പറക്കൽ ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ സമയക്രമം പാലിച്ച് ചെയ്യുന്നതിനു പകരം പലപ്പോഴും പരിശോധന ഒഴിവാക്കുന്നുണ്ടെന്ന് എയർലൈൻ ജീവനക്കാർക്കിടയിൽ സംസാരമുണ്ട്. ലണ്ടനിലേക്കുള്ള യാത്രാമധ്യേ അഹമ്മദാബാദിൽ തകർന്ന ബോയിംഗ് 787–8 ഡ്രീംലൈനർ വിമാനം അതിനുമുമ്പ് ഡൽഹി–അഹമ്മദാബാദ് ആഭ്യന്തര സർവീസിനായി ഉപയോഗിച്ചിരുന്നു. വിമാനത്തിൽ എയർ കണ്ടീഷനർ പ്രവർത്തിച്ചിരുന്നില്ലെന്നും കാബിനുകളിൽ വിനോദ സ്ക്രീനുകൾ, കോൾ ബട്ടണുകൾ, വായനാ ലൈറ്റുകൾ എന്നിവ തകരാറിലായിരുന്നെന്നും വിമാനത്തിലെ ഒരു യാത്രക്കാരൻ പറഞ്ഞത് മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. എസി തകരാറ്, എഞ്ചിൻ അമിതമായി ചൂടാകുന്നതിനെയും മെക്കാനിക്കൽ പ്രശ്നങ്ങൾ, ഇലക്ട്രിക്കൽ അല്ലെങ്കിൽ പ്രവർത്തന തകരാറുകൾ എന്നിവയെയും സൂചിപ്പിക്കുന്നു. അല്ലെങ്കിൽ ബ്ലീഡ് എയർ (മർദ്ദം കൂട്ടാനും തണുപ്പിക്കലിനും വേണ്ടി എഞ്ചിനുകളിൽ നിന്ന് എടുക്കുന്ന വായു) എഞ്ചിൻ ഓയിൽ അല്ലെങ്കിൽ മറ്റ് പുകകളുമായി കലർന്ന് മലിനമാകുന്നു. അങ്ങനെയെങ്കിൽ, മുൻ ഫ്ലൈറ്റിൽ ശ്രദ്ധയിൽപ്പെട്ട അത്തരം തകരാറുകൾ ഈ ദീർഘദൂര അന്തർദ്ദേശീയ പറക്കലിനുമുമ്പ് ശരിയാക്കിയിരുന്നോ എന്ന ചോദ്യം ഉയരുന്നു.

രണ്ടാമതായി, ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള സമീപകാല സൈനിക സംഘർഷത്തിൽ പാകിസ്ഥാനെ തുർക്കി പിന്തുണച്ചതിനാൽ, വൈഡ്–ബോഡി വിമാനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഇതുവരെ ഏർപ്പെടുത്തിയിരുന്ന തുർക്കി വ്യോമയാന സേവന ദാതാവായ ടർക്കിഷ് ടെക്നിക്കിനെ പിൻവലിക്കാൻ എയർ ഇന്ത്യ തീരുമാനിച്ചു. പകരം, ഈ ചുമതല എ ഐ എഞ്ചിനീയറിംഗ് സർവീസസ് ലിമിറ്റഡിനും (AIESL) ചിലത് സിംഗപ്പൂർ എയർലൈൻസിന്റെ അനുബന്ധ സ്ഥാപനമായ എസ് ഐ എ എഞ്ചിനീയറിംഗ് കമ്പനിക്കും നൽകിയിട്ടുണ്ട്. വിമാനം പറന്നുയർന്ന ഉടൻതന്നെ, 626 അടി പോലും ഉയരാതെ തകർന്നുവീണതും അതിന്റെ രണ്ട് എഞ്ചിനുകളും ഒരേസമയം തകരാറിലായതും ഉൾപ്പെടെ ഈ അപകടത്തിന്റെ സ്വഭാവം പരിഗണിക്കുമ്പോൾ അറ്റകുറ്റപ്പണികളിൽ എന്തെങ്കിലും പിഴവ് ഉണ്ടായിരുന്നോ എന്ന വലിയ ചോദ്യം ഉയരുന്നു. തീർച്ചയായും സ്വകാര്യവൽക്കരണം ഗതാഗത മേഖലയ്ക്ക് ഒരു അനുഗ്രഹമല്ലെന്നും അത് ഒരു ശാപമാണെന്നും തെളിയിക്കപ്പെടുകയാണ്. ലാഭത്തിനായുള്ള അത്യാഗ്രഹം ശക്തമാകുമ്പോൾ അത് മറ്റൊന്നും പരിഗണിക്കുന്നില്ല. ഇതാണ് ജീർണിച്ചുകൊണ്ടിരിക്കുന്ന പിന്തിരിപ്പൻ മുതലാളിത്ത ഭരണത്തിന്റെ യഥാർത്ഥ മുഖം.

## എയർ ഇന്ത്യ വിമാനാപകടത്തിനു ശേഷം

ഈ വിമാനാപകടം രാജ്യത്തെയാകെ അഗാധമായ ദുഃഖത്തിലേക്ക് കൂപ്പുകുത്തിച്ചു. ഡ്രീംലൈനറിന്റെ തകർച്ച മൂലം സ്വപ്നങ്ങൾ തകർന്ന ഇരകളെ ഓർത്ത് എല്ലാവരും അങ്ങേയറ്റം ദുഃഖിച്ചു. കലാപബാധിതമായ മണിപ്പൂരോ ഭീകരാക്രമണം ബാധിച്ച കാശ്മീരോ സന്ദർശിക്കാത്ത പ്രധാനമന്ത്രി മോദി മാദ്ധ്യമങ്ങളുടെ അകമ്പടിയോടെ അപകട സ്ഥലം സന്ദർശിക്കാനുള്ള അവസരം നഷ്ടപ്പെടുത്തിയില്ല. തകർന്ന വിമാനത്തിനു താഴെനിന്നുള്ള അദ്ദേഹത്തിന്റെ പോസുകൾ മാധ്യമങ്ങളിൽ നിറഞ്ഞു. പൗരന്മാരോട് തനിക്ക് ഏറെ ഉത്തരവാദിത്തമുണ്ടെന്ന് തോന്നിപ്പിക്കും വിധം, സ്ഥിതിഗതികൾ വിലയിരുത്താനും ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുമുള്ള യോഗത്തിൽ അദ്ദേഹം നേരിട്ട് പങ്കെടുത്തു. ഈ ഉത്തരവാദിത്വബോധം നേരത്തെ കാണിച്ചിരുന്നെങ്കിൽ ഈ അപകടംതന്നെ ഒഴിവാക്കാൻ കഴിയുമായിരുന്നു എന്നതല്ലേ സത്യം. ■

## രാസവളവിലവർദ്ധനവിനെതിരെ എഐകെകെഎംഎസ്










രാസവള വില വർദ്ധനക്കെതിരെ എഐകെകെഎംഎസ് (ഓൾ ഇന്ത്യ കിസാൻ ഖേത് മസ്ദൂർ സംഘടന)നേതൃത്വത്തിൽ മങ്കൊമ്പിൽ നടന്ന പോസ്റ്റ് ഓഫീസ് മാർച്ച് സംസ്ഥാന പ്രസിഡണ്ട് കെ.അബ്ദുൾ അസീസ് ഉദ്ഘാടനം ചെയ്യുന്നു. തൊടുപുഴ ബിഎസ്എൻഎൽ ഓഫീസിനു മുന്നിൽ നടന്ന കർഷക ധർണ്ണ സംസ്ഥാന വൈസ് പ്രസിഡന്റ് എസ്.രാജീവൻ ഉദ്ഘാടനം ചെയ്യുന്നു. കോഴിക്കോട് ബാലുശ്ശേരി ബിഎസ്എൻഎൽ ഓഫീസിലേയ്ക്ക് നടന്ന പ്രതിഷേധ മാർച്ച്.



# നായ്ക്കൾ തെരുവു വാഴുന്നു; വാക്സിൻ കമ്പനികൾ കൊള്ള ലാഭം കൊയ്യുന്നു

**ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ രാപകലുഴലേണ്ടി വരുന്ന ഈ രാജ്യത്തെ സാധാരണക്കാരന് ഇന്ന് തെരുവുനായ്ക്കളെ ഭയന്നല്ലാതെ സഞ്ചരിക്കാൻ കഴിയാത്ത അവസ്ഥയായിരിക്കുന്നു. കേരളത്തിന്റെ കാര്യമെടുത്താൽ, 2024ൽ 3.16 ലക്ഷം പേർക്ക് നായ്ക്കളുടെ കടിയേറ്റതായും അതിൽ 26 പേർ പേവിഷബാധമൂലം മരിച്ചതായും ഔദ്യോഗിക കണക്കുകൾ ചൂണ്ടിക്കാട്ടുന്നു.**

**2025**ൽ ആദ്യ അഞ്ചു മാസംകൊണ്ടുതന്നെ കേരളത്തിൽ, നായ്ക്കളുടെ കടിയേൽക്കുന്ന 1,65,000 ലധികം കേസുകളും പേവിഷബാധ കൊണ്ടുള്ള 17 മരണങ്ങളും റിപ്പോർട്ട് ചെയ്തു കഴിഞ്ഞു. ഇതിൽ ഭൂരിഭാഗം കേസുകളിലും കുട്ടികളോ പ്രായമായവരോ ആണ് ഇരകൾ എന്നതും, പ്രതിരോധ കുത്തിവെയ്പ്പ് സ്വീകരിച്ചവർക്കു പോലും രോഗമുണ്ടായി എന്നതും അതീവഭീകരമായ അവസ്ഥയിലേക്കാണ് വിരൽ ചൂണ്ടുന്നത്. നമ്മുടെ രാജ്യവും വിശേഷിച്ച് കേരളവും നേരിടുന്ന ഏറ്റവും ഗുരുതരമായ ആരോഗ്യ പ്രതിസന്ധികളിലൊന്നാണിത് എന്ന് വ്യക്തമായിട്ടും തികച്ചും ഉദാസീനമായ നിലപാടു തുടരുകയാണ് സർക്കാരുകൾ. കേന്ദ്രസർക്കാരിന്റെ നിയമങ്ങളെയും സുപ്രീം കോടതിയുടെ തടസ്സങ്ങളെയും പഴിചാരി കൈകഴുകുകയാണ് സംസ്ഥാന സർക്കാർ.

2001ൽ അന്നത്തെ ബിജെപി സർക്കാർ വേണ്ടത്ര പഠനങ്ങളോ മുന്നൊരുക്കങ്ങളോ ഇല്ലാതെ കൊണ്ടുവന്ന എബിസി ചട്ടങ്ങളാണ് ഇന്നും ഇക്കാര്യത്തിൽ കോടതികളടക്കം അവസാനവാക്കായി എടുക്കുന്നത്. ഇതുപ്രകാരം, ഇപ്പോൾ പേവിഷബാധയുള്ളതോ അക്രമകാരികളോ ആയ നായകളെപോലും കൊല്ലാൻ പാടില്ല. അവയെ പിടികൂടി വന്ധ്യംകരിച്ച് പേവിഷപ്രതിരോധ കുത്തിവെയ്പ്പെടുത്ത്, എവിടെനിന്ന് പിടിച്ചോ അവിടെ തിരികെ കൊണ്ടുവിടണമത്രേ. നായശല്യം കാരണം പൊറുതിമുട്ടി, പരാതി പറഞ്ഞ് മടുത്ത് ഇനി എവിടെയെങ്കിലും ആരെങ്കിലും തെരുവുനായ്ക്കളെ സ്വന്തം നിലയിൽ കൈകാര്യം ചെയ്യാനിറങ്ങിയാൽ അവർക്കെതിരെ, മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ നിയമവും മറ്റ് ക്രിമിനൽ വകുപ്പുകളുമടക്കം ചാർത്തി കേസെടുക്കുന്നുണ്ട്. കഴിഞ്ഞ വർഷം തെരുവുനായ പ്രശ്നം അതിരൂക്ഷമായ സമയത്ത് ജനരോഷമുയർന്നപ്പോൾ, അതിനെ വളച്ചൊടിച്ച് കേരളത്തിനെതിരെയുള്ള വിദ്വേഷപ്രചാരണമാക്കിവരെ മാറ്റി നായ്ക്കൾക്കെതിരെയുള്ള നടപടികൾ പിടിച്ചുകെട്ടിച്ചതും നമ്മൾ കണ്ടതാണ്. ഫലമോ, തെരുവുനായകളുടെ ആക്രമണവും പേവിഷ ബാധയേറ്റുള്ള മരണങ്ങളും വർദ്ധിക്കുന്നു. ഇതിന്റെ ദുരന്തഫലമനുഭവിക്കുന്നത് റോഡിലൂടെ നടക്കുകയോ ഇരുചക്രവാഹനങ്ങളിൽ സഞ്ചരിക്കുകയോ ചെയ്യേണ്ടിവരുന്ന ഇവിടത്തെ സാധാരണക്കാരാണ്. അന്നന്നത്തെ അന്നം കണ്ടെത്താൻവേണ്ടി പകലന്തിയോളം പണിയെടുക്കേണ്ടി വരുന്ന വിവിധ വിഭാഗങ്ങളിൽപ്പെട്ട തൊഴിലാളികളാണ്. ബഹുരാഷ്ട്ര കമ്പനികൾക്കായി രാത്രിയെ പകലാക്കി ഷിഫ്റ്റിലും അധികസമയത്തും പണിയെടുക്കുന്നവരും ഗിഗ് തൊഴിലാളികളുമാണ്. അവരുടെയൊക്കെ കുഞ്ഞുങ്ങളടക്കമുള്ള കുടുംബാംഗങ്ങളുമാണ്. അല്ലാതെ, വമ്പിച്ച ഫണ്ടിങ്ങുള്ള മൃഗസ്നേഹി സംഘടനകളുടെ തലപ്പത്തുള്ള സമ്പന്നരോ, ചില്ലുമേടയിലിരിക്കുന്ന ഭരണാധികാരികളോ ന്യായാധിപരോ അല്ല. അവർ ഇത്തരം തലതിരിഞ്ഞ നിയമങ്ങളും ചട്ടങ്ങളും അടിച്ചേൽപ്പിച്ച് ജനജീവിതംകൊണ്ട് പന്താടാൻ തുനിയുന്നത്, കേവലം ജന്തുസ്നേഹംകൊണ്ടോ, വിവരമില്ലായ്മകൊണ്ടോ അല്ല, ബോധപൂർവ്വമാണ്. ഇതിനു പിന്നിലെ വിപണി താത്പര്യം സുവ്യക്തമാണ്. അതുകൊണ്ടുതന്നെ ഇതിനുപിന്നിൽ മറഞ്ഞിരിക്കുന്ന വർഗരാഷ്ട്രീയംകൂടി മനസ്സിലാക്കിത്തന്നെ വേണം നമ്മൾ ഈ ഗുരുതരപ്രശ്നത്തെ സമീപിക്കാൻ.

നായ്ക്കളെ കൂട്ടത്തോടെ കൊന്നൊടുക്കി ഇതിനു പരിഹാരം കാണണം എന്ന് ഒരിക്കലും ആവശ്യപ്പെടുന്നില്ല. കാരണം അതും ശാസ്ത്രീയമല്ല. പക്ഷേ, ഈ നാട്ടിലെ പൗരന് സുരക്ഷിതമായി ജീവിക്കാനും, തെരുവിലൂടെ ഭയമില്ലാതെ സഞ്ചരിക്കാനുമുള്ള അവകാശമുണ്ട്. അതിന് തെരുവിൽനിന്ന് അലഞ്ഞുതിരിയുന്ന നായ്ക്കളെ അടിയന്തരമായി മാറ്റേണ്ടതുണ്ട് എന്നത് ഇന്നത്തെ സാഹചര്യത്തിൽ രണ്ടാമതൊന്ന് ആലോചിക്കേണ്ടതില്ലാത്ത കാര്യം തന്നെയാണ്. അവയെ തെരുവിൽനിന്നു മാറ്റി, വിദേശരാജ്യങ്ങളിലെ പോലെ, പ്രത്യേകം ഷെൽറ്ററുകളിലാക്കി സംരക്ഷിക്കണം. പക്ഷേ, അതിന് അനുവദിക്കില്ല, അവയെ തിരികെ തെരുവിൽ തന്നെയാക്കണം എന്ന പിടിവാശി ഈ കപടജന്തുസ്നേഹികൾ കാണിക്കുന്നയിടത്താണ് ഇതിലെ പൊള്ളത്തരം നമ്മൾ തിരിച്ചറിയേണ്ടത്. അത് ആരുടെ താത്പര്യത്തെയാണ് സംരക്ഷിക്കുന്നത്? ഇതിന് വഴങ്ങിക്കൊടുത്ത് നമ്മൾ എത്ര ഗുരുതരമായ ഒരു ആരോഗ്യപ്രതിസന്ധിയാണ് വിളിച്ചുവരുത്തിയതെന്ന് മനസ്സിലാക്കി, ഇനിയെങ്കിലും സാമാന്യയുക്തിക്കു നിരക്കുന്ന ശാസ്ത്രീയപരിഹാരം അടിയന്തരമായി തെരുവുനായ വിഷയത്തിൽ നടപ്പാക്കാൻ ഭരണകൂടം തയ്യാറായേ മതിയാവൂ.

## പേവിഷബാധ എന്ന ദുരന്തം

ഏറ്റവും ഭീകരമായ രോഗങ്ങളിലൊന്നാണ് പേവിഷബാധ. രോഗം ബാധിച്ചാൽ നൂറു ശതമാനം മരണം ഉറപ്പായ ഒന്ന്. പട്ടി, പൂച്ച, തുടങ്ങി വിവിധ മൃഗങ്ങളുടെ കടിയോ മാന്തോ ഏൽക്കുന്നതിലൂടെയാണ് രോഗബാധയുണ്ടാകുന്നത്. പ്രതിരോധ കുത്തിവെയ്പ്പല്ലാതെ ചികിത്സയുമില്ല. വികസിതരാജ്യങ്ങളിൽ പേവിഷബാധ അപൂർവ്വമാണെങ്കിലും, അവികസിതരാജ്യങ്ങളിൽ പ്രതിവർഷം 20,000ത്തോളം പേർ ഇതുമൂലം മരിക്കുന്നു എന്ന് കണക്കാക്കുന്നു. ഇന്ത്യയിലാണ് ലോകത്ത് ഏറ്റവുമധികം പേർ ഓരോ വർഷവും ഇതുമൂലം മരിക്കുന്നത്. ഇതിന്റെ 95 ശതമാനത്തിലധികവും നായ്ക്കളുടെ കടിയേറ്റാണ് സംഭവിക്കുന്നത്. തെരുവുനായ്ക്കൾക്ക് സ്വതന്ത്രവിഹാരം നടത്താനും ആളുകളെ ആക്രമിക്കാനുമുള്ള സാഹചര്യം നിലനിൽക്കുന്നതുകൊണ്ടാണിത് സംഭവിക്കുന്നതെന്ന് ഈ മേഖലയിലെ വിദഗ്ധരടക്കം പലവുരു ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇന്ത്യയിലെ ഏറ്റവും ജനസാന്ദ്രത കൂടിയ സംസ്ഥാനങ്ങളിലൊന്നായതുകൊണ്ട് കേരളത്തിൽ ഇതിന്റെ ആഘാതം കൂടുതലുമാണ്. എന്നാലിതു കേരളത്തിന്റെ മാത്രം പ്രശ്നവുമല്ല. നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ കഴിഞ്ഞ 8 മാസത്തിനിടെ 18 മരണങ്ങൾ ഉണ്ടായതായി റിപ്പോർട്ടു ചെയ്തിരുന്നു. ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലും ഇത്തരം കേസുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്നും ഓർക്കണം.

എന്നിട്ടും എന്തുകൊണ്ടാണ് നായ്ക്കൾക്കുമാത്രം ഈ സവിശേഷ പരിഗണന? സാമാന്യബുദ്ധിയുള്ള ഏതൊരാൾക്കും ഉണ്ടാകുന്ന ഒരു ചോദ്യമാണിത്. പക്ഷിപ്പനി സ്ഥിരീകരിക്കപ്പെട്ടാൽ, ആ മേഖലയിലെ മുഴുവൻ വളർത്തുപക്ഷികളെയും പിടികൂടി കൊല്ലുന്ന ക്രൂരത കഴിഞ്ഞ കുറച്ചുവർഷമായി കേരളത്തിൽതന്നെ നടക്കുന്നുണ്ട്. എത്രയോ പാവപ്പെട്ട കർഷകരുടെ ജീവിതം അങ്ങനെ തകർന്നു. ഇത്രയധികം പക്ഷികളെ കൂട്ടത്തോടെ കൊന്നിട്ടും അതിൽ ജന്തുസ്നേഹികൾക്കില്ലാത്ത കരുതൽ, നായ്ക്കളുടെ കാര്യത്തിൽ എന്തുകൊണ്ടാണ് ഉണ്ടാകുന്നത്? പക്ഷിപ്പനിയേക്കാൾ എത്രയോ ഗുരുതരമാണ് പേവിഷബാധ. ചികിത്സിച്ചു ഭേദമാക്കാനാകില്ലെന്ന് മാത്രമല്ല, പ്രതിരോധ കുത്തിവെയ്പ്പെടുത്തവരുടെ തന്നെ മരണങ്ങൾ ഇപ്പോൾ റിപ്പോർട്ട് ചെയ്യുമ്പോൾ കാര്യങ്ങൾ ഏറെ സങ്കീർണ്ണമാകുന്നു. വാക്സിനുകൾ ഇന്ന് പൂർണ്ണമായും സ്വകാര്യമേഖലയിൽ മാത്രമാണ് ഉത്പാദിപ്പിക്കുന്നത്. ഈ കുത്തകകൾക്ക് തുറന്നു കിട്ടിയിരിക്കുന്ന വലിയൊരു വിപണിയാണിതെന്ന് വ്യക്തം. ഈ വാക്സിനുകളുടെ ഗുണനിലവാരം ഉറപ്പാക്കാനോ വേണ്ടത്ര അളവിൽ ലഭ്യമാക്കാനോ സാധിക്കുന്നില്ലയെങ്കിൽ അതിന്റെ പരിണതി എത്ര ഭീകരമാകും എന്നു പറയേണ്ടതില്ലല്ലോ. വാക്സിനുകളുടെ സംഭരണം സംസ്ഥാനങ്ങളുടെ ഉത്തരവാദിത്തമാണ്. കേരളത്തിൽതന്നെ, ഇമ്മ്യൂണോഗ്ലോബുലിൻ പല സർക്കാർ ആശുപത്രികളിലും ലഭ്യമല്ല. ഉയർന്ന വില കൊടുത്ത് അത് പുറത്തുനിന്ന് വാങ്ങേണ്ട ഗതികേടിലാണ് ജനം. ഒന്നിനും കൈയിൽ പണമില്ലെന്നു പറയുന്ന സർക്കാർ വർദ്ധിച്ചുവരുന്ന തെരുവുനായ ആക്രമണത്തിൽ മെച്ചപ്പെട്ട ചികിത്സാസൗകര്യം ഒരുക്കാൻ എന്ത് നടപടി കൈക്കൊള്ളുമെന്നാണ്? മറുവശത്ത്, നായ്ക്കളുടെ എണ്ണം പെരുകാൻ അനുവദിക്കുകയും അവയെ തെരുവിൽതന്നെ നിലനിർത്തുകയും ചെയ്തുകൊണ്ട് സാധാരണക്കാരുടെ ജീവൻകൊണ്ട് പന്താടുകയാണ് സർക്കാർ. ഇതിന്റെ ഗുണം ആർക്കാണ് എന്നു നാം ചോദിക്കേണ്ടിയിരിക്കുന്നു.

## പരാജയമായ എബിസി പദ്ധതി

തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കാനും അവയിൽനിന്നുള്ള അപകടം കുറയ്ക്കാനും ആനിമൽ ബെർത്ത് കൺട്രോൾ പ്രോഗ്രാം എന്ന എബിസി പദ്ധതിയാണ് നടപ്പാക്കേണ്ടതെന്നാണ് സർക്കാരുകളുടെയും കോടതിയുടെയും ഔദ്യോഗിക നിലപാട്. 2001-ലാണ് നായ്ക്കൾക്കായുള്ള ജനന നിയന്ത്രണ ചട്ടം,അഥവാ,എബിസി(ഡോഗ്സ്) വിജ്ഞാപനം ചെയ്യുന്നത്. ഈ നിയമം വിശകലനം ചെയ്താൽ അമ്പരപ്പിക്കുന്ന വസ്തുതകൾ നമുക്ക് മനസ്സിലാക്കാം. ഒന്നാമതായി, എന്തുകൊണ്ടാണ് നായ്ക്കൾക്ക് മാത്രമായി ഇങ്ങനെയൊരു നിയമം എന്ന ചോദ്യം സാമാന്യബുദ്ധിയുള്ള ആരുടെയുള്ളിലും ഉയരാം. അടുത്തതായി ശ്രദ്ധിക്കേണ്ട കാര്യം, ഈ ചട്ടങ്ങളിൽ പറയുന്ന പ്രവർത്തനങ്ങളിൽ സ്വകാര്യ വ്യക്തികൾക്കും, സ്വകാര്യ മൃഗക്ഷേമ സംഘടനകൾക്കും നൽകാൻ ആവശ്യപ്പെടുന്ന പ്രാധാന്യമാണ്. പദ്ധതി നടപ്പാക്കുന്നത് ഇത്തരം സംഘടനകളുടെ നിയന്ത്രണത്തിലായിരിക്കണം എന്നാണ് ഈ ചട്ടങ്ങൾ അനുശാസിക്കുന്നത്. അതിനുവേണ്ട സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടതും ചെലവു വഹിക്കേണ്ടതും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനവും. അതുകൊണ്ടാണ് കേരളത്തിൽ കുടുംബശ്രീ ഈ പദ്ധതി ഏറ്റെടുക്കാൻ തയ്യാറായി വന്നപ്പോഴും അവർക്ക് ആനിമൽ വെൽഫെയർ ബോർഡിന്റെ അംഗീകാരമില്ല എന്ന പേരിൽ അത് ഹൈക്കോടതി തടഞ്ഞത്. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ, സ്ഥാപിത താത്പര്യങ്ങളുമായി പ്രവർത്തിക്കുന്ന കുറച്ച് സ്വകാര്യ സംഘടനകളുടെ കൈകളിലേക്ക് കാര്യങ്ങൾ വിട്ടുകൊടുത്ത്, സർക്കാർ സംവിധാനം പണവും അടിസ്ഥാന സൗകര്യവും മാത്രം നൽകുക. ഇന്ത്യയിലെ ഏറ്റവും വലിയ മൃഗക്ഷേമ സംഘടനകളിലൊന്നായ പീപ്പിൾ ഫോർ ആനിമൽസിന്റെ സ്ഥാപകയും ബിജെപി നേതാവുമായ മനേക ഗാന്ധി വാജ്പേയി സർക്കാരിൽ സാംസ്കാരിക വകുപ്പിന്റെ സ്വതന്ത്ര ചുമതലയുള്ള സഹമന്ത്രിയായിരുന്നപ്പോഴാണ്, തന്റെ അധികാരപരിധി മറികടന്ന് ഈ നിയമം കൊണ്ടുവന്നത്. ഇതിനു പിന്നിൽ വ്യക്തമായും സ്വജനപക്ഷപാതവും സങ്കുചിത താത്പര്യങ്ങളുമാണ് ഉള്ളതെന്ന് മനസ്സിലാക്കാൻ അധികം ബുദ്ധിമുട്ടേണ്ടതില്ല. സ്ഥാപിതതാത്പര്യങ്ങൾ നടപ്പാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി കൊണ്ടുവന്ന നിയമമാണ് ഇതെന്നു മനസ്സിലാക്കാൻ മേൽപ്പറഞ്ഞ കാര്യങ്ങൾമാത്രം മതിയാകും. എന്നാൽ വ്യക്തിതാൽപ്പര്യ

(ശേഷം 10–ാം പേജിൽ)

# കപട ജന്തുസ്നേഹത്തിന്റെയും മൃഗക്ഷേമ സംഘടനകളുടെയും പിന്നിൽ കമ്പോളത്തിന്റെ ശക്തികളോ ?

(9–ാം പേജിൽ നിന്ന്)

ത്തിനപ്പുറം വ്യക്തമായ മുതലാളിവർഗ്ഗ താത്പര്യങ്ങൾകൂടി ഇതിൽ അടങ്ങിയിരിക്കുന്നു എന്നതുകൊണ്ടു തന്നെയാണ്, തികച്ചും പരാജയമെന്ന് ബോധ്യപ്പെട്ടിട്ടും ക്രമവിരുദ്ധവും യുക്തിരഹിതവുമായ ഈ നിയമം കോടതികളടക്കം ഇന്നും ഉയർത്തിപ്പിടിക്കുന്നത്.

കോടിക്കണക്കിനു രൂപയാണ് ഈ പദ്ധതിക്കായി തദ്ദേശസ്ഥാപനങ്ങൾ മുടക്കുന്നത്. ഇതിനു പുറമേയാണ് വർഷാവർഷം പേവിഷ പ്രതിരോധ കുത്തിവെയ്പ്പുകൾ നൽകുന്നത്. ഒരു നായയ്ക്ക് കുറഞ്ഞത് 1000 രൂപ വെച്ച് ചെലവിടേണ്ടി വരുമെന്ന് കണക്കാക്കിയാൽ, കേരളത്തിൽ ഇന്നുണ്ടെന്ന് കണക്കാക്കുന്ന മൂന്നു ലക്ഷത്തോളം തെരുവുനായ്ക്കൾക്ക് മുഴുവൻ കുത്തിവെയ്പ്പ് നൽകി പദ്ധതി നടപ്പാക്കാൻ പ്രതിവർഷം മുപ്പതു കോടി രൂപയെങ്കിലും വേണ്ടിവരും. എല്ലാ വർഷവും കുത്തിവെയ്പ്പ് ആവർത്തിക്കേണ്ടിവരികയും ചെയ്യും. അതായത്, ഈ പദ്ധതിയുടെ പേരിൽ കണക്കില്ലാതെ തുക ചെലവാക്കപ്പെടുന്നു. എന്നാൽ തെരുവുനായ്ക്കളുടെ ഉപദ്രവം ജനം അനുഭവിക്കേണ്ടിയും വരുന്നു. ഇതിനു പുറമേയാണ്, നായകളുടെ കടിയേൽക്കുന്ന മറ്റു മൃഗങ്ങൾക്കും മനുഷ്യർക്കുംപ്രതിരോധകുത്തിവെയ്പ്പുകളെടുക്കാനുള്ള ചെലവ്. അതിനാകട്ടെ ശതകോടികളാണ് വേണ്ടിവരിക. വന്ധ്യംകരണം നടത്തിയയിടങ്ങളിൽപോലും നായ്ക്കളുടെ എണ്ണം കൂടുന്നതല്ലാതെ കുറയുന്നുമില്ല. ഇത് എന്തുകൊണ്ട് എന്ന് കൃത്യമായി പഠിച്ച് ശരിയായ നടപടികൾ കൈക്കൊള്ളാതെ, എബിസി പദ്ധതിക്കായി അന്ധമായി വാദിച്ച് സാധാരണജനത്തിന്റെ ജീവനും ജീവിതവും കൊണ്ട് പന്താടുന്നത് അപ്പോൾ വാസ്തവത്തിൽ ആരുടെ താത്പര്യമാണ്?

പദ്ധതി കാര്യക്ഷമമായി നടത്താത്തതാണ് പ്രശ്നം എന്നാണ് പദ്ധതി അനുകൂലികൾ പറയുന്നത്. കാര്യക്ഷമതയാകട്ടെ, വിജയമാകട്ടെ, പരാജയമാകട്ടെ, ഈ പദ്ധതിയെ സംബന്ധിച്ച കൃത്യമായ ഓഡിറ്റിങ് ഇതുവരെ നടന്നിട്ടില്ല എന്നതാണ് വാസ്തവം. പദ്ധതിയുടെ നടത്തിപ്പ്, ഇതിനായി ചെലവിടുന്ന തുക, തെരുവുനായ്ക്കളുടെ എണ്ണം തുടങ്ങി ഒന്നിനും കൃത്യമായ കണക്കുകൾ ലഭ്യമല്ല. പദ്ധതി നടപ്പാക്കിയയിടങ്ങളിൽ കണക്കിൽ പറഞ്ഞ അത്രയും നായ്ക്കളെ വന്ധ്യംകരിച്ചിട്ടുണ്ടോ, കുത്തിവെയ്പ്പെടുത്തിട്ടുണ്ടോ, എന്നൊക്കെ പരിശോധിക്കപ്പെടാറില്ല. പരിശോധിക്കാൻ മാർഗ്ഗവുമില്ല. കാരണം, നായ്ക്കളെ എവിടെനിന്നു പിടിച്ചോ, വന്ധ്യംകരണത്തിനും കുത്തിവെയ്പ്പിനും ശേഷം അതേ സ്ഥലത്തുതന്നെ അവയെ തിരികെയെത്തിച്ചു തുറന്നുവിടണം എന്നതാണ് എബിസി ചട്ടം. ഇല്ലെങ്കിൽ അത് നായയ്ക്ക് മാനസികാഘാതം ഏൽപ്പിക്കുമത്രേ. ഈ തലതിരിഞ്ഞ, യുക്തിരഹിതമായ നിബന്ധനതന്നെയാണ്, പദ്ധതിയുടെ പരാജയത്തിന്റെയും ജനങ്ങളുടെ ദുര്യോഗത്തിന്റെയും മൂലകാരണം. കാട്ടിൽനിന്ന് നാട്ടിലിറങ്ങി ബുദ്ധിമുട്ടുണ്ടാക്കുന്ന വന്യമൃഗങ്ങളെ പിടികൂടി മൃഗശാലയിൽ പൂട്ടിയിടുകയോ മറ്റൊരിടത്തേക്ക് മാറ്റി വിടുകയോ, നാട്ടിൽനിന്നും പിടികൂടുന്ന പാമ്പുകളേയും മരപ്പട്ടികളേയുമൊക്കെ കാട്ടിൽകൊണ്ടുപോയി തുറന്നുവിടുകയോ ചെയ്യുമ്പോൾ അവ അനുഭവിക്കുന്നതിൽ കൂടുതൽ എന്ത് പ്രശ്നമാണ് നായകൾക്കുള്ളത്? ഇങ്ങനെ തുറന്നുവിടണം എന്ന നിബന്ധനയുള്ളതുകൊണ്ട് വന്ധ്യംകരണവും കുത്തിവെയ്പ്പുമൊക്കെ കടലാസിൽ മതിയാകും. ഇവിടെ ഉദ്യോഗസ്ഥർക്കോ സർക്കാരുകൾക്കോ, മരുന്നും വാക്സിനും നൽകുന്ന കമ്പനികൾക്കോ നഷ്ടമില്ല; നേട്ടമുണ്ടുതാനും. ജനങ്ങൾ തുടർന്നും അനുഭവിക്കേണ്ടിയും വരുന്നു. സത്യസന്ധമായി അന്വേഷിച്ചാൽ ഒരുപക്ഷേ സ്വതന്ത്രഭാരതം കണ്ട ഏറ്റവും വലിയ അഴിമതികളിൽ ഒന്നായിരിക്കും ഈ എബിസി പദ്ധതി. എന്നാൽ അതാണ് ഒരേയൊരു പോംവഴി എന്ന് സർക്കാരുകൾ തുടർന്നും ഉരുവിട്ടുകൊണ്ടിരിക്കുന്നു. ലോകാരോഗ്യ സംഘടനയാണ് ജനനനിയന്ത്രണം എന്ന ആശയം മുന്നോട്ടുവെച്ചത്. പക്ഷേ, ഇതു മാത്രമേ പരിഹാരമുള്ളൂ എന്ന് അവർ പറയുന്നില്ല.




ഏറ്റവും വികസിതരാജ്യങ്ങളായ അമേരിക്കയിലോ യൂറോപ്പിലോ തെരുവുനായ്ക്കൾ പെരുകാൻ അനുവദിക്കാറില്ല. മൃഗങ്ങളെ വീട്ടിൽ വളർത്തണമെങ്കിൽ പല രാജ്യങ്ങളിലും ലൈസൻസ് എടുക്കണം. അവയുടെ പൂർണ്ണ ഉത്തരവാദിത്തം മരണംവരെ ഉടമസ്ഥർക്കുണ്ടാകും. തെരുവിലെത്തുന്ന നായ്ക്കളെ സർക്കാർ സംവിധാനങ്ങളാണ് പൊതുവെ ഏറ്റെടുക്കുക. ജനന നിയന്ത്രണ പദ്ധതികളൊക്കെ അവിടെയുമുണ്ട്. പക്ഷേ, അതുമാത്രമല്ല നടപടി. നായ്ക്കളെ കൊല്ലുന്നതിന് ജർമ്മനി, സ്പെയിൻ പോലെയുള്ള ചുരുക്കം രാജ്യങ്ങളിൽ നിയന്ത്രണമുണ്ടെങ്കിലും, അപകടകാരികളായ നായ്ക്കൾക്ക് എല്ലാ രാജ്യങ്ങളും ദയാവധം നൽകാറുണ്ട്. അതിലുപരിയായി, തെരുവിൽനിന്നു പിടികൂടുന്ന നായ്ക്കളെ കെന്നലുകളിലും ഡോഗ് ഷെൽട്ടറുകളിലും കുത്തിവെയ്പ്പും വന്ധ്യംകരണവും നടത്തി സൂക്ഷിക്കും. രോഗമുള്ളവയ്ക്ക് ദയാവധം നൽകും. ആരോഗ്യമുള്ളവയെ മൃഗസ്നേഹികൾക്ക് ഇവിടെനിന്നും ദത്തെടുക്കാം. സ്വന്തം ഉത്തരവാദിത്തത്തിൽ സംരക്ഷിക്കാം. ഒരിക്കലും അവയെ തെരുവിൽവിട്ട് ജനത്തിന് ബുദ്ധിമുട്ട് ഉണ്ടാക്കാതിരിക്കാനാണ് ജനാധിപത്യബോധമുള്ള ഈ വികസിതരാജ്യങ്ങളൊക്കെ ശ്രമിക്കുന്നത്.

എന്നാൽ ഇന്ത്യയിലെ നായപ്രേമികൾ എന്തുകൊണ്ടാണ് ഇങ്ങനെ ചെയ്യാത്തത്. തെരുവിൽ മാലിന്യം കൂടുന്നതുകൊണ്ടു മാത്രമല്ല നായകൾക്ക് ഭക്ഷണം കിട്ടുന്നത്. ആഡംബരകാറുകളിൽ വന്നിറങ്ങി ദിവസവും തെരുവുനായകൾക്ക് ഭക്ഷണം നൽകിപ്പോകുന്നത് നമ്മുടെ നഗരങ്ങളിൽ കാണുന്ന കാഴ്ച്ചയാണ്. തെരുവിൽ അലയാൻ വിടാതെ എന്തുകൊണ്ട് ഇവർക്ക് നായകളെ ദത്തെടുത്ത് സ്വന്തം ഇടങ്ങളിൽ സംരക്ഷിച്ചുകൂടാ? മറ്റൊരു രാജ്യത്തുമില്ലാത്ത എന്തു മാനസികസമ്മർദ്ദമാണ് ഇവിടെ നായകൾക്ക് ഉണ്ടാകുന്നത്? തെരുവിൽ നടക്കേണ്ടി വരുന്ന, കുട്ടികളെ അയയ്ക്കേണ്ടി വരുന്ന സാധാരണക്കാർക്കുള്ളതിൽ കൂടുതലല്ല ഒരു സമ്മർദ്ദവും. തെരുവിൽനിന്ന് നായകളെ മാറ്റണമെന്നേ സാധാരണജനം ആഗ്രഹിക്കുന്നുള്ളൂ. അതിന് അവയെ കൂട്ടക്കശാപ്പു നടത്തേണ്ടതില്ല. തെരുവിൽനിന്നു മാറ്റി സംരക്ഷിക്കുക. അതു പാടില്ല എന്നു പറയുന്നത് സഹജീവിസ്നേഹമല്ല. അത്തരം കപട ജന്തുസ്നേഹത്തിനുപിന്നിൽ ദുഷ്ടലാക്കാണുള്ളത്.

## മനുഷ്യജീവനു വിലകൽപ്പിക്കാത്തതിനു പിന്നിൽ ആരുടെ താത്പര്യം?

എബിസി പദ്ധതി പലയിടത്തും പണം വാങ്ങി നടപ്പാക്കാനുള്ള കരാറെടുത്തിരുന്നത് മൃഗക്ഷേമ സംഘടനകൾ എന്ന ലേബലിലുള്ളവരും എൻജിഒകളുമായിരുന്നു. സമ്പൂർണ്ണ പരാജയമാണെന്ന് വ്യക്തമായിട്ടും ഇതിനുവേണ്ടി അതിശക്തമായ ലോബിയിങ് നടക്കുന്നു. വിവിധ കോടതികളിൽ പദ്ധതിക്കെതിരെയുള്ള കേസുകളിൽ എതിർവാദത്തിനായി മണിക്കൂറിന് ലക്ഷങ്ങൾ ഫീസ് വാങ്ങുന്ന അഭിഭാഷകരെത്തുന്നു. പദ്ധതിയെക്കുറിച്ച് യാതൊരു ഓഡിറ്റിങ്ങിനും തയ്യാറാകാതെ വീണ്ടും ഈ പദ്ധതിക്കായി വാദിക്കുന്നു, കോടതികൾ അനുകൂല നിലപാടെടുക്കുന്നു, സർക്കാരുകൾ നിശ്ശബ്ദരാകുന്നു. ഇതെല്ലാം കാണിക്കുന്നത്, അതിശക്തമായ മൂലധന താത്പര്യങ്ങൾകൂടി ഇതിനു പിന്നിൽ ഉണ്ടെന്നതാണ്. അല്ലാതെ നിസ്വാർത്ഥമായ ജന്തുസ്നേഹം കൊണ്ടല്ല നായ്ക്കൾക്ക് ഇത്ര പ്രത്യേക പരിഗണന. നായകൾക്കാകട്ടെ, മനുഷ്യനാകട്ടെ, വേണ്ടിവരുന്ന പ്രതിരോധ കുത്തിവെയ്പ്പുകളുടേത് ശതകോടികളുടെ മൂല്യമുള്ള കമ്പോളമാണ്. വാക്സിനുകളുടെ ഉത്പാദകരായ വമ്പൻ കോർപ്പറേറ്റുകൾ ഇത് കുത്തകയാക്കിയിരിക്കുന്നു. അവർ ഉത്പാദിപ്പിക്കുന്ന ചരക്കുകൾ അതായത്, പ്രതിരോധ കുത്തിവെയ്പ്പുകളും വന്ധ്യംകരണത്തിനുള്ള മെഡിക്കൽ ഉത്പന്നങ്ങളും, മനുഷ്യർക്കുള്ള കുത്തിവെയ്പ്പുകളുമൊക്കെ കൂടുതലായി വിറ്റഴിയേണ്ടത് അവരുടെ ഹീനമായ താത്പര്യമാണ്. ലാഭം, പരമാവധി ലാഭം – അതിനായി എന്തുവഴിയും സ്വീകരിക്കുകഎന്നത്ദുഷിച്ചമുതലാളിത്തത്തിന്റെ സഹജസ്വഭാവമാണ്. ഇന്ത്യയിലെ കുത്തഴിഞ്ഞ വ്യവസ്ഥ ഈ രംഗത്തെ കോർപ്പറേറ്റുകൾക്ക് കൊള്ളലാഭമുണ്ടാക്കാനുള്ള വാതിലുകളാണ് തുറന്നിടുന്നത്. ആ ലാഭ താത്പര്യം തന്നെയാണ് തെരുവിലെ നായകളും മനുഷ്യനും തമ്മിലുള്ള ഈ സംഘർഷം സൃഷ്ടിക്കുന്നത്.

**ആഗോള മൃഗവാക്സിൻ വ്യവസായം 12 ശതകോടി ഡോളർ മൂല്യമുള്ളതാണ്. ഇന്ത്യയിൽ ഇതിന്റെ മൂല്യം നിലവിൽ 100 കോടി ഡോളറായാണ് കണക്കാക്കുന്നത്. ലോകത്ത് മൃഗങ്ങൾക്കുള്ള വാക്സിനുകളുടെ ഏറ്റവും വലിയ ഉത്പാദകരിലും ഉപഭോക്താക്കളിലും ഒരാളാണ് ഇന്ത്യ. പ്രതിവർഷം ലക്ഷക്കണക്കിനു പേർക്ക് ഇന്ത്യയിൽ നായ്ക്കളുടെ കടിയേൽക്കുന്നു. ഇവർക്കെല്ലാം പ്രതിരോധ കുത്തിവെയ്പ്പുകൾ നൽകേണ്ടതുണ്ട്. അത് ശതകോടികളുടെ മൂല്യമുള്ള, വളരെ ലാഭസാധ്യതയുള്ള വിപണിയാണ്.**

ആഗോള മൃഗവാക്സിൻ വ്യവസായം 12 ശതകോടി ഡോളർ മൂല്യമുള്ളതാണ്. ഇന്ത്യയിൽ ഇതിന്റെ മൂല്യം നിലവിൽ 100 കോടി ഡോളറായാണ് കണക്കാക്കുന്നത്. ഇതാകട്ടെ നിലവിൽ വളർന്നു കൊണ്ടിരിക്കുകയുമാണ്. ലോകത്ത് മൃഗങ്ങൾക്കുള്ള വാക്സിനുകളുടെ ഏറ്റവും വലിയ ഉത്പാദകരിലും ഉപഭോക്താക്കളിലും ഒരാളാണ് ഇന്ത്യ. കൂടാതെ, കേന്ദ്രസർക്കാർ നിലവിൽ പ്രഖ്യാപിച്ചിരിക്കുന്ന പേവിഷബാധയ്ക്കെതിരെയുള്ള ദേശീയ ആക്ഷൻ പ്ലാൻ അനുസരിച്ച്, രാജ്യത്തെ മുഴുവൻ നായകൾക്കും – തെരുവുനായ്ക്കളും വീടുകളിൽ വളർത്തുന്നവയും അടക്കം – പേവിഷ പ്രതിരോധ വാക്സിൻ നൽകേണ്ടതുണ്ട്. പ്രതിവർഷം ലക്ഷക്കണക്കിനു പേർക്ക് ഇവിടെ നായ്ക്കളുടെ കടിയേൽക്കുന്നു. ഇവർക്കെല്ലാം പ്രതിരോധ കുത്തിവെയ്പ്പുകൾ നൽകേണ്ടതുണ്ട്. അതും ശതകോടികളുടെ മൂല്യമുള്ള, വളരെ ലാഭസാധ്യതയുള്ള വിപണിയാണ്. കോടതികളിൽ കേസു കൊടുക്കാനെത്തുന്ന കടലാസ് സംഘടനകളെയും മറ്റ് മൃഗക്ഷേമ സംഘടനകളെയും സാമ്പത്തികമായി സഹായിക്കുന്നതിൽ ഈ കമ്പോളത്തിന്റെ ശക്തികൾ ഉണ്ടാകും എന്നു ന്യായമായും നമുക്കു സംശയിക്കാം. ജനങ്ങളുടെ സുരക്ഷയ്ക്ക് പുല്ലുവില കൽപ്പിക്കുന്ന എബിസി പോലെയുള്ള യുക്തിരഹിത നിയമങ്ങൾ നടപ്പാക്കണമെങ്കിൽ അതിനുപിന്നിൽ വമ്പിച്ച സാമ്പത്തിക താത്പര്യം തന്നെയാണ് എന്നതിൽ സംശയിക്കാനില്ല. കേരളത്തിലെ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ മുൻ മേധാവി കൂടിയായിരുന്ന മുൻ ഐഎഎസ് ഉദ്യോഗസ്ഥൻ ബിജു പ്രഭാകർ കുറച്ചു വർഷങ്ങൾക്കുമുമ്പ് ഈ വിഷയത്തിൽ തന്റെ അനുഭവങ്ങളുടെ വെളിച്ചത്തിൽ ചൂണ്ടിക്കാട്ടിയത്, വന്ധ്യംകരണത്തിന്റെയും പ്രതിരോധ കുത്തിവെയ്പ്പുകളു ടെയുമൊക്കെ പിന്നിൽ 2800 കോടി രൂപയുടെ കച്ചവടമാണ് രാജ്യത്ത് ഒരു വർഷം നടക്കുന്നതെന്നാണ്. പട്ടികളെ കൊല്ലരുതെന്നും, അതിനെ പിടിച്ചാൽ തിരികെ പിടിച്ച സ്ഥലത്തുതന്നെകൊണ്ടുവന്നുതുറന്നുവിടണമെന്നും നിബന്ധന വെക്കുന്നതിനു പിന്നിൽ ഈ കോർപ്പറേറ്റ് താത്പര്യമാണെന്ന് അന്ന് അദ്ദേഹം തുറന്നുപറഞ്ഞിരുന്നു.

ദുഷിച്ച മുതലാളിത്തം പരമാവധി ലാഭമുണ്ടാക്കാൻ ഏതു വഴിയും സ്വീകരിക്കുമെന്നത് യാഥാർത്ഥ്യമാണ്. അവിടെ സഹജീവിസ്നേഹം വെറുമൊരു മറ മാത്രമാണ്. മനുഷ്യജീവനേക്കാളേറെ കുത്തക മുതലാളിത്തം വിലകൽപ്പിക്കുന്നത് അവരുടെ ലാഭത്തിനു മാത്രമാണ്. ഇത്രയും വലിയ കമ്പോളം കൂടുതൽ വികസിക്കണമെന്നല്ലാതെ, അതിനു കോട്ടംവരുന്ന ഒന്നും അവർക്ക് ചിന്തിക്കാൻ കൂടി പറ്റില്ല. കമ്പോളം വികസിക്കണമെങ്കിൽ തെരുവുനായ്ക്കൾ കുറയാൻ പാടില്ല എന്നത് വ്യക്തവുമാണ്.

## പരിഹാരമെന്താകണം?

പ്രശ്നം പരിഹരിക്കണമെങ്കിൽ അതിന് ബഹുമുഖതന്ത്രമാണ് വേണ്ടത്. ഒന്നാമതായി, എല്ലാ തദ്ദേശഭരണ പ്രദേശങ്ങളിലും തെരുവ്മൃഗങ്ങളെ പാർപ്പിക്കാൻ മതിയായ സൗകര്യങ്ങളോടെ യുദ്ധകാലാടിസ്ഥാനത്തിൽ സംവിധാനങ്ങളുണ്ടാകണം. മൃഗക്ഷേമ സംഘടനകൾക്ക് ആത്മാർത്ഥത

(ശേഷം 11–ാം പേജിൽ)

# സ്കൂളുകളിലെ സമയമാറ്റമുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ

**വി**ദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുന്നതു പ്രകാരമുള്ള 220 പ്രവൃത്തി ദിനങ്ങൾ അല്ലെങ്കിൽ 1100 അധ്യാപന മണിക്കൂറുകൾ ഉറപ്പാക്കാനെന്ന പേരിൽ ഈ അക്കാദമിക വർഷം മുതൽ സ്കൂൾ പ്രവൃത്തിദിനങ്ങളും പ്രവർത്തന സമയവും വർദ്ധിപ്പിച്ചിരിക്കുകയാണ്. കഴിഞ്ഞ രണ്ടു വർഷം മുൻപ് ഏകപക്ഷീയമായി 25 ശനിയാഴ്ചകൾ പ്രവൃത്തിദിനങ്ങളാക്കി. എന്നാൽ, വിദ്യാഭ്യാസ രംഗത്ത് ഒരു മാറ്റം കൊണ്ടുവരുമ്പോൾ സ്വീകരിക്കേണ്ട ജനാധിപത്യ രീതികൾ യാതൊന്നും പാലിക്കുകയോ സ്റ്റാറ്റ്യൂട്ടിൽ മാറ്റം വരുത്തുകയോ ചെയ്തില്ല എന്ന് കണ്ടെത്തിയതിനെ തുടർന്ന്, ഹൈക്കോടതി ഈ നടപടി സ്റ്റേ ചെയ്തിരുന്നു. അതേ തുടർന്ന് ഈ അക്കാദമിക വർഷാരംഭത്തിന് മുൻപ് എസ്‌സിഇആർടി നിയോഗിച്ച ഒരു സമിതി ഗുണഭോക്താക്കളുടെ പ്രതിനിധികളെ ചർച്ചയ്ക്ക് വിളിച്ചെങ്കിലും എതിരഭിപ്രായങ്ങൾ ഒന്നും പരിഗണിക്കാതെ, മുൻനിശ്ചയ പ്രകാരമുള്ള സമയമാറ്റം നടപ്പിലാക്കുവാൻ തീരുമാനിക്കുകയായിരുന്നു. അതുപ്രകാരം, ഹൈസ്കൂൾ ക്ലാസുകൾക്ക് അരമണിക്കൂർ വീതം പ്രവൃത്തിസമയം വർദ്ധിപ്പിക്കുകയും തുടർച്ചയായി ആറ് ദിവസം പ്രവൃത്തി ദിനമാകാത്ത വിധത്തിൽ ചില ശനിയാഴ്ചകൾകൂടി പ്രവൃത്തി ദിവസമാക്കുകയും ചെയ്തു. പഠന നിലവാരം ഉറപ്പാക്കാനാണ് ഇത്തരമൊരു നടപടി എന്നതാണ് സർക്കാർ വാദം. ശനിയാഴ്ചകൾ, സ്വാതന്ത്ര്യ ദിനം, റിപ്പബ്ലിക് ദിനം പോലെയുള്ള അവധിദിനങ്ങൾ പ്രവൃത്തി ദിനമാക്കുകയെന്നതും സ്പോർട്സ് - ആർട്സ് പോലെയുള്ള പാഠ്യേതര പ്രവർത്തനങ്ങൾ ശനിയാഴ്ച നടത്താമെന്നതുമാണ് ചർച്ചയിൽ സമിതി മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾ. എന്നാൽ, അധ്യാപക - വിദ്യാർത്ഥി സംഘടനകളുടെ ശക്തമായ എതിർപ്പിനെ തുടർന്ന് ഇവയൊന്നും തത്കാലം നടപ്പിലാക്കിയിട്ടില്ല.

പ്രവർത്തനസമയത്തിന്റെ വർദ്ധനവ് സ്കൂളിന്റെ ഭരണപരമായ പ്രവർത്തനങ്ങളെ ബാധിക്കുന്നുവെന്ന് അധ്യാപകരും അനധ്യാപകരും ചൂണ്ടിക്കാട്ടുന്നുണ്ട്. എൽപി, യുപി, ഹൈസ്കൂൾ വിഭാഗങ്ങൾ ഒറ്റ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ ഹൈസ്കൂളിന് 9.45 മുതൽ 4.15 വരെ ക്ലാസ് ഉണ്ടാകുന്നത് ബെല്ലടിക്കുന്നതും അസംബ്ലി സമയം ക്രമീകരിക്കുന്നതും സ്കൂൾ ബസിന്റെ ക്രമീകരണവും ഉൾപ്പടെയുള്ള എല്ലാ പ്രവർത്തനങ്ങളിലും സാങ്കേതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. സ്കൂൾ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാൻ ഇത് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. ഹൈസ്കൂളിന് മാത്രമാണ് ക്ലാസ് 9.45ന് ആരംഭിച്ച്, 4.15ന് അവസാനിക്കുന്നതെങ്കിലും ഫലത്തിൽ എല്ലാ ക്ലാസുകാരും ഈ പരിധിയിൽ വരേണ്ടുന്ന സാഹചര്യം സൃഷ്ടിക്കപ്പെടും. ഈ ആശങ്കകളോടൊക്കെ നിസംഗത പുലർത്തുകയാണ് സർക്കാർ.

ഇത്രത്തോളം നിർബന്ധബുദ്ധിയോടെ സ്കൂൾ പ്രവൃത്തി സമയത്തിന്റെ വർദ്ധനവ് നടപ്പിലാക്കുന്നത് എന്തിനാണ്? എറണാകുളത്തെ ഒരു സ്കൂൾ മാനേജ്മെന്റ് നൽകിയ കേസുമായി ബന്ധപ്പെട്ട കോടതി നിർദ്ദേശങ്ങളാണോ ഇതിനു മൂലകാരണം? അതോ , പഠന മികവ് വർദ്ധിപ്പിക്കുകയെന്നതാണോ? ആദ്യത്തേതാണെങ്കിൽ, അധ്യാപകരുടെ ശമ്പള വർദ്ധനവ് ഉൾപ്പടെയുള്ള കോടതി ഉത്തരവുകളിൽ മേൽ നടപടി സ്വീകരിക്കാത്ത സർക്കാരിൽനിന്നും ഈയൊരു ഒറ്റ കാരണത്താൽ മാത്രം ഇത്ര ഉത്സാഹം പ്രതീക്ഷിക്കാനാവില്ല. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനാണെങ്കിൽ, പഠനനിലവാരത്തകർച്ച പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ടതാണെന്നതാണ് യാഥാർത്ഥ്യം. ഡിപിഇപിയിൽ ആരംഭിച്ച ആഗോളവത്ക്കരണ വിദ്യാഭ്യാസ പദ്ധതികളിലൂടെ നിലവാരത്തകർച്ച സൃഷ്ടിച്ചത് മാറി മാറി ഭരിച്ച സർക്കാരുകളാണ്. അക്ഷരവും അറിവും നിഷേധിക്കുന്ന, പൊതുവിദ്യാഭ്യാസത്തെ തകർക്കുന്ന ദേശീയ വിദ്യാഭ്യാസ നയവും കേരളത്തിൽ നടപ്പിലാക്കി വരികയാണ്. അതിനാൽ പഠനം മെച്ചപ്പെടുത്തുവാനാണ് താത്പര്യപ്പെടുന്നതെങ്കിൽ, പാഠ്യപദ്ധതിയാണ് മാറ്റേണ്ടത്. എന്നാൽ ഈ വിഷയം എസ്‌സിഇആർടി വിളിച്ച ചേർത്ത ചർച്ചയിൽ, എഐഡിഎസ്ഒയുടെ പ്രതിനിധികൾ അവതരിപ്പിച്ചപ്പോൾ അത് ചർച്ച ചെയ്യേണ്ടതില്ല എന്ന നിലപാടാണ് അധികൃതർ സ്വീകരിച്ചത്.

സ്കൂൾസമയത്തിന്റെ വർദ്ധനവ് എന്നത് ഡിപിഇപിയോടൊപ്പം വന്ന ശുപാർശയാണ്. സ്കൂളുകൾ നൈപുണീ പരിശീലന കേന്ദ്രങ്ങളാകുമ്പോൾ, അതിനായി കൂടുതൽ സമയം കണ്ടെത്തേണ്ടി വരും. അതിനാൽ രാവിലെ 8 മണി മുതൽ അധ്യയനവും ഉച്ചയ്ക്ക് ശേഷം തൊഴിൽ പരിശീലനവും എന്ന ശുപാർശ 1996ൽ തന്നെ അവതരിപ്പിക്കപ്പെട്ടിരുന്നു. ഡിപിഇപി അകംപൊരുൾ എന്ന പേരിൽ എഐഡിഎസ്ഒയും കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയും പ്രസിദ്ധീകരിച്ച പുസ്തകത്തിൽ ഈ വിഷയം ചർച്ച ചെയ്യുന്നുണ്ട്. അതായത് വിദ്യാഭ്യാസ അവകാശ നിയമമല്ല ഈ സമയമാറ്റത്തിന് കാരണം. മറിച്ച്, ആഗോളവത്ക്കരണ വിദ്യാഭ്യാസ ചിന്തകൾക്ക് അനുരോധമായ മാറ്റങ്ങൾ ഇതിലുൾപ്പെടുകയാണ് ഉണ്ടായത്. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ നടപ്പിലാകലോടെ പൊതുവിദ്യാഭ്യാസ രംഗത്തേക്കുള്ള സർക്കാർ ഫണ്ടിംഗ് അവസാനിക്കും. രാജ്യമെമ്പാടും സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഈ സാമ്പത്തിക പ്രതിസന്ധി ഇന്ന് അനുഭവപ്പെടുന്നുണ്ട്. കേരളത്തിലും മറിച്ചല്ല സ്ഥിതി. സ്കൂളുകൾ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടത്തണമെന്നതാണ് എൻഇപി നിർദ്ദേശം. സ്വാഭാവികമായും സ്കൂൾ വിദ്യാഭാസ രംഗത്ത് മുതൽ മുടക്കുന്നവർക്ക് ആവശ്യമായ നൈപുണീ പരിശീലന കേന്ദ്രങ്ങളായി സ്കൂളുകൾ പ്രവർത്തിക്കേണ്ടി വരും. സ്കൂളുകൾ ബാലവേലാ കേന്ദ്രങ്ങളാകുമെന്ന് ഡിപിഇപി അകംപൊരുൾ എന്ന പുസ്തകത്തിൽ പറയുന്നുണ്ട്. ഇന്ന്, രാജ്യത്തിന്റെ പല കോണുകളിലും എൻജിഒകളുടെ, പ്രത്യേകിച്ച് സംഘപരിവാർ അനുകൂല ഏജൻസികളുടെ, വിഹാരരംഗങ്ങളായി സമാനമായ ഘടനാമാറ്റത്തിലൂടെ സ്കൂളുകൾ മാറിയിട്ടുണ്ട്.

പ്രവൃത്തി സമയത്തിന്റെ വർദ്ധനവ് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും വലിയ സമ്മർദ്ദമുണ്ടാക്കുന്നുണ്ട്. സ്കൂൾ പ്രവൃത്തി സമയം വർദ്ധിപ്പിച്ചുവെങ്കിലും അനുബന്ധമായിട്ടുണ്ടാകുന്ന ചെലവുകൾക്കായി ഒരു രൂപ പോലും വകയിരുത്തുകയോ ഒഴിവുള്ള സ്ഥിരാധ്യാപക-അനധ്യാപക തസ്തികകളിൽ നിയമനം നടത്തുകയോ ചെയ്തിട്ടില്ല. മറിച്ച് അധികമായുണ്ടാകുന്ന ജോലിഭാരവും സാമ്പത്തിക -സാങ്കേതിക ബുദ്ധിമുട്ടുകളും അധ്യാപകരുടെയും രക്ഷിതാക്കളുടെയും തലയിൽ അടിച്ചേൽപ്പിച്ചിരിക്കുകയാണ്.

മാത്രമല്ല, വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ആവശ്യമായ വിശ്രമവും ഉല്ലാസവും സാമൂഹികവും കുടുംബപരവുമായ ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നതിനാവശ്യമായ സമയവും ഉറപ്പാക്കേണ്ടതുണ്ട്. പഠനവുംഅധ്യാപനവുംപ്രവൃത്തിദിനങ്ങളിൽ മാത്രം ഒതുങ്ങുന്ന ഒന്നല്ല. ഒഴിവ് സമയങ്ങളിലേക്കുംകൂടി നീളുന്നതാണത്. മാത്രമല്ല, ട്യൂഷൻ, കോച്ചിംഗ്, പാഠ്യേതര പ്രവർത്തനങ്ങളുടെ പരിശീലനം തുടങ്ങിയവയ്ക്കുവേണ്ടി ഭൂരിപക്ഷം കുട്ടികളും നല്ലൊരു സമയം മാറ്റിവെയ്ക്കുന്നുണ്ട്. അതോടൊപ്പം കുട്ടികൾ നേരിടുന്ന കായികവും മാനസികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി, കളിക്കുന്നതും സൗഹൃദങ്ങൾ സ്ഥാപിക്കുന്നതും കുടുംബാംഗങ്ങളോടും ബന്ധുക്കളോടുമൊപ്പം സമയം ചെലവഴിക്കുന്നതും വളരെ പ്രധാനമാണ്. പ്രവൃത്തി സമയത്തിലുണ്ടാകുന്ന വർദ്ധനവ് ഇതിനെല്ലാം വിഘാതം സൃഷ്ടിക്കും. മാനസികാരോഗ്യ വിദഗ്ധർ ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ കുട്ടികൾ കൂടുതൽ സമയം പഠിച്ചാൽ ആർക്കാണ് നഷ്ടം എന്ന ഒറ്റ ചോദ്യംകൊണ്ട് ഈ പ്രശ്നങ്ങളെല്ലാം റദ്ദ് ചെയ്യുകയാണ് വിദ്യാഭ്യാസ മന്ത്രി. മാത്രമല്ല, മദ്രസ സമയവുമായി ബന്ധപ്പെട്ട് മതസംഘടനകൾ ഉന്നയിച്ച ബുദ്ധിമുട്ടുകളിൽമാത്രം ചർച്ചയൊതുക്കുവാനും അധ്യാപകരും വിദ്യാർത്ഥികളും നേരിടുന്ന യഥാർത്ഥ പ്രശ്നങ്ങളെ നിസ്സാരവത്കരിക്കുവാനുമുള്ള വ്യഗ്രതയാണ് സർക്കാർ കാണിക്കുന്നത്.

പൊതുവിദ്യാഭ്യാസരംഗത്തെ എല്ലാ നടപടിക്രമങ്ങളും ദീർഘകാലത്തെ പഠനങ്ങളിലൂടെയും ചർച്ചകളിലൂടെയും സമരങ്ങളിലൂടെയും രൂപപ്പെട്ടുവന്നതാണ്. നവോത്ഥാന വിദ്യാഭ്യാസ സങ്കൽപ്പനങ്ങൾ മുതൽ ആധുനിക മന:ശാസ്ത്രമുൾപ്പടെയുള്ളവയുടെ സംഭാവനകൾ അതിലുൾച്ചേർന്നിട്ടുണ്ട്. എന്നാൽ എന്തിനെന്നുപോലും വിവരിക്കാൻ കഴിയാത്ത മാറ്റങ്ങൾ നിർബന്ധപൂർവം അടിച്ചേൽപ്പിക്കുന്ന പ്രവണത ഇന്ന് വിദ്യാഭ്യാസരംഗത്ത് ശക്തിപ്പെട്ടുവരികയാണ്. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളും ഘടനയും നിക്ഷിപ്ത സാമ്പത്തിക-രാഷ്ട്രീയ താത്പര്യങ്ങൾക്ക് അനുഗുണമായ വിധത്തിൽ പുനഃസംഘടിപ്പിക്കപ്പെടുന്ന ഈ ഘട്ടത്തിൽ സ്കൂൾ സമയ വർദ്ധനവിനുവേണ്ടി സർക്കാർ നടത്തുന്ന ഏകപക്ഷീയമായ നീക്കങ്ങൾ ചെറുക്കപ്പെടേണ്ടത് തന്നെയാണ്. ■

## നായ്ക്കൾ തെരുവു വാഴുന്നു


*(10-ാം പേജിൽ നിന്ന്)*

യുണ്ടെങ്കിൽ, അവർ ഇത്തരം സംവിധാനങ്ങൾ സ്വന്തം നിലയിൽ സ്ഥാപിച്ചു നടത്താനാണ് മുൻഗണന നൽകേണ്ടത്. രണ്ടാമതായി, നായ്ക്കളെ പിടികൂടാനുള്ള സംവിധാനങ്ങളും, അതിന് ശാസ്ത്രീയ പരിശീലനം കിട്ടിയ ആളുകളെയും ഉപയോഗപ്പെടുത്തി, കൃത്യമായ മേൽനോട്ടത്തോടെ നായ്ക്കളെ പിടികൂടി വന്ധ്യംകരണം നടത്തികുത്തിവെയ്പ്പെടുത്ത് ഈ ഷെൽട്ടറുകളിലാക്കണം. മൂന്നാമതായി, അക്രമസ്വഭാവമുള്ളതും രോഗമുള്ളവയുമായ നായ്ക്കൾക്ക് ദയാവധം നൽകണം. വാസ്തവത്തിൽ നിലവിലെ നിയമങ്ങളിൽതന്നെ അതിനുള്ള അനുമതിയുണ്ട്. എന്നാൽ അത് പ്രയോഗിക്കാൻ തയ്യാറാകുന്നില്ലെന്നു മാത്രം. തെരുവിൽനിന്നും നായകളെ മാറ്റുക എന്നതിനു തന്നെയാണ് അടിയന്തര പ്രാധാന്യം. കൂടാതെ, സ്വകാര്യ വ്യക്തികൾക്ക് നായ്ക്കളെ വളർത്തുന്നതിന് ലൈസൻസിങ്ങും പ്രതിരോധകുത്തിവെയ്പ്പും നിർബന്ധമാക്കണം. ഇവയെ കൃത്യമായ ഇടവേളകളിൽ പരിശോധിക്കാനും ഉപേക്ഷിക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കാനും സംവിധാനമുണ്ടാകണം. ഷെൽട്ടറുകളിൽ സൂക്ഷിക്കുന്ന നായ്ക്കളെ സ്വകാര്യവ്യക്തികൾക്ക് ദത്തെടുത്തു വളർത്താൻ നൽകാവുന്നതാണ്. ഒപ്പം, മാലിന്യസംസ്കരണം സർക്കാരിന്റെ പൂർണ്ണ ഉത്തരവാദിത്തത്തിൽ കാര്യക്ഷമമാക്കണം. ഇതെല്ലാം കൃത്യമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ജനങ്ങളുടെ പ്രാദേശിക കമ്മിറ്റികളാണ് ഉണ്ടാകേണ്ടത്.

ഇതെല്ലാമാണ് ചെയ്യേണ്ടത് എന്ന് അധികൃതർക്കും അറിയാമെങ്കിലും അവർ അതിനു തയ്യാറാവില്ലയെന്നതാണ് യാഥാർത്ഥ്യം. അതിനു പിന്നിൽ മുതലാളിവർഗ്ഗ താത്പര്യമാണെന്നും അത് നിലവിലെ വ്യവസ്ഥിതിയുടെ സഹജസ്വഭാവമാണെന്നും ജനങ്ങൾ മനസ്സിലാക്കണം. ബഹുജനങ്ങളുടെ സംഘടിതശക്തിയിലൂടെ മാത്രമേ അതിനെ പരാജയപ്പെടുത്താനാകൂ. നായജന്മങ്ങളെ മനുഷ്യജീവനിലും വിലകൽപ്പിച്ച് സംരക്ഷിക്കുന്ന ലോകത്തെ ഒരേയൊരു രാജ്യമായി ഇന്ത്യ മാറുന്നത്, വാസ്തവത്തിൽ യാദൃച്ഛികമായി വന്നുഭവിച്ചതാണോ? അതോ, മനുഷ്യത്വത്തിന്റെ അങ്ങേയറ്റത്ത് നിന്നുകൊണ്ട് ജന്തുസ്നേഹത്താൽ പ്രചോദിതരായവരുടെ നന്മനിറഞ്ഞ പോരാട്ടത്തിന്റെ ഫലമോ? രണ്ടുമല്ല എന്ന് നമുക്കിന്ന് നിസ്സംശയം പറയാം. ഭരണഘടനയുടെ 21-ാം വകുപ്പ് ഉറപ്പുതരുന്ന പൗരന്റെ ജീവിച്ചിരിക്കാനുള്ള മൗലികാവകാശത്തിനു മേലെയല്ല മറ്റൊരു നിയമവും. സഹജീവിസ്നേഹം സാമൂഹ്യവിരുദ്ധ സ്വഭാവം കൈവരിക്കാനുമാവില്ല. അതുകൊണ്ടു തന്നെ, തെരുവുകളിൽനിന്നും നായ്ക്കളെ ഒഴിവാക്കി, സ്വസ്ഥമായി ജീവിക്കാനും ജോലി ചെയ്യാനും സഞ്ചരിക്കാനുമുള്ള സാധാരണക്കാരന്റെ അവകാശത്തിനായി നമ്മൾ ശബ്ദമുയർത്തേണ്ടിയിരിക്കുന്നു. ■

UNITY Malayalam Monthly

2025 August
Price: ₹ 10.00



ആഗസ്റ്റ് 5

## സഖാവ് ഫ്രെഡറിക് ഏംഗൽസ് അനുസ്മരണ ദിനം

"നിയമം എന്നത് ബൂർഷ്വാസി അവർക്കുവേണ്ടി ഒരുക്കിയെടുത്ത ഒരു മർദ്ദനോപകരണമാണെന്ന് ആവർത്തിക്കപ്പെട്ടുകൊണ്ടേയിരിക്കുന്ന അനുഭവങ്ങളിലൂടെ അദ്ധ്വാനിക്കുന്ന ജനങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്... ബൂർഷ്വാസിക്ക് ഗവണ്മെന്റിനെ ഒഴിവാക്കാൻ കഴിയില്ല എന്നതിനാലും, അത്രതന്നെ ഒഴിവാക്കാനാകാത്ത തൊഴിലാളിവർഗ്ഗത്തെ തടഞ്ഞുനിർത്തുന്നതിന് ഗവൺമെന്റ് ആവശ്യമാണ് എന്നതിനാലും, ഗവണ്മെന്റിന്റെ ശക്തിയെ തൊഴിലാളിവർഗ്ഗത്തിനെതിരെ തിരിക്കുകയും തൊഴിലാളിവർഗ്ഗത്തെ ബൂർഷ്വാസി സ്വന്തം വഴിയിൽനിന്ന് കഴിയുന്നിടത്തോളം മാറ്റിനിർത്താൻ നോക്കുകയും ചെയ്യും."

*- (ഇംഗ്ലണ്ടിലെ തൊഴിലാളിവർഗ്ഗത്തിന്റെ സ്ഥിതി)*

ആഗസ്റ്റ് 5

## സഖാവ് ശിബ്ദാസ് ഘോഷ് അനുസ്മരണ ദിനം



"ഒരു യഥാർത്ഥ മതേതര രാഷ്ട്രം മതത്തെ പൗരന്മാരുടെ സ്വകാര്യ വിശ്വാസപ്രശ്നമായി പരിഗണിക്കുകയും വ്യക്തികളുടെ മതവിശ്വാസത്തിലും മതപ്രചാരണത്തിലും പ്രോത്സാഹനത്തിന്റെ രീതിയിലോ എതിർപ്പിന്റെ രീതിയിലോ യാതൊരുവിധത്തിലും കൈകടത്താതിരിക്കുകയും ചെയ്യുന്നു. വിശ്വാസികൾക്ക് എന്നതുപോലെ അവിശ്വാസികൾക്കും ഏതൊരു വിശ്വാസവും വച്ചുപുലർത്താനും പ്രചരിപ്പിക്കാനുമുള്ള പൂർണസ്വാതന്ത്ര്യം ഉറപ്പുനൽകുന്നു. ഒരു മതേതര രാഷ്ട്രം സാമൂഹ്യ-സാംസ്കാരിക വിപ്ലവങ്ങൾ പൂർത്തീകരിച്ച് സമൂഹത്തെ ജനാധിപത്യവൽക്കരിക്കുകയും ഭരണകൂടതലത്തിലും വ്യക്തിയുടെ സാമൂഹ്യപ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളവും മതപരമായ സ്വാധീനങ്ങളും കൈകടത്തലുകളും ഇല്ലാതാക്കുകയും ചെയ്യുന്നു."

*- (വർഗ്ഗീയതാ പ്രശ്നത്തെപ്പറ്റി)*

# ദേശീയപാതയുടെ തകർച്ച: ഒന്നാംപ്രതി കേരള സർക്കാർ – ബഹുജന കൺവൻഷൻ

▸ ടോൾ പിരിവ് നിർത്തണം ▸ സമഗ്രാന്വേഷണത്തിന് വിദഗ്ധരെ നിയോഗിക്കണം




ബഹുജന കൺവൻഷൻ ഡോ.ടി.വി.സജീവ് ഉദ്ഘാടനം ചെയ്യുന്നു.

ദേശീയപാതയുടെ തകർച്ചയ്ക്ക് ഉത്തരവാദിയും ഒന്നാം പ്രതിയും കേരള സർക്കാരാണെന്ന് കോഴിക്കോട്ട് സ്പോർട്സ് കൗൺസിൽ ഹാളിൽ നടന്ന ബഹുജന കൺവൻഷൻ അഭിപ്രായപ്പെട്ടു. ദേശീയപാതയുടെ തകർച്ചയ്ക്കുള്ള കാരണങ്ങൾ പഠിക്കാൻ സമഗ്രാന്വേഷണത്തിന് വിദഗ്ധരെ നിയോഗിക്കാൻ സർക്കാർ തയ്യാറാവണമെന്നും കൺവൻഷൻ അംഗീകരിച്ച പ്രമേയം ആവശ്യപ്പെട്ടു. കെഎഫ്ആർഐ ശാസ്ത്രജ്ഞൻ ഡോ.ടി.വി.സജീവ് കൺവൻഷൻ ഉദ്ഘാടനം ചെയ്തു. പാരിസ്ഥിതികമായ പ്രത്യാഘാതങ്ങളെക്കുറിച്ച് യാതൊരു പഠനവും നടത്താതെ, എല്ലാ ചട്ടങ്ങളും മറികടന്ന് നടത്തിയ നിർമ്മാണത്തിന്റെ ദുരന്തമാണ് ദേശീയ പാതയിൽ സംഭവിക്കുന്നതെന്ന് ഡോ.സജീവ് പറഞ്ഞു.

കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ അദ്ധ്യക്ഷത വഹിച്ചു. കേരളത്തെ രണ്ടായി വിഭജിക്കുന്ന 'പുതിയ ദേശീയ പാത' ജനങ്ങൾക്ക് യാത്ര ചെയ്യാനല്ല. ടോൾ പിരിക്കാനും ഷോപ്പിംഗ് മാളുകൾ പണിഞ്ഞ് വാണിജ്യം നടത്താനും മാത്രമുള്ളതാണെന്ന് ശ്രീധർ രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു. കേരളത്തിലെ ആരോഗ്യ മേഖലയെ മരണ മുഖത്തെത്തിച്ചതിൽ കുറ്റകരമായ പങ്ക് വഹിച്ച ആരോഗ്യമന്ത്രി വീണാ ജോർജ്ജ് രാജി വെയ്ക്കണമെന്ന് കൺവെൻഷൻ പാസ്സാക്കിയ പ്രമേയം ആവശ്യപ്പെട്ടു.

എ.സജീന പ്രമേയം അവതരിപ്പിച്ചു. ജിയോളജിസ്റ്റ് പ്രൊഫ. രാധാകൃഷ്ണൻ കിണറ്റിൻകര, ഹാഷിം ചേന്ദാമ്പിള്ളി(ദേശീയ പാത സംരക്ഷണ സമിതി), ഡോ. ആസാദ്, എൻ.സുബ്രഹ്മണ്യൻ, എൻ.വി.ബാലകൃഷ്ണൻ, നോബിൾ പൈകട (കീഴാറ്റൂർ സമരസമിതി), പി.കെ.പ്രദീപ് മേനോൻ(ദേശീയ പാത ആക്ഷൻ കൗൺസിൽ), എസ്.രാജീവൻ(കെ റെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി സംസ്ഥാന ജനറൽ കൺവീനർ), എ.ടി.മഹേഷ്(ദേശീയ പാത കർമ്മ സമിതി), കുഞ്ഞഹമ്മദ് കൂരിയാട്, ടി.വി.രാജൻ(ഗ്രീൻ മൂവ്മെന്റ്), ഹരി കൂരിയാട്, മുഹമ്മദ് സലിം എന്നിവർ പ്രസംഗിച്ചു. പി.കെ.തോമസ്(ജില്ലാ കൺവീനർ, ജനകീയ പ്രതിരോധ സമിതി) സ്വാഗതവും ഡോ.എം.ജ്യോതിരാജ് നന്ദിയും പറഞ്ഞു. ■




സെക്രട്ടേറിയറ്റിനുമുന്നിൽ നടന്ന ഉപവാസസമരം ശ്രീധർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

# സിൽവർ ലൈൻ പദ്ധതിക്കെതിരെ സെക്രട്ടേറിയറ്റിന് മുന്നിൽ ഏകദിന ഉപവാസം നടത്തി

വിനാശകരമായ സിൽവർ ലൈൻ പദ്ധതി നടപ്പാക്കരുത് എന്നാവശ്യപ്പെട്ടുകൊണ്ട് കെ റെയിൽ സിൽവർ ലൈൻ വിരുദ്ധ ജനകീയ സമിതി സെക്രട്ടേറിയറ്റിനു മുന്നിൽ ഉപവാസസമരം നടത്തി. പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ ശ്രീധർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

കെ റെയിൽ സിൽവർ ലൈൻ വിരുദ്ധ ജനകീയ സമിതി സംസ്ഥാന ചെയർമാൻ എം.പി ബാബുരാജ് അധ്യക്ഷത വഹിച്ചു. മുൻ എംഎൽ എ ജോസഫ് എം.പുതുശ്ശേരി, മുൻമന്ത്രി ഷിബു ബേബി ജോൺ, സംസ്ഥാന രക്ഷാധികാരി ശൈവപ്രസാദ്, സി.ആർ.നീലകണ്ഠൻ, വി.ജെ.ലാലി, സംസ്ഥാന ജനറൽ കൺവീനർ എസ്.രാജീവൻ, ചന്ദ്രാംഗദൻ മാടായി, ടി.സി. രാമചന്ദ്രൻ, ശിവദാസ് മഠത്തിൽ, വിനു കുര്യാക്കോസ്, ബാബു കുട്ടൻചിറ, മുരുകേഷ് നടക്കൽ, ഫിലിപ്പ് വർഗ്ഗീസ്, എ.ജയിംസ്, ജയമണി എസ്., പി.വി.ജോസ്, മിനി കെ.ഫിലിപ്പ്, എ.ഒ.പൗലോ, ഇ. നസീർ, അഡ്വ.ബി.കെ.രാജഗോപാൽ, എസ്.ബുർഹാൻ, ഷുജാഹുദീൻ, എ.ഷൈജു എന്നിവർ പ്രസംഗിച്ചു. ■

## വിലക്കയറ്റത്തിനെതിരെ പ്രതിഷേധവുമായി എഐഎംഎസ്എസ്

വിലക്കയറ്റത്തിനെതിരെ എഐഎംഎസ്എസ് പ്രതിഷേധ ദിനം ആചരിച്ചു. അതിരൂക്ഷമായ വിലക്കയറ്റം തടയുവാൻ സത്വര നടപടികൾ സ്വീകരിക്കുക, അവശ്യനിത്യോപയോഗ സാധനങ്ങൾ പൊതുവിതരണ സംവിധാനത്തിലൂടെ വിലകുറച്ച് ജനങ്ങൾക്ക് ലഭ്യമാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉയർത്തി അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടനയുടെ നേതൃത്വത്തിൽ ജൂലൈ 31 പ്രതിഷേധ ദിനമായി ആചരിച്ചുകൊണ്ട് സംസ്ഥാനമെമ്പാടും പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചു. ■










വിലക്കയറ്റത്തിനെതിരെ കോട്ടയം സപ്ലൈകോ ഓഫിസിലേയ്ക്കുനടന്ന മാർച്ച് എഐഎംഎസ്എസ് സംസ്ഥാനവൈസ് പ്രസിഡന്റ് എം.എ. ബിന്ദു ഉദ്ഘാടനം ചെയ്യുന്നു. | കോഴിക്കോട് നടന്ന ധർണ്ണ മുതിർന്ന സാമൂഹ്യപ്രവർത്തക വി.പി.സുഹ്റ ഉദ്ഘാടനം ചെയ്യുന്നു. | ആലപ്പുഴ കളക്ട്രേറ്റ് ധർണ്ണ സംസ്ഥാന പ്രസിഡന്റ് സൗഭാഗ്യകുമാരി ഉദ്ഘാടനം ചെയ്യുന്നു.










അങ്കമാലിയിൽ നടന്ന പ്രതിഷേധ ധർണ്ണ കെ.കെ.ശോഭ ഉദ്ഘാടനം ചെയ്യുന്നു. | പുനലൂരിൽ നടന്ന ധർണ്ണ ട്വിങ്കിൾ പ്രഭാകരൻ ഉദ്ഘാടനം ചെയ്യുന്നു. | കണ്ണൂരിൽ നടന്ന ധർണ്ണ എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി കെ.എം.ബീവി ഉദ്ഘാടനം ചെയ്യുന്നു.

Volume: 52 No:4 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: Jaison Joseph.